


# ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

ഫാദർ ജേക്കബ് ഞായല്ലൂർ

malankaralibrary.com

# ആർച്ചുബിഷപ്പ്
# മാർഗ്രിഗോറിയോസ്

ഗ്രന്ഥകർത്താ
ഫാദർ ജേക്കബ് ഞായല്ലൂർ

malankaralibrary.com

MALANKARA
LIBRARY
malankaralibrary.com

*Title:* **ARCHBISHOP BENEDICT MAR GREGORIOS**

*Printed and Published by*
**Rev. Dr. Joseph Gnayalloor**
Archbishop's House, Pattom
Thiruvananthapuram

Revised Edition : 1995

Copies 1000

Price Rs. 28.00

*Printed at*
Saseendra Offset Printers, Thiruvananthapuram - 695 001

*Copy rights reserved with the Publisher*

malankaralibrary.com

# അവതാരിക

അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഒരു ജീവചരിത്രം ഇന്നിന്റെ ആവശ്യം മാത്രമല്ലാ, പ്രത്യുത ഭാവിയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമായി അതു പരിണമിക്കും.

ഇന്നു കേരളത്തിലും ഭാരതത്തിലും വന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയെ ഏവരും അറിയും; അദ്ദേഹത്തെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്ന പരസഹസ്രം ജനങ്ങൾ ഇന്നും ജീവിച്ചിരിക്കുന്നു. അവരുടെ ഓർമയിലും ഹൃദയത്തിലും വന്ദ്യ ഗ്രിഗോറിയോസ് പിതാവിന്റെ സ്മരണ പച്ചപിടിച്ചു നില്ക്കുന്നു; അതേസമയം നാളത്തെ തലമുറയ്ക്ക് വന്ദ്യ പിതാവിനെ അറിയണമെങ്കിൽ അദ്ദേഹത്തിന്റെ ലേഖനങ്ങളും അദ്ദേഹത്തെക്കുറിച്ചുള്ള പുസ്തകങ്ങളുമാണ് അതിനു സഹായകമാവുക.

വന്ദ്യ ഗ്രിഗോറിയോസ് പിതാവ് രൂപകല്പന ചെയ്ത സ്ഥാപനങ്ങളുണ്ട്, അദ്ദേഹം നേതൃത്വം നൽകിയ പ്രസ്ഥാനങ്ങളുണ്ട്. പക്ഷേ, ഒരു ജീവചരിത്ര ഗ്രന്ഥത്തിനു മാത്രമേ ഒരു വ്യക്തിയെ അനുവാചകരുടെ മുമ്പിൽ വ്യക്തമായി ചിത്രീകരിക്കാൻ കഴിയൂ.

മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ജീവചരിത്രം വളരെ സംക്ഷിപ്തമായിട്ടാണെങ്കിലും ഹൃദ്യമായ രീതിയിൽ ബഹു. ജേക്കബ് ഞായല്ലുരച്ചൻ എഴുതിയിരിക്കുന്നു. 1969-ൽ വന്ദ്യപിതാവിന്റെ പൗരോഹിത്യജൂബിലി ആഘോഷിച്ച വേളയിൽ, അദ്ദേഹത്തിന്റെ ലഘുജീവചരിത്രം ബഹു. ജേക്കബ് ഞായല്ലുരച്ചൻ പ്രസിദ്ധീകരിച്ചിരുന്നു. അതിന്റെ പരിഷ്കരിച്ച പതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. അതിനോടു ചേർത്തു മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ വിവിധ പ്രവർത്തനമണ്ഡലങ്ങളെ പരാമർശിച്ചിട്ടുള്ള അദ്ധ്യായവും അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തെക്കുറിച്ചുള്ള ഒന്നുരണ്ടു അദ്ധ്യായങ്ങളും ഈ ഗ്രന്ഥത്തിൽ കൂട്ടിച്ചേർത്തിട്ടുണ്ട്.

പ്രതിഭാധനനും സ്നേഹനിധിയുമായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ കുടുംബചരിത്രം, ജീവിതയാത്രയിൽ അദ്ദേഹം നേരിട്ടിട്ടുള്ള വെല്ലുവിളികൾ, അതിനപ്പുറമായി ലഭിച്ച ദൈവവിളി,

malankaralibrary.com

അതിന്റെ ഫലവത്തായ പരിസമാപ്തി ഇവയെക്കുറിച്ചെല്ലാം സമ്യക്കായി ലളിതവും വശ്യവുമായ ഭാഷയിൽ ബഹു. ജേക്കബ് ഞായല്ലൂരച്ചൻ പ്രതിപാദിച്ചിട്ടുണ്ട്. ഏതു വെല്ലുവിളിയേയും ദൈവതിരുമനസിനോടുള്ള വിധേയത്വത്തിൽ, അതിസമർത്ഥമായി തരണം ചെയ്യുന്നതിനുള്ള മേധാശക്തിയും അർപ്പണബോധവും വന്ദ്യ ഗ്രിഗോറിയോസ് പിതാവിനുണ്ടായിരുന്നുവെന്ന് മനസിലാക്കുവാൻ വലിയ പ്രയാസമുണ്ടാകുകയില്ല.

കേരളസഭയിലെ പ്രഭാപൂർണ്ണമായ ജ്യോതിസ്സായി പ്രശോഭിച്ചിരുന്ന അദ്ദേഹം, ഭാരതീയ സഭയിലും സാർവത്രികസഭയിലും തന്റെ ജീവിത വിശുദ്ധിയും ധിക്ഷണാശക്തിയുംകൊണ്ട് അത്യുജ്ജ്വല ജ്യോതിസ്സായി വിളങ്ങിയെന്നുള്ളതിനു രണ്ടുപക്ഷമില്ല. പൊതുസമൂഹത്തിലും സമാദരണീയനായ ഒരു വ്യക്തിയായി അദ്ദേഹം വിരാജിച്ചു, സ്വാധീനം ചെലുത്തി. മതസൗഹാർദത്തിനും എക്യുമെനിക്കൽ പ്രസ്ഥാനത്തിനും അദ്ദേഹം നൽകിയ സംഭാവന നിസീമമാണ്. നീണ്ട എഴുപത്തെട്ടു വർഷത്തിനിടയിലെ തനിമയും വൈവിധ്യവുമാർന്ന സംഭവങ്ങളെ കോർത്തിണക്കി, മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഹൃദ്യമായ ഒരു ജീവചരിത്രഗ്രന്ഥം നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നതിന് യത്നിച്ച ബഹു. ജേക്കബ് ഞായല്ലൂരച്ചനെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ. മാർ ഗ്രിഗോറിയോസ് തിരുമേനി പരിപോഷിപ്പിച്ച മൂല്യങ്ങൾ നമ്മുടെ സഭയിലും സമൂഹത്തിലും ആഴമായി വേരൂന്നട്ടെ. പ്രസ്തുത ജീവചരിത്രത്തിന് പ്രചുരപ്രചാരം നേരുന്നു.

എന്ന്

ബിഷപ്പ് ലോറൻസ് മാർ അപ്രേം,
അഡ്മിനിസ്ട്രേറ്റർ,
തിരുവനന്തപുരം അതിരൂപത.

തിരുവനന്തപുരം
3.10.1995

malankaralibrary.com

# ആമുഖം

അഭിവന്ദ്യ ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനി തന്റെ പൗരോഹിത്യ രജതജൂബിലി ആഘോഷിച്ച വേളയിൽ ആർച്ച് ബിഷപ്പ് മാർ ഗ്രിഗോറിയോസ് എന്ന പേരിൽ തിരുമേനിയുടെ അതുവരെയുള്ള ജീവിതചരിത്രം പ്രസിദ്ധപ്പെടുത്തുവാൻ എനിക്കു ഭാഗ്യമുണ്ടായി. തിരുമേനി തന്റെ പൗരോഹിത്യപദപ്രാപ്തിയുടെ കനകജൂബിലിയും സമുചിതമായി ആഘോഷിച്ചു.

തിരുമേനിയുടെ ഒരു സമ്പൂർണ ജീവിതചരിത്രം ഇതേവരെ പ്രകാശിതമായിട്ടില്ല. നാലുപാടും വിശുദ്ധിയുടെയും സൗമത്യയുടെയും മനുഷ്യസ്നേഹത്തിന്റെയും സർവോപരി ദൈവസ്നേഹത്തിന്റെയും പ്രകാശം പരത്തിയിരുന്ന തിരുമേനിയുടെ ഒരു സമ്പൂർണ ജീവചരിത്രം ഭാവിയിൽ പ്രകാശിതമാകട്ടെ.

ഈ ലഘുഗ്രന്ഥം അങ്ങനെയുള്ള ഒരു ഗ്രന്ഥമല്ല. കിട്ടിയ സമയ പരിധിക്കുള്ളിൽ ഇങ്ങനെയൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയാണ്. നാല്പതിൽ കൂടുതൽ വർഷങ്ങൾ തിരുമേനിയുടെ സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാനിടയായ ഒരു വൈദികന്റെ സ്നോഹോപഹാരം മാത്രമാണ് ഈ ഗ്രന്ഥം.

ഈ ലഘുഗ്രന്ഥമെഴുതാൻ നിർദേശം നൽകിയ ലോറൻസ് മാർ അപ്രേം തിരുമേനിയോടുള്ള നന്ദിപൂർവകമായ എന്റെ കടപ്പാട് വലുതാണ്. ഇതിന് പ്രോത്സാഹനം നൽകിയ ഫാദർ ജോസഫ് ഞായല്ലൂരിനോടുള്ള എന്റെ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. ഇതു ഭംഗിയായി മുദ്രണം ചെയ്തു തന്ന ശശീന്ദ്ര പ്രസ്സ് ഭാരവാഹികളോടും ഞാൻ കടപ്പെട്ടവനാണ്.

അനുവാചകരിൽ ഒരാൾക്കെങ്കിലും ദൈവസ്നേഹത്തിൽ അല്പമെങ്കിലും വർദ്ധനയുണ്ടാകാൻ ഈ ലഘുപുസ്തകം കാരണമാകുമെങ്കിൽ ഞാൻ കൃതാർത്ഥനായി.

**ഗ്രന്ഥകർത്താ**



malankaralibrary.com

# പശ്ചാത്തലം

മദ്ധ്യ തിരുവിതാംകൂറിന്റെ തൊടുകുറിയെന്നോണം വിരാജിക്കുന്ന കല്ലൂപ്പാറ പ്രകൃതി സൗന്ദര്യത്തിന്റെ പ്രദർശനരംഗമാണ്. ഹരിതാഭകലർന്ന വയലേലകൾ, മന്ദസമീരണൻ നൃത്തം ചെയ്യുന്ന കമുകിൻതോപ്പുകൾ, കനകകുംഭങ്ങൾ ശിരസ്സിലേറ്റി തലയുയർത്തി നിൽക്കുന്ന തെങ്ങിൻതോപ്പുകൾ, ഭൂമിക്കു പച്ചപ്പട്ടു നൽകുന്ന കൃഷിസ്ഥലങ്ങൾ - ഇവയെല്ലാം അധ്വാനത്തിൽ അഭിമാനം കൊള്ളുന്ന ഒരു ജനതയുടെ പ്രയത്നശീലത്തെ വിളംബരം ചെയ്യുന്നു. കല്ലൂപ്പാറയുടെ പാർശ്വഭാഗത്തുകൂടി ശാന്തഗംഭീരമായി ഒഴുകുന്ന മണിമലയാറിന് ആ നാടിന്റെ ശതാബ്ദങ്ങളൂടെയുള്ള ചരിത്രപുരോഗതിയുടെ ഒട്ടനവധി കഥകൾ പറയാനുണ്ടാവും.

തിരുവല്ലാ - കോഴഞ്ചേരി റോഡിൽ കൂടി പോയാൽ നാലു മൈൽ കഴിഞ്ഞ് കവിയൂർ - മല്ലപ്പള്ളി റോഡ്. പ്രസ്തുത റോഡിൽ കൂടി രണ്ടു മൈൽ യാത്ര ചെയ്താൽ കല്ലൂപ്പാറയിലെത്താം.

ഇടപ്പള്ളി സ്വരൂപത്തിന്റെ വകയായിരുന്ന കല്ലൂപ്പാറയിൽ ഹിന്ദുക്കളും ക്രിസ്ത്യാനികളും സഹോദരങ്ങളെപ്പോലെ ഒത്തൊരുമയോടെ ജീവിക്കുന്നു. സമുദായ സൗഹാർദം അവർ അഭംഗുരം പാലിക്കുന്നു. എല്ലാ സ്ഥലങ്ങളിലുമുള്ളവർ കല്ലൂപ്പാറയിലുമുണ്ട്. എത്ര തന്നെ ക്ലേശങ്ങൾ സഹിച്ചാലും മക്കൾക്കു വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ ആളുകൾ ദത്തശ്രദ്ധരായതിനാൽ കല്ലൂപ്പാറയും പരിസരപ്രദേശങ്ങളും അഭ്യസ്തവിദ്യരുടെ കാര്യത്തിൽ മധ്യതിരുവിതാംകൂറിൽ മുന്നിട്ടു നിൽക്കുന്നു. ധാർമികബോധവും മതതീക്ഷ്ണതയുമുള്ളവരാണു ഭൂരിഭാഗവും. കല്ലൂപ്പാറയുടെ പ്രധാനഭാഗത്തുനിന്നും ഒരു മൈൽ വടക്ക് കടമാൻകുളം എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൊച്ചുഗ്രാമമുണ്ട്. ആ ഗ്രാമത്തിന്റെ കൈകൾ സ്വർഗത്തിലേക്കു കൂപ്പി നിൽക്കുകയാണ് എന്നു പ്രേക്ഷകരിൽ പ്രതീതി ജനിപ്പിക്കുമാറ് ഒരു കൊച്ചുകുന്നിൽ കടമാൻകുളം കത്തോലിക്കാപള്ളി സ്ഥിതി ചെയ്യുന്നു. പ്രസ്തുത പള്ളിയിൽ നിന്നും രണ്ടു ഫർലോംഗ് അകലെ കുന്നിന്റെ പടിഞ്ഞാറെ ചെരുവിലായി പുഞ്ചനിലങ്ങളുടെ അടുത്ത് ഒരു സാധാരണ ഭവനം കാണാം. 'തങ്ങളത്തിൽ' എന്ന വീട്ടുപേരുള്ള ജനിച്ച ഒരുകുഞ്ഞ് ഇന്നു ലോകമാകെ പ്രശസ്തി പരത്തിയിട്ടുണ്ട്. ആ കുഞ്ഞിന്റെ ലഘുജീവിതചരിത്രമാണ് ഈ ലഘുഗ്രന്ഥത്തിലെ പ്രമേയം.



malankaralibrary.com

# ഉള്ളടക്കം


| | പേജുകൾ |
|---|---|
| അവതാരിക | 3 - 4 |
| ആമുഖം | 5 |
| പശ്ചാത്തലം | 6 |
| *അദ്ധ്യായം ഒന്ന്* | |
| കുടുംബചരിത്രം | 7 |
| *അദ്ധ്യായം രണ്ട്* | |
| ബാല്യവും വിദ്യാഭ്യാസവും | 11 |
| *അദ്ധ്യായം മൂന്ന്* | |
| ബഥനിയുമായുള്ള സമ്പർക്ക സാമീപ്യങ്ങൾ | 14 |
| *അദ്ധ്യായം നാല്* | |
| പ്രതിബന്ധങ്ങൾ | 19 |
| *അദ്ധ്യായം അഞ്ച്* | |
| പ്രതീക്ഷകൾ പൂവണിയുന്നു | 26 |
| *അദ്ധ്യായം ആറ്* | |
| കാൻഡി സെമിനാരിയിൽ | 29 |
| *അദ്ധ്യായം ഏഴ്* | |
| ക്രിസ്തുനാഥന്റെ പുരോഹിതൻ | 34 |
| *അദ്ധ്യായം എട്ട്* | |
| കോളജ് പ്രിൻസിപ്പൽ | 38 |
| *അദ്ധ്യായം ഒൻപത്* | |
| മംഗളവാർത്ത | 42 |
| *അദ്ധ്യായം പത്ത്* | |
| മെത്രാൻ പട്ടാഭിഷേകം | 46 |
| *അദ്ധ്യായം പതിനൊന്ന്* | |
| ഭരണച്ചുമതലയിലേക്ക് | 51 |
| *അദ്ധ്യായം പന്ത്രണ്ട്* | |
| മെത്രാപ്പോലീത്താസ്ഥാനവും വിദേശപര്യടനവും | 55 |
| *അദ്ധ്യായം പതിമൂന്ന്* | |
| പലകാര്യങ്ങൾ | 58 |
| സഹനത്തിന്റെ ദിനങ്ങൾ | 63 |
| അന്ത്യയാത്രയുടെ ചിത്രങ്ങൾ | 68 |
| മൂന്നാം ദിവസത്തിന്റെ പ്രഭാതം | 78 |


malankaralibrary.com

## അദ്ധ്യായം ഒന്ന്

# കുടുംബചരിത്രം

മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്നായിരുന്നല്ലോ നിലയ്ക്കൽ (ചായൽ) പള്ളി. ശബരി ഗിരിയിൽ നിന്നു നിലയ്ക്കലേക്കു അധികദൂരമില്ല. ഇന്നു കൊടുംകാടായി കിടക്കുന്ന ആ പ്രദേശങ്ങൾ ഒരു കാലത്ത് സംസ്കാരസമ്പന്നരായ ജനങ്ങൾ അധിവസിച്ചിരുന്ന സ്ഥലങ്ങളാണെന്നതിനു ധാരാളം തെളിവുകളുണ്ട്. പുരാതനമായ നിലയ്ക്കൽ പള്ളിയുടെ സ്ഥാനം കണ്ടെത്തിയിട്ടുള്ളതായി ചിലർ അവകാശപ്പെടുന്നുണ്ട്. നിലക്കലും പരിസരങ്ങളിലും ധാരാളം നമ്പൂതിരി ഇല്ലങ്ങൾ ക്രിസ്താബ്ദം ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നതായി ചരിത്രരേഖകളുണ്ട്. ആ ഇല്ലങ്ങളിൽ ആഭിജാത്യം കൊണ്ടും സാമ്പത്തികമേന്മ കൊണ്ടും പ്രമുഖമായിരുന്നതു കാളിമാൻകോട് എന്ന പേരിലറിയപ്പെട്ടിരുന്ന ഒരു ഭവനമായിരുന്നു. മാർത്തോമ്മാശ്ലീഹായുടെ ദിവ്യശക്തിയിൽ ആകൃഷ്ടരായി അനേകം നമ്പൂതിരി ഇല്ലങ്ങൾ ക്രിസ്തുമതം സ്വീകരിച്ചു. അവരിൽ കാളിമാൻകോട് ഇല്ലക്കാരും ഉണ്ടായിരുന്നു. നിലയ്ക്കൽപള്ളി പ്രസ്തുത ഇല്ലത്തിന്റെ സമീപമാണു നിർമിതമായത്. അതിന്റെ നിർമാണച്ചുമതല കാളിമാൻകോട് ഇല്ലത്തിനായിരുന്നു. പള്ളിയുടെ പുരോഭാഗത്തു സ്ഥിതി ചെയ്തിരുന്ന ഇല്ലമായിരുന്നതിനാൽ പള്ളിവാതുക്കൽ എന്ന് അവർ ആ ഇല്ലത്തിനു പേരിട്ടു. കാളിമാൻകോട് എന്ന പേരു ഹിന്ദുമതവുമായുള്ള ബന്ധം സൂചിപ്പിക്കുന്നതാണെന്നും അവർ കരുതിയിരിക്കാം. വൈദിക ശുശ്രൂഷയ്ക്കായി ഈ കുടുംബത്തിൽ നിന്ന് ചിലരെ തെരഞ്ഞെടുത്തു പരിശീലനവും കൈവയ്പും (പട്ടവും) മാർത്തോമാ ശ്ലീഹാ നൽകിയാതായാണു പാരമ്പര്യം.

നിലയ്ക്കൽ നിന്നും പ്രാണഭയത്താൽ തദ്ദേശവാസികൾ ജീവരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്ന ഒരു സംഭവം ഉണ്ടായി. അത്



malankaralibrary.com

എന്താണെന്നതു അഭിപ്രായവ്യത്യാസമുള്ള കാര്യമാണ്. ഏതോ ദുർഭ ഗമായ സാംക്രമികരോഗം, പാണ്ടിപ്പറയന്മാരുടെ ആക്രമണം, വെട്ടുക്കിളികളുടെ ആക്രമണം എന്നിങ്ങനെ മൂന്നഭിപ്രായങ്ങൾ നിലവിലുണ്ട്. എന്നാണ് ഇതു സംഭവിച്ചതെന്നു സുനിശ്ചിതമായി രേഖപ്പെടുത്തുകയും സാധ്യമല്ല.

ഇങ്ങനെ പലായനം ചെയ്തവരിൽ പള്ളിവാതുക്കൾ കുടുംബാംഗങ്ങളിൽ ചിലരും ഉണ്ടായിരുന്നു. പള്ളിവക ഉപകരണങ്ങളും അനായാസം കൊണ്ടുപാകാവുന്ന ജംഗമസ്വത്തുക്കളുമായി കാഞ്ഞിരപ്പള്ളിയിലെത്തി. എല്ലാവരും കുറച്ചുദിവസങ്ങൾ അവിടെ തങ്ങി. അവരിലൊരാൾ അവിടെത്തന്നെ പാർക്കാൻ തീരുമാനിച്ചു. ആ വ്യക്തി താമസിച്ച വീടിനും പള്ളിവാതുക്കൽ എന്ന പേരു വീണു. ബാക്കിയുള്ളവർ തെക്കോട്ടു യാത്രയായി. മണ്ണടി രാജാവിന്റെ ഭരണസീമയിലായിരുന്ന കടമ്പനാട് എത്തി. അവർ രാജാവിനെ ചെന്നുകണ്ടു കാഴ്ച സമർപിക്കുകയും അഭയം അഭ്യർത്ഥിക്കുകയും ചെയ്തു. രാജാവ് അവർക്കു കരമൊഴിവായി പുരയിടങ്ങളും നിലങ്ങളും നല്കി. പൂർവ കുടുംബപ്പേരായ പള്ളിവാതുക്കൽ എന്നപേര് അവരും സ്വീകരിച്ചു. ഒരു പള്ളിവയ്ക്കുവാനുള്ള അനുവാദം അവർ രാജാവിൽനിന്നു നേടി. കടമ്പനാടു പള്ളി അവർ പണിതു.

ഏകദേശം 670 സംവത്സരങ്ങൾക്കു മുമ്പ് കടമ്പനാട് പള്ളിവാതുക്കൽ കുടുംബത്തിന്റെ ഉപശാഖയായ തെക്കേ വീട്ടിൽനിന്നു വർക്കി, നൈനാൻ എന്നീ സഹോദരന്മാർ പുത്തൻ താമസസ്ഥലങ്ങൾ തേടി വടക്കോട്ടു യാത്രയായി. ജ്യേഷ്ഠൻ വർക്കി കല്ലൂപ്പാറയിലും അനുജൻ പുത്തൻകാവിലും എത്തി. വർക്കി ഇടപ്പള്ളി രാജാവിനെ സന്ദർശിച്ച് തനിക്കു താമസിക്കുവാൻ സ്ഥലം അഭ്യർത്ഥിച്ചു. ഇടപ്പള്ളിത്തമ്പുരാൻ വർക്കിക്ക് മുണ്ടുപാലത്തിങ്കൽ പുരയിടം നല്കി. വർക്കിയുടെ സന്താനപരമ്പരകൾ ഇപ്പോൾ കല്ലൂപ്പാറ, ആഞ്ഞിലിത്താനം, കോട്ടൂർ, കവുങ്ങുംപ്രയാർ, ചെങ്ങന്നൂർ, കുന്നന്താനം, തിരുവാർപ്പ്, കോന്നി, കങ്ങഴ മുതലായ സ്ഥലങ്ങളിൽ താമസിച്ചുവരുന്നു.

മുണ്ടുപാലത്തിങ്കൽ കുടുംബത്തിന്റെ ഒരു ഉപശാഖയാണു തങ്ങളത്തിൽ കുടുംബം. ആ കുടുംബത്തിലെ വർഗീസ് ദൈവഭക്തനും സ്വഭാവഗുണത്തിനു നാട്ടുകാരാൽ ബഹുമാനിക്കപ്പെട്ടിരുന്ന ഒരു വ്യക്തിയുമായിരുന്നു. അദ്ദേഹത്തിനു രണ്ടാൺമക്കളും രണ്ടുപെൺമക്കളും ജാതരായി. ആൺമക്കളിൽ മൂത്തയാളാണു ഇടിക്കുള. കുട്ടി



malankaralibrary.com

എന്ന ഓമനപ്പേരിലാണു മാതാപിതാക്കൾ അദ്ദേഹത്തെ വിളിച്ചിരുന്നത്. രണ്ടാമത്തെ മകൻ ചെറിയാനാണ്. ഇടിക്കുളയ്ക്കു കേവലം നാലുവയസ്സുമാത്രം പ്രായമുണ്ടായിരുന്നപ്പോൾ കുടുംബനാഥനായിരുന്ന വർഗീസ് ചരമമടഞ്ഞു. വർഗീസിന്റെ ചരമം ആ കുടുംബത്തിനു തീക്ഷ്ണമായ ഒരു അശനിപാതമായി. വർഗീസിന്റെ ധർമപത്നിയായിരുന്ന മറിയാമ്മ അന്നു ഗർഭവതിയായിരുന്നു. സാമ്പത്തികമായ വലിയ ഒരു ഉലച്ചിൽ ആ കുടുംബത്തിനു അനുഭവപ്പെട്ടു. എങ്കിലും ദൈവപരിപാലനയിലാശ്രയിച്ചുകൊണ്ട് ആ സാധ്വി വസ്തുവകകളിലെ തുച്ഛമായ ആദായം കൊണ്ട് ആ കുഞ്ഞുങ്ങളെ വളർത്തി. സാമ്പത്തികഭാരം നിമിത്തം ആ കുഞ്ഞുങ്ങളെ ആഗ്രഹാനുസരണം വിദ്യാഭ്യാസം ചെയ്യിപ്പിക്കുവാൻ അവർക്കു സാധിച്ചില്ല. ഇടിക്കുള പ്രായമായതോടുകൂടി മൂത്തപുത്രനെന്ന നിലയ്ക്കു കുടുംബസംരക്ഷണഭാരം അദ്ദേഹത്തിന്റെ തോളിലായി. സഹോദരിമാരുടെ വിവാഹം, അനുജന്റെ വിദ്യാഭ്യാസം, അമ്മയുടെ സംരക്ഷണം - ഇവയെല്ലാം വളരെ ക്ലേശങ്ങൾ സഹിച്ച് അദ്ദേഹം നിറവേറ്റി. കഴിവിലധികം കടബാധ്യത അദ്ദേഹത്തിനുണ്ടായി. ചെറുപ്പത്തിൽ തന്നെ ഇടിക്കുള കൃഷിയിലും ചെറുതോതിലുള്ള കച്ചവടത്തിലും ഏർപ്പെട്ടിരുന്നു.

ഇടിക്കുള 1084 കുംഭം മൂന്നാം തീയതി ഞായറാഴ്ച കവിയൂർ ചിറത്തലയ്ക്കൽ ഫീലിപ്പോസിന്റെയും ഏലിയാമ്മയുടെയും പുത്രിയായ അന്നമ്മയെ കല്ലൂപ്പാറ യാക്കോബായ പള്ളിയിൽ വച്ച് വിവാഹം ചെയ്തു കുറവിലങ്ങാട്ടു നിന്നു കവിയൂർ വന്നു താമസിച്ച ചിറത്തലയ്ക്കൽ കുടുംബം പ്രശസ്തവും അതിപുരാതനവുമായ ഒരു കുടുംബമാണ്. കാലംചെയ്ത കാതോലിക്കാബാവ ബസേലിയോസ് തൃതീയനുമായി ഏറ്റം അടുത്ത ബന്ധമുള്ളയാളായിരുന്നു ചിറത്തലയ്ക്കൽ ഫീലിപ്പോസ്.

ഇടിക്കുളയ്ക്കും അന്നമ്മയ്ക്കും സീമന്തസന്താനമായി ഒരു ആൺകുഞ്ഞ് പിറന്നു. മൂന്നു ദിവസത്തിനുശേഷം ആ കുഞ്ഞ് ചരമം പ്രാപിച്ചു. ഇനിയും ജനിക്കുന്ന കുഞ്ഞിനെ പരുമലപള്ളിയിൽ 'അടിമ' വെയ്ക്കാമെന്നു ദമ്പതികൾ നേർന്നു. 1916 ഫെബ്രുവരി ഒന്നാം തീയതി അവർക്കു ഒരു ആൺകുഞ്ഞ് പിറന്നു. ആ കുഞ്ഞാണ് മാർഗ്രിഗോറിയോസ് തിരുമേനി.

കുഞ്ഞു ജനിച്ച് 28-ാം ദിവസം ഞായറാഴ്ച വിശുദ്ധ കുർബാന



malankaralibrary.com

യ്ക്കുശേഷം വർഗീസ് എന്ന നാമധേയത്തിൽ കുഞ്ഞിനു മാമോദീസാ നൽകപ്പെട്ടു. കുഞ്ഞിനു കുഞ്ഞുകുട്ടി എന്ന ഓമനപ്പേരാണു മാതാപിതാക്കൾ നൽകിയത്. കുഞ്ഞുകുട്ടിയെ പരുമലപ്പള്ളിയിൽ അടിമവച്ചുകൊള്ളാമെന്ന നേർച്ച നിറവേറ്റുന്നതിനുവേണ്ടി 1092 തുലാം 18-ാം തീയതി ശിശുവിനെ മാതാപിതാക്കളും ബന്ധുക്കളും കൂടി പരുമലയ്ക്കു കൊണ്ടുപോയി, ആ പരിശുദ്ധകർമ്മം നിർവഹിച്ചു. രണ്ടു മെത്രാന്മാരും അന്നു റമ്പാനായിരുന്ന കാലംചെയ്ത ബസേലിയോസ് തൃതീയൻ കാതോലിക്കാബാവായും ഈ മംഗളകർമ്മത്തിൽ സംബന്ധിക്കാൻ ഇടയായി. കുഞ്ഞിനെ സ്ലീബാ മുത്തിച്ചപ്പോൾ കുഞ്ഞ് സ്ലീബായിൽ കയറിപ്പിടിച്ചു. ഈ കുഞ്ഞ് ആരായിത്തീരുമെന്നതിന്റെ സൂചനയാണു അതെന്നു റമ്പാച്ചൻ പറഞ്ഞു.

✝



malankaralibrary.com

## അദ്ധ്യായം രണ്ട്

# ബാല്യവും വിദ്യാഭ്യാസവും

മാതാപിതാക്കന്മാരുടെ മനസ്സിൽ ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് കുഞ്ഞുകുട്ടി വളർന്നു. ഊർജസ്വലതയും പ്രസരിപ്പും ഉണ്ടായിരുന്ന ഈ ബാലൻ എല്ലാവരുടെയും കണ്ണിലുണ്ണിയായിരുന്നു. നാലു വയസ്സായപ്പോൾ മാതുലനായ വാഴുവേലിൽ പാപ്പിസാർ കുഞ്ഞുകുട്ടിയെ എഴുത്തിനിരുത്തി. തുടർന്നുള്ള അക്ഷരാഭ്യാസം നടത്തിപ്പിച്ചതു പിതൃസഹോദരനായ ചെറിയാൻ ഇട്ടിയായിരുന്നു. ഏകദേശം ഒരു വർഷം നിലത്തെഴുത്തു പഠിച്ചശേഷം അഞ്ചാമത്തെ വയസ്സിൽ ബാലനെ വീടിനടുത്തുള്ള പുതുശേരി സൗത്ത് എൽ.പി. സ്കൂളിൽ ചേർത്തു. പഠനത്തിൽ കുഞ്ഞുകുട്ടി ബാല്യാൽ പ്രഭൃതി സമർത്ഥനായിരുന്നു. ബാലസഹജമായ കളികളിലും വിനോദങ്ങളിലും മുമ്പന്തിയിലായിരുന്നു ഈ ബാലൻ. കുഞ്ഞുകുട്ടിയുടെ സ്കൂളിലെ പേര് ടി.ഇ. വർഗീസ് എന്നായിരുന്നു.

പ്രൈമറി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയപ്പോൾ സാമ്പത്തിക വിഷമം നിമിത്തം ബാലനെ മലയാളം സ്കൂളിൽ പഠിപ്പിക്കാനാണു പിതാവായ ഇടിക്കുള നിശ്ചയിച്ചത്. എന്നാൽ ഈ ബാലന്റെ പഠനസാമർത്ഥ്യം ഗ്രഹിച്ചിരുന്ന തേരേട്ടു ജോൺസാറും, പുളിയങ്കീഴ് സി.പി. വറുഗീസും ഇവനെ ഇംഗ്ലീഷ് മിഡിൽ സ്കൂളിൽ ചേർക്കുവാൻ ഇടിക്കുളയെ നിർബന്ധിച്ചു. അതനുസരിച്ചു പുതുശേരി എം.ഡി.യു.പി. സ്കൂളിൽ ബാലൻ പഠനം തുടങ്ങി. വീട്ടിൽ നിന്നു സ്കൂൾ അകലെയായിരുന്നതിനാൽ ഉച്ചഭക്ഷണത്തിനു പൊതിച്ചോറു കൊണ്ടുപോയിരുന്നു. കാക്കനാട്ടിൽ കെ.കെ. കുര്യനും കെ.വി. കുര്യനുമായിരുന്നു അക്കാലത്ത് കുഞ്ഞുകുട്ടിയുടെ സുഹൃത്തുക്കൾ. സഹപാഠികളായ ഇവർ വീട്ടിലും ഒന്നിച്ചിരുന്നാണു പഠിച്ചത്. ഉച്ചയക്കു പൊതിച്ചോറുണ്ടശേഷം ഒരു പ്ലാവിന്റെ ചുവട്ടിൽ പ്രാർത്ഥനായോഗം



malankaralibrary.com

നടത്തുമായിരുന്നു. സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥനയോടെ യോഗം തുടങ്ങും. പിന്നീടു മതകാര്യങ്ങൾ ചർച്ച ചെയ്യും. നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയോടെ യോഗം സമാപിക്കും. പഠനകാര്യങ്ങളിൽ ഉന്നതനിലവാരമാണു കുഞ്ഞുകുട്ടി പുലർത്തിപ്പോന്നത്. മറ്റുള്ളവരെ സഹായിക്കാനുള്ള സന്നദ്ധത അക്കാലത്തുതന്നെ ഈ ബാലനിൽ കണ്ടിരുന്നു. ഇംഗ്ലീഷ്, വ്യാകരണം, കണക്ക് എന്നിവയ്ക്കു മറ്റു കുട്ടികൾക്കു കുഞ്ഞുകുട്ടി ട്യൂഷൻ കൊടുക്കുമായിരുന്നു.

ഒരു ക്ലാസ്സിലും തോൽക്കാതെ പഠിക്കുകയാണെങ്കിൽ കുഞ്ഞുകുട്ടിക്കു ഒരു സ്വർണമോതിരം നൽകാമെന്ന് ഉപ്പാപ്പനായ ചെറിയാൻ സാർ കുഞ്ഞുകുട്ടി മിഡിൽ സ്കൂളിൽ ചേർന്നപ്പോൾ പറഞ്ഞിരുന്നു. മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടശേഷം ഫലിതരൂപേണ തിരുമേനി ഉപ്പാപ്പാനെ അനുസ്മരിപ്പിച്ചു. മെത്രാഭിഷേക സന്ദർഭത്തിൽ സ്വർണ മോതിരം നൽകി ഉപ്പാപ്പൻ തന്റെ വാക്ക് പാലിച്ചു.

മിഡിൽ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം കുഞ്ഞുകുട്ടി ഇരവിപേരൂർ സെന്റ് ജോൺസ് ഹൈസ്കൂളിൽ ചേർന്നു. ജ്ഞാനദാഹിയായ ഒരു വിദ്യാർത്ഥിയായിരുന്നു കുഞ്ഞുകുട്ടി, അന്നന്നു പഠിപ്പിക്കുന്ന പാഠങ്ങൾ അന്നന്നുതന്നെ ഹൃദിസ്ഥമാക്കും. ക്ലാസ്സിലെ സമർത്ഥരായ രണ്ടോ മൂന്നോ പേരിൽ ഒരാളായിരുന്നു ഈ ബാലൻ. തന്റെകൂടെ പഠിച്ചിരുന്നവരിൽ ഏറ്റവും പ്രായംകുറഞ്ഞവനായിരുന്നെങ്കിലും പ്രായത്തിൽ കവിഞ്ഞ ധിഷണാശക്തിയും ഉത്തരവാദിത്വബോധവും പരിശ്രമശീലവും പ്രദർശിപ്പിച്ചിരുന്നു. സ്കൗട്ട് എന്ന നിലയിലും ടി.ഇ. വർഗീസ് ശോഭിച്ചു. തന്റെ ഭാവിപ്രവർത്തനരംഗമായ തിരുവനന്തപുരം ഈ ബാലൻ ആദ്യം കാണുന്നതു സ്കൗട്ട് ക്യാമ്പിനു പോയപ്പോഴായിരുന്നു. ഉച്ചഭക്ഷണത്തിനു പൊതിച്ചോറ് കൊണ്ടുപോയിരുന്നു.

സ്കൂൾ വിട്ടുവന്നാൽ ഗൃഹകാര്യങ്ങളിൽ മാതാപിതാക്കളെ സഹായിക്കുവാൻ കുഞ്ഞുകുട്ടി പ്രത്യേകം ശ്രദ്ധിച്ചിരുന്നു. വെണ്ട, പാവൽ, പടവലം, വഴുതന മുതലായ പച്ചക്കറികൾ വച്ചുപിടിപ്പിച്ചു വളർത്തുന്നതിലും കന്നുകാലികളെ സംരക്ഷിക്കുന്നതിലും കുഞ്ഞുകുട്ടിക്കു വലിയ ഉത്സാഹമായിരുന്നു. കുടുംബത്തിലെ സാമ്പത്തിക പ്രയാസങ്ങളെക്കുറിച്ച് ഈ ബാലൻ തികച്ചും ബോധവാനായിരുന്നു. ചില സന്ദർഭങ്ങളിൽ ഒരു തോർത്ത് തലയിൽകെട്ടി രസകരങ്ങളായ പാട്ടു



malankaralibrary.com

പാടി നടക്കുന്നതിൽ ഈ ബാലൻ ആഹ്ലാദം കൊണ്ടിരുന്നു. ഈ കാലഘട്ടത്തിലാണ് റവ.ഫാദർ. ഡൊമിനിക് തൊട്ടാശ്ശേരി കല്ലൂപ്പാറ യിലും പരിസരങ്ങളിലും മിഷൻ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. അച്ചന്റെ നിസ്തന്ദ്രമായ പരിശ്രമഫലമായി പമ്പാനദിക്കു വടക്കു പല സ്ഥലങ്ങളിലും ആളുകൾ കത്തോലിക്കാസഭയുമായി പുനരൈ ക്യപ്പെട്ടു. അക്കാലത്തു മധ്യതിരുവിതാംകൂറിലെ അകത്തോലിക്കരു ടെയിടയിൽ കത്തോലിക്കനാകുക എന്നു പറഞ്ഞാൽ ഏതോ മഹാ പരാധം ചെയ്യുന്ന പ്രതീതിയാണുണ്ടായിരുന്നത്. കത്തോലിക്കനായി എന്ന പദംപോലും ഉപയോഗിക്കുവാൻ അകത്തോലിക്കർ മടിച്ചി രുന്നു. അതിനുപകരം റോമായിൽപോയി, റോമാക്കാരനായി, മരയ്ക്കാ നായി എന്നൊക്കെയാണ് അവർ പറഞ്ഞുപോയത്. കത്തോലിക്ക സഭയെക്കുറിച്ച് മി. കെ.എം. ദാനിയേൽ പ്രസംഗങ്ങളും ഗ്രന്ഥങ്ങളും മുഖേന പ്രചരിപ്പിച്ചിരുന്ന അസത്യങ്ങളും അപവാദങ്ങളും മധ്യതിരു വിതാംകൂറിലെ മിക്ക ആളുകളും വേദപ്രമാണം പോലെതന്നെ വിശ്വ സിച്ചിരുന്നു. അക്കാലത്ത് കത്തോലിക്കാ വൈദികർ പട്ടം വടിക്കുമാ യിരുന്നു. ഈ പട്ടം വടിക്കലിനെയും കുപ്പായത്തെയും പുച്ഛിച്ചും അപഹസി ച്ചുമുള്ള പാട്ടുകൾ പ്രചാരത്തിലുണ്ടായിരുന്നു. ഈ ദൃശ്യപാട്ടുകൾപാടി രസി ക്കുന്നതിൽ കഥാപുരുഷൻ പ്രത്യേകമായ ഒരു ആഹ്ലാദവും താത്പര്യവും പ്രകടിപ്പിച്ചിരുന്നു. കത്തോലിക്കാസഭയെക്കുറിച്ച് അന്നു കുഞ്ഞുകുട്ടിക്കു കാര്യമായ അറിവുമില്ലായിരുന്നുവെന്നും ഓർക്കുക. യാക്കോബായ സഭയി ലുള്ള ദൃഢമായ വിശ്വാസവും സമുദായസ്നേഹവുമാണ് ഇതിനൊക്കെ കാരണം. ആ വ്യക്തിയാണ് അനേകം പ്രതികൂല ഘട്ടങ്ങൾ കടന്ന് കത്തോ ലിക്കാ സഭാംഗമായും പിന്നെയും പ്രതികൂല ഘട്ടങ്ങൾ കടന്ന് ഒരു കത്തോ ലിക്കാ ആർച്ചുബിഷപ്പായതും. ദൈവതൃക്കരങ്ങളുടെ അത്ഭുതാവഹമായ പരിപാലനം !

✝



malankaralibrary.com

അദ്ധ്യായം മൂന്ന്

# ബഥനിയുമായുള്ള സമ്പർക്ക സാമീപ്യങ്ങൾ

മാർ ഈവാനിയോസ് തിരുമേനി വൈദികനായിരുന്നപ്പോൾ ബഥനിയാശ്രമം തുടങ്ങിയതു ഒരു സ്വതന്ത്രസ്ഥാപനമെന്ന നിലയിലായിരുന്നു. കക്ഷിവഴക്കുകൾ മൂലം കാറും കോളും കൊണ്ട സമുദായാന്തരീക്ഷത്തിൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെയോ മലങ്കരമെത്രാപ്പോലീത്തായുടെയോ അധികാരത്തിനു കീഴ്പ്പെടാതെയുള്ള ഒരു സ്ഥാപനമാണു യാക്കോബായ. സഭയുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിക്കുന്നതിനു സഹായകമെന്ന് അദ്ദേഹത്തിനു തോന്നി. അദ്ദേഹം മെത്രാനായശേഷം ബഥനിപ്പള്ളികൾ എന്ന പേരിൽ പല സ്ഥലങ്ങളിലും പള്ളികൾ വെയ്ക്കുകയുണ്ടായി. ആകെ പതിനഞ്ചു സ്ഥലങ്ങളിൽ പള്ളികൾ നിർമിതമായി. പന്ത്രണ്ടു സ്ഥലങ്ങളിൽ പള്ളികൾക്കു സ്ഥലങ്ങൾ വാങ്ങുകയും ചെയ്തു. ബഥനി ആശ്രമാധ്യക്ഷനായിരുന്ന മാർഈവാനിയോസ് തിരുമേനിയുടെ ത്യാഗഭരിതമായ ജീവിതവും വാഗ്മിത്വം തുളുമ്പുന്ന പ്രസംഗങ്ങളും സംഭാഷണവൈദഗ്ധ്യവും മധ്യതിരുവിതാംകൂറിലെ ആളുകളുടെയിടയിൽ തിരുമേനിയെക്കുറിച്ച് അപാരമായ മതിപ്പുളവാക്കിയിരുന്നു. ബഥനി ആശ്രമസ്ഥരുടെ കാവിവസ്ത്രവും ലളിതജീവിതവും പരസ്നേഹപ്രവൃത്തികളും സുവിശേഷ പ്രചാരണത്തിനുള്ള തീക്ഷ്ണതയും ബഥനിയെക്കുറിച്ചും ബഥനി സ്ഥാപനങ്ങളെക്കുറിച്ചും ജനതാമധ്യത്തിൽ ആദരവും സ്നേഹവികാരങ്ങളും ഉളവാക്കുവാൻ പോരുന്നവയായിരുന്നു.

മാർഈവാനിയോസ് തിരുമേനി ബഥനി പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തു തന്നെ കല്ലൂപ്പാറ ഒരു പ്രവൃത്തികേന്ദ്രമായി തെരഞ്ഞെടുത്തിരുന്നു. ബഥനിയിൽ ആദ്യ അംഗങ്ങളായിരുന്ന പത്തുപേരിൽ



malankaralibrary.com

ഒരാൾ ഏബ്രഹാം (ദിവംഗതനായ ഫാദർ ഏബ്രഹാം ഒ.ഐസി) പിന്നീട് റഫായേൽ ഒ.ഐസിയും ദിവംഗതനായ ഫാ. കോശി ഒ.ഐസിയും ബഥനിയിൽ ചേർന്നു കല്ലൂപ്പാറ വലിയ പള്ളിയിൽ അന്നു നടന്നിരുന്ന കക്ഷിവഴക്കുകൾ വലിയപള്ളി ഇടവകക്കാരായിരുന്ന ഏതാനും ആളുകൾക്കു കടമാൻകുളത്ത് ഒരു ബഥനിപ്പള്ളി ഉണ്ടാകുന്നതു സർവപ്രകാരേണയും നല്ലതായിരിക്കുമെന്ന് ഒരു ചിന്ത ഉദിപ്പിച്ചു. ഫാ. കോശി, ഒ.ഐ.സി ആശ്രമസ്ഥനായ കാലം മുതൽ അദ്ദേഹത്തിന്റെ പിതാവ് കാക്കനാട്ടിൽ ഏബ്രഹാം ഒരു ബഥനിപ്പള്ളിക്കുവേണ്ടി മാർഈവാനിയോസ് തിരുമേനിയെ നിർബന്ധിച്ചുകൊണ്ടിരുന്നു. കാക്കനാട്ടിൽ അവിരാച്ചൻ (ഏബ്രഹാം) ഒരേക്കറോളം വരുന്ന സ്ഥലം തിരുമേനിയുടെ പേർക്കു എഴുതിക്കൊടുത്തു. അവിടെ ഒരു ബഥനിച്ചാപ്പൽ നിർമിതമായി. പുതിയ ചാപ്പലിന്റെ വികാരിയായി ഫാദർ ബർസ്ലീബാ ഒ.ഐ.സി യെ തിരുമേനി നിയമിച്ചു. ബഥനിപ്പള്ളിയിലേക്കു ധാരാളം ആളുകൾ ആകർഷിക്കപ്പെട്ടു.

കുഞ്ഞുകുട്ടിക്കു ബഥനി വൈദികരോടു വലിയ ആകർഷണം തോന്നി. എപ്പോഴെല്ലാം അവർ കടമാൻകുളത്തും കല്ലൂപ്പാറയിലും ഓരോ കാര്യങ്ങൾക്കായി ചെല്ലുമോ അപ്പോഴെല്ലാം അവരെ കഴിവുള്ള വിധത്തിൽ സഹായിക്കുന്നതിനു ഈ ബാലൻ പ്രത്യേകം താല്പര്യമുള്ളവനായിരുന്നു. ബഥനിക്കുവേണ്ടിയുള്ള പിടിയരിപ്പിരിവിലും ഡപ്പികാശുപിരിവിലും അച്ചൻമാരെ കുഞ്ഞുകുട്ടി സഹായിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഈ ബാലൻ കല്ലൂപ്പാറ വലിയ പള്ളിയിലും കടമാൻകുളം ബഥനിപ്പള്ളിയിലും ഒരു അൾത്താര ശുശ്രൂഷകനായും പ്രവർത്തിച്ചിരുന്നു.

മാർഈവാനിയോസ് തിരുമേനിയും ബഥനി സന്യാസികളും തങ്ങളുടെ പുനരൈക്യത്തിനു മുമ്പുതന്നെ ബഥനിമല വിട്ടിറങ്ങി. പുനരൈക്യത്തിനു മുമ്പ് ഒരു മാസത്തോളം അവർ വെണ്ണിക്കുളത്തു താമസിച്ചു. 1930 സെപ്തംബർ ഇരുപതാം തീയതി മാർഈവാനിയോസ്, മാർതിയോഫിലോസ്, ഫാദർ ജോൺ ഒ.ഐ.സി., അലക്സാണ്ടർ ശെമ്മാശൻ ഒ.ഐ.സി (ഫാദർ സെറാഫിയോൻ ഒ.ഐ.സി), കിളിലേത്തു ചാക്കോ (മാനേജർ ചാക്കോച്ചൻ) എന്നിവർ പുനരൈക്യ പ്രസ്ഥാനത്തിന്റെ ആദ്യഫലങ്ങൾ എന്നനിലയിൽ കൊല്ലം അരമനയിൽ വച്ച് സുഭഗസ്മരണാർഹനായ ബൻസിഗർ തിരുമേനിയുടെ മുമ്പിൽ സത്യപ്രതിജ്ഞ ചെയ്തു കത്തോലിക്കരായി. ഈ സംഭവം മധ്യതിരുവിതാംകൂറിലെ അകത്തോലിക്കാ ക്രിസ്ത്യാനികളുടെയിട



malankaralibrary.com

യിൽ വമ്പിച്ച കോളിളക്കം തന്നെ സൃഷ്ടിച്ചു. കത്തോലിക്കാസഭ യെയും അനുയായികളെയുംകുറിച്ച് അനേകം കുപ്രചരണങ്ങൾ നടന്നു.

മാർഈവാനിയോസ് തിരുമേനിയുടെ പുനരൈക്യത്തിനുശേഷം വെണ്ണിക്കുളത്തു താമസിച്ചിരുന്ന ബഥനി സന്യാസികളും തിരുമൂല പുരത്തു താമസിച്ചിരുന്ന ബഥനി സന്യാസിനികളും കത്തോലിക്കാ സഭാംഗങ്ങളായി. വെണ്ണിക്കുളത്തുണ്ടായിരുന്ന സന്യാസികളിൽ കാക്ക നാട്ട് അവിരാച്ചന്റെ മകൻ സാധുകോശിയും ഉണ്ടായിരുന്നു. മകനെ ഈ പ്രസ്ഥാനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിനുവേണ്ടി അവി രാച്ചൻ കാക്കനാട്ടു തൊമ്മി, പറയനോലിക്കൽ ഈപ്പച്ചനോടുകൂടെ വെണ്ണിക്കുളത്തു ചെന്നു. തൊമ്മിയും ഈപ്പച്ചനും കൂടിയാണു കട മാൻകോടു ബഥനിപ്പള്ളിക്കുവേണ്ടി മുന്നിട്ടിറങ്ങി പ്രവർത്തിച്ചത്. കത്തോലിക്കാ വിദ്വേഷത്തിൽ അവിടെയെത്തിയ ഈ മൂന്നുപേരും മാർഈവാനിയോസ് തിരുമേനിയുമായി നടന്ന സുദീർഘമായ സംഭാ ഷണഫലമായി കത്തോലിക്കാസഭാംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്താണു തിരിച്ചു പോന്നത്. അവിരാച്ചൻ തിരുമേനിക്കെഴുതി ക്കൊടുത്ത സ്ഥലം തിരുമേനി തിരിച്ച് ഇവരുടെ പേർക്കു എഴുതി ക്കൊടുത്തു. കടമാൻകുളം ബഥനിപ്പള്ളി കത്തോലിക്കാപള്ളിയായി രൂപാന്തരപ്പെട്ടു. ഇതിൽ അമർഷം പൂണ്ട യാക്കോബായ സഹോദര ങ്ങൾ പുതിയ പ്രസ്ഥാനക്കാരുമായി ഏറ്റുമുട്ടി. സർക്കാർ ഇടപെട്ടു പള്ളി പൂട്ടി. രണ്ടുകൊല്ലക്കാലം കേസ് നടന്നു. വിധിയുണ്ടായതു കത്തോലിക്കർക്കനുകൂലമായിട്ടായിരുന്നു. അങ്ങനെ കടമാൻകുളത്തു കത്തോലിക്കാപള്ളിക്കു സ്ഥിരപ്രതിഷ്ഠയുണ്ടായി. ഈ രണ്ടു കൊല്ല ക്കാലം കടമാൻകുളത്തെ കത്തോലിക്കർ ഫാദർ ഡൊമിനിക് തൊട്ടാ ശ്ശേരി ചങ്ങനാശേരി അതിരൂപതക്കായി കല്ലൂപ്പാറ ചന്തക്കടുത്തു വാങ്ങിയിരുന്ന സ്ഥലത്ത് ഒരു ഷെഡ്ഡ് നിർമിച്ച് അതിൽ ആരാധന നട ത്തിപ്പോന്നു. പിന്നീട് ആ സ്ഥലം തിരുവല്ലാ രൂപതയ്ക്കു വിട്ടുകൊ ടുത്തു. ഇന്ന് അവിടെ മനോഹരമായ ഒരു വലിയ ദൈവാലയവും ഒരു ചെറിയ ഇടവകയുമുണ്ട്.

കടമാൻകോടു പള്ളി കേസിന്റെ അവസാനം തിരുവല്ലാ രൂപ തയ്ക്കു വിട്ടുകിട്ടി. ഇന്ന് ആ ഇവടകയിൽ നൂറോളം വീട്ടുകാരുണ്ട്. വൈദികരുടെയും കന്യാസ്ത്രീകളുടെയും എണ്ണത്തിൽ ഈ ഇടവക തിരുവല്ലാരൂപതയിൽ ഒന്നാംസ്ഥാനത്താണ്.



malankaralibrary.com

ബഥനി വൈദികരുമായി കുഞ്ഞുകുട്ടിയുടെ അക്കാലത്തെ സാമീപ്യസമ്പർക്കങ്ങളെക്കുറിച്ച് യശസ്സരീരനായ ഫാദർ ജോൺ ഒ.ഐ.സി ഈ ഗ്രന്ഥകാരനെ ഇപ്രകാരമറിയിച്ചിട്ടുണ്ട്.

"1931-ൽ ഞാൻ തിരുവല്ലായിൽ നിന്ന് ശനിയാഴ്ച വൈകിട്ട് കടമാൻകുളത്തുള്ള പള്ളിയിൽ ചെന്നു താമസിക്കുകയും ഞായറാഴ്ച വി. കുർബാന സണ്ടേസ്കൂൾ ആദിയായവ നടത്തിയിട്ട് തിരുവല്ലായ്ക്കു തിരികെ പോരുകയും ചെയ്തിരുന്നു. ഞാൻ പള്ളിയിലെത്തിയാൽ താമസിയാതെ സന്ധ്യാനമസ്കാരത്തിനു മണിയടിക്കും. മണിയുടെ ശബ്ദം കേട്ടാലുടൻ തന്നെ അന്ന് ഒരു ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന തങ്ങളത്തിൽ കുഞ്ഞുകുട്ടി പള്ളിയിലെത്തും. പിന്നെ ഞാൻ പോരുന്നതുവരെ എന്നോടുകൂടി പള്ളിക്കാര്യങ്ങളിലെല്ലാം സഹകരിച്ചുകൊണ്ടു കുഞ്ഞുകുട്ടിയും അവിടെ ഉണ്ടായിരിക്കും."

"ദൈവാലയ ശുശ്രൂഷകളിൽ കുഞ്ഞുകുട്ടി പ്രദർശിപ്പിച്ചിരുന്ന ഭക്തിനിർഭരത മന്ദഭക്തരുടെയും ഭക്തിയെ ഉദ്ദീപിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. ചിലപ്പോൾ തനിച്ച് മദ്ബഹായിൽ കുമ്പിട്ടുകിടന്നു പ്രാർത്ഥിച്ചിരുന്ന കുഞ്ഞുകുട്ടി എഴുന്നേൽക്കുമ്പോൾ നിലം ബാഷ്പബിന്ദുക്കളാൽ നനഞ്ഞിരുന്നു. ഈ അന്യാദൃശ്യഭക്തി പ്രചുരിമ കണ്ട് ഭാവിയിൽ അധ്യാത്മിക മണ്ഡലത്തിൽ ഒരു സമ്മുന്നത സ്ഥാനം കുഞ്ഞുകുട്ടി പ്രാപിക്കുമെന്ന് ഞാൻ ചിന്തിക്കാറുണ്ടായിരുന്നു."

"ആധ്യാത്മിക വേലകൾ നിർവഹിക്കുന്നതിലും മറ്റുള്ളവർക്കു നന്മ ചെയ്യുന്നതിലും പള്ളിയടിക്കുക, വസ്ത്രങ്ങൾ കഴുകുക മുതലായ ജോലികൾ ചെയ്യുന്നതിലും കാണിച്ചിരുന്ന വിനയാതിരേകവും ത്യാഗസന്നദ്ധതയും ആശ്ചര്യാവഹമായിരുന്നു. ഈ വിശിഷ്ട ഗുണങ്ങളോടുകൂടി തന്നെ ഒരു ആവേശശീലവും (impulsiveness) കുഞ്ഞുകുട്ടിയിൽ ദൃശ്യമായിരുന്നു."

"ആശ്രമസ്ഥരായ അച്ചന്മാരോടെല്ലാം കുഞ്ഞുകുട്ടി സവിശേഷസ്നേഹാദരങ്ങളോടെ ഇടപെട്ടിരുന്നു. അതിനുകിട്ടിയ അവസരങ്ങളെല്ലാം അതീവതാല്പര്യത്തോടെ വിനിയോഗിച്ചുമിരുന്നു. ആത്മീകാഭിവൃദ്ധിക്കുതകുന്ന കാര്യങ്ങൾ ചോദിച്ചു പഠിക്കുവാനും സൽഗ്രന്ഥങ്ങൾ വാങ്ങി വായിക്കുന്നതിനുമാണു ഈ അവസരങ്ങൾ പ്രധാനമായി ഉപയോഗിച്ചിരുന്നത്. ആത്മീയനടത്തിപ്പ് പ്രധാനമായും


malankaralibrary.com

എന്നിൽ നിന്നാണു സ്വീകരിച്ചിരുന്നത്". കഥാനായകനു ജപമാലയും ചെറിയ വിശുദ്ധപടങ്ങളും സദ്ഗ്രന്ഥങ്ങളും നല്കി ഫാദർ ജോൺ കുഞ്ഞുകുട്ടിയെ കത്തോലിക്കാസഭയിലേക്കു ആകർഷിച്ചിട്ടുണ്ട്.

ബഥനിക്കാർ കത്തോലിക്കരായതിനുശേഷം കുഞ്ഞുകുട്ടി അവരോടിടപെട്ടിരുന്നതു മാതാപിതാക്കൾക്കു ഇഷ്ടമായിരുന്നില്ല. കത്തോലിക്കാ പുസ്തകങ്ങൾ രഹസ്യമായി കുഞ്ഞുകുട്ടി വായിച്ചുകൊണ്ടിരുന്നു. ബഥനിക്കാരുമായുള്ള സാമീപ്യ സമ്പർക്കങ്ങളും കത്തോലിക്കാഗ്രന്ഥങ്ങളുടെ പാരായണവും മാതാപിതാക്കളുടെ അറിവിൽപെട്ടപ്പോഴെല്ലാം കുഞ്ഞുകുട്ടി കഠിനമായി ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ദൈവതൃക്കരങ്ങളുടെ പ്രവർത്തനങ്ങൾ ആർക്കു തടുക്കുവാൻ കഴിയും? കത്തോലിക്കാസഭയോടുള്ള ആഭിമുഖ്യം കുഞ്ഞുകുട്ടിയിൽ വളർന്നുകൊണ്ടിരുന്നു. ക്രമേണയുണ്ടായ ഒരു പരിവർത്തനമാണിത്. ത്യാഗനിഷ്ഠയോടെ ഒരു ജീവിതത്തിനുള്ള അഭിനിവേശം ബഥനിക്കാരോടുള്ള സാമീപ്യ സമ്പർക്കങ്ങളിൽ നാമ്പെടുത്ത് കത്തോലിക്കാസഭയോടുള്ള ആദരം കുഞ്ഞുകുട്ടിയിൽ വളർന്നുകൊണ്ടിരുന്നു.

ബഥനിക്കാർ വെണ്ണിക്കുളത്തു വന്നു താമസമാക്കിയ വിവരം മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്കൂൾ വിട്ടുകഴിഞ്ഞാൽ പലപ്പോഴും ഇരവിപേരൂർ നിന്നു നാലുമൈൽ നടന്ന് വെണ്ണിക്കുളത്തുള്ള ബഥനി ആശ്രമത്തിൽ കുഞ്ഞുകുട്ടി പോകുമായിരുന്നു. ആശ്രമത്തിലെ സന്ധ്യാ നമസ്കാരത്തിലും പ്രാർത്ഥനയിലും പങ്കുകൊണ്ട് കുഞ്ഞുകുട്ടി അന്ന് അവിടെ തങ്ങും. വെണ്ണിക്കുളത്തുവച്ചാണ് മാർഈവാനിയോസ് തിരുമേനിയുമായി കഥാപുരുഷൻ അടുത്തിടപെട്ടത്. തിരുമേനി ബഥനിയിലായിരിക്കുമ്പോൾ ഒരു ദനഹാതിരുനാൾ കടമാൻകുളം ബഥനി പള്ളിയിലാണു നടത്തിയത്. മാർഈവാനിയോസ് തിരുമേനി ദനഹാശുശ്രൂഷ നടത്തിയ ആ സന്ദർഭത്തിൽ ശുശ്രൂഷക്കുപ്പായവുമിട്ട് വാഴ്ത്തപ്പെട്ട വിശുദ്ധജലമുള്ള പാത്രം കൈകളിലേന്തി പ്രദക്ഷിണത്തിൽ പങ്കെടുത്ത ഈ ബാലന്റെ മുഖത്ത് അസാധാരണമായ ഒരു തേജസ്സും ആകർഷണീയതയും ദൃശ്യമായിരുന്നതായി ചില ദൃക്സാക്ഷികൾ ഈ ലേഖകനോടു പറഞ്ഞിട്ടുണ്ട്. അന്ന് ഈ ബാലൻ മാർഈവാനിയോസ് തിരുമേനിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടാകണമെന്നു നമുക്കൂഹിക്കാം. ഒരു ആശ്രമസ്ഥനാകുവാനുള്ള ആഗ്രഹം വെണ്ണിക്കുളത്തുവച്ച് ടി.ഇ. വർഗീസ് സംസാരിച്ചിട്ടുണ്ട്. തിരുമേനി തിരുമുലപുരത്തായിരുന്നപ്പോഴും വർഗീസ് തിരുമേനിയെ കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്.



malankaralibrary.com

### അദ്ധ്യായം നാല്

# പ്രതിബന്ധങ്ങൾ

1932-ൽ ടി.ഇ. വർഗീസ് ഇരവിപേരൂർ ഹൈസ്കൂളിൽ നിന്നു സ്കൂൾ ഫൈനൽ പരീക്ഷ പാസായി. തന്റെ മകൻ പ്രശസ്തമായ നിലയിൽ സ്കൂൾ ഫൈനൽ പരീക്ഷ പാസായ സംഭവം പിതാവായ ഇടിക്കുളയെ വളരെയധികം സന്തോഷിപ്പിച്ചു. വർഗീസിനു അന്നു പതിനാറു വയസ്സേ പ്രായമുണ്ടായിരുന്നുള്ളു. കുഞ്ഞുകുട്ടിയുടെ ഭാവിയെക്കുറിച്ച് ബന്ധുക്കളുടെയിടയിൽ പല അഭിപ്രായങ്ങൾ പൊന്തിവന്നു.

ഏതെങ്കിലും ഒരു ജോലിയിലാക്കി വീട്ടിലെ സാമ്പത്തികഭാരം കുറയ്ക്കണമെന്നു പിതാവ് സമർത്ഥനും സൽസ്വഭാവിയുമായ അനന്തിരവനെ എത്ര ബുദ്ധിമുട്ടിയാലും കോളജിൽ വിട്ട് പഠിപ്പിക്കണമെന്നു മാതുലൻ. തനിക്കു ഏറ്റവും അടുത്ത ചാർച്ചയുണ്ടായിരുന്ന കാതോലിക്കാബാവയുടെ (ദിവംഗതനായ ബസേലിയോസ് തൃതീയൻ) സഹായത്തോടുകൂടി അനന്തിരവനെ ആലുവാ യൂണിയൻ കോളജിൽ വിടാനൊക്കുമോയെന്നു മാതുലൻ ഒന്നു പരിശ്രമിച്ചു നോക്കി. പക്ഷേ ആ പരിശ്രമം ഫലവത്തായില്ല.

ആശ്രമത്തിൽ പ്രവേശിക്കണമെന്നു കുഞ്ഞുകുട്ടി മിക്കവാറും തീർച്ചപ്പെടുത്തിക്കഴിഞ്ഞിരുന്നു. എന്നാൽ വീട്ടിലെ സാമ്പത്തിക ക്ലേശങ്ങൾ അവന്റെ ഹൃദയത്തെ മഥിക്കുന്നുണ്ടായിരുന്നു. എന്തെങ്കിലും ഒരു ചെറിയ ജോലി സമ്പാദിച്ചു കുറെകാലത്തേക്കെങ്കിലും വീടിനെ സഹായിക്കേണ്ടതു തന്റെ കടമയാണെന്നു അവൻ കരുതി.

സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായി ഏതാനും നാളുകൾ കഴിഞ്ഞപ്പോൾ തായ്‌വഴിയിൽ തന്റെ മാതുലനായിരുന്ന ഫാദർ ഏബ്രഹാം ഒ.ഐ.സി യുടെ മുൻപിൽ സത്യപ്രതിജ്ഞ ചെയ്തു വർഗീസ് കത്തോലിക്കനായി. വിവരം വീട്ടുകാർ അറിഞ്ഞുമില്ല. ഒരു ആശ്രമാം



malankaralibrary.com

ഗമാകുവാനുള്ള അഭിലാഷം വർഗീസ് വീട്ടിൽ പ്രകടിപ്പിച്ചു തുടങ്ങി. വീട്ടുകാർക്കാകട്ടെ ഇക്കാര്യം ചിന്തിക്കുവാൻപോലും വയ്യായിരുന്നു. വീട്ടിലെ സീമന്തസന്താനം, സാമ്പത്തികക്ലേശമുള്ള കുടുംബം, ജോലി ലഭിക്കുവാൻ വലിയ പ്രയാസമില്ലാതിരുന്ന കാലം, സർവോപരി നാട ടങ്കം പുച്ഛിക്കുന്ന 'റീത്തുകാരുടെ' ആശ്രമത്തിൽ ചേർന്നു വൈദിക നാകുക. എങ്ങനെ മാതാപിതാക്കളും ബന്ധുക്കളും സഹിക്കും? നേരെമറിച്ച് വിവാഹിതനായ ഒരു യാക്കോബായ വൈദികനായി കുടുംബത്തിനു താങ്ങായി കഴിഞ്ഞാൽ പോരേ? അങ്ങനെയായിരു ന്നെങ്കിൽ പിതാവ് സമ്മതം മൂളിയേനെ. പക്ഷേ മനുഷ്യന്റെ പദ്ധതി യല്ലല്ലോ ദൈവത്തിന്റെ പദ്ധതി !

മാർഈവാനിയോസ് തിരുമേനിയുടെ ശുപാർശ കത്തോടുകൂടി വർഗീസ് ജോലിയാരാഞ്ഞ് ചങ്ങനാശേരി സെന്റ് ബർക്കുമാൻസ് കോളജ് പ്രിൻസിപ്പൽ റവ.ഫാ. മാത്യു പുരയ്ക്കലിനെ സമീപിച്ചു. തന്റെ മുമ്പിൽ നിൽക്കുന്ന യുവാവിൽ എന്തോ ദൈവികമായി ഒരു ചൈതന്യം അദ്ദേഹം ദർശിച്ചിരിക്കണം. "കുഞ്ഞിനു ജോലിയല്ല, പ്രത്യുത വൈദികവൃത്തിക്കുള്ള ദൈവവിളിയാണല്ലോ കാണുന്നത്? എന്ന് അദ്ദേഹം മാതുലനോടു പറഞ്ഞു. അതു ഒരു പ്രവചനമായി രുന്നു." ഏതായാലും അടുത്തവർഷമാകട്ടെ, ഞാൻ ഒരു ജോലി കൊടുക്കാം എന്നു പറഞ്ഞ് പുരയ്ക്കലച്ചൻ അവരെ തിരിച്ചയച്ചു. എന്നാൽ അടുത്ത വർഷമാകുന്നതിനു മുമ്പു തന്നെ ആദർശധീര നായ വർഗീസ് തന്റെ ഭാവി ജീവിതത്തിലേക്കു പ്രവേശിച്ചുകഴിഞ്ഞി രുന്നു. ആനുഷംഗികമായി രേഖപ്പെടുത്തട്ടെ. കഥാനായകൻ മെത്രാ നായപ്പോൾ ബഹു. പുരയ്ക്കലച്ചൻ പാളയം ഭദ്രാസന ദേവാലയ ത്തിൽ വികാരിയായിരുന്നു. മൂന്നരവർഷക്കാലത്തോളം ബഹു. മാത്യു പുരയ്ക്കലച്ചൻ കഥാനായകന്റെ കീഴിൽ സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം വികാരിയായിരുന്നപ്പോഴാണ് മെത്രാപ്പോലീത്തായുടെ സ്ഥാനചിഹ്നമായ പാലിയം ഭദ്രാസന ദൈവാലയത്തിൽ വച്ച് മാർഗ്രി ഗോറിയോസ് തിരുമേനി സ്വീകരിച്ചതും.

അക്കാലം പുതുമഴയ്ക്കു തകര കണക്കെ പുതിയ ഇൻഷ്വറൻസ് കമ്പനികളും ചിട്ടികളും മധ്യതിരുവിതാംകൂറിൽ മുളച്ചുപൊന്തിയി രുന്നു. നമ്മുടെ കഥാനായകനും മറ്റു ചിലരുംകൂടി ഒരു ഇൻഷ്വറൻസ് കമ്പിനി രൂപപ്പെടുത്തി. വർഗീസ് ആയിരുന്നു കമ്പിനി സെക്രട്ടറി. കുറെ മാസങ്ങൾ അങ്ങനെ നീങ്ങി. ശമ്പളമില്ലാത്ത ജോലി പദ്ധതി പരാജയപ്പെട്ടു.



malankaralibrary.com

ഒരു സന്യാസവൈദികനാകാനുള്ള ആഗ്രഹം ഇക്കാലത്ത് വർഗീസിൽ ശക്തിപ്പെട്ടുകൊണ്ടിരുന്നു. പരോക്ഷമായിട്ടാണെങ്കിലും വർഗീസ് തന്റെ ആഗ്രഹം മാതാപിതാക്കളോടു സൂചിപ്പിച്ചുപോന്നു. ചതുരുപായങ്ങൾ പ്രയോഗിച്ചു ഈ യുവാവിനെ അങ്ങനെയുള്ള ചിന്തകളിൽനിന്നു വിമുക്തനാക്കുന്നതിനു മാതാപിതാക്കളും ബന്ധുമിത്രാദികളും മാത്രമല്ല, അയൽപക്കത്തുള്ള ഹിന്ദുക്കൾപോലും ശ്രമിച്ചുകൊണ്ടിരുന്നു. ഇപ്പോൾ വൈദികനായിരിക്കുന്ന ഇഗ്നേഷ്യസ് ഒ.ഐ.സി അച്ചനെ വർഗീസിന്റെ അമ്മ പൂർണഗർഭത്തിൽ വഹിച്ചിരുന്ന കാലം. കുടുംബത്തിലെ സാമ്പത്തികസ്ഥിതി ദയനീയനിലയിൽ നിൽക്കുന്ന കാലം. അതിഭയങ്കരമായ മഴയും വെള്ളപ്പൊക്കവും. വീടിനടുത്തുള്ള പുഞ്ച ഒരു കായൽപോലെ ആയിത്തീർന്ന ഘട്ടം. പുഞ്ചയുടെ അടുത്തായിരുന്ന ഭവനങ്ങളിലെല്ലാം വെള്ളം കയറിക്കഴിഞ്ഞു. തങ്ങളത്തിൽ വീട്ടിലും വെള്ളം കയറിയതുമൂലം അടുത്തുള്ള ഒരു ഹിന്ദുഭവനത്തിൽ വീട്ടുകാർ താമസിച്ചിരുന്ന സമയം സന്യാസജീവിതത്തിലേക്കുള്ള വറുഗീസിന്റെ അദമ്യമായ ആഗ്രഹം ഗ്രഹിക്കുവാനിടയായ പ്രേഷ്ഠസുഹൃത്ത് കുഞ്ഞുണ്ണിക്കുറുപ്പ് വർഗീസിനോടു പറഞ്ഞു: "കുട്ടിമാപ്പിള (വർഗീസിന്റെ പിതാവ്) നടുക്കടലിൽ മുങ്ങിത്താഴാൻ തുടങ്ങുകയാണ്. ഈ അവസരത്തിൽ അങ്ങേരെ അതിൽ നിന്നു രക്ഷിക്കുകയാണു കുഞ്ഞുകുട്ടി ചെയ്യേണ്ടത്. കുഞ്ഞുകുട്ടി പോയാൽ കുട്ടിമാപ്പിളയും കുടുംബവും വെള്ളത്തിൽ താണുപോകും" പക്ഷേ, പാറപോലെ ഉറച്ച തീരുമാനമാണു വർഗീസിനുണ്ടായിരുന്നത്.

കോട്ടയത്ത് ഒരു കമ്പിനിയിൽ വറുഗീസിനു ജോലി കിട്ടി. ആകെ ഇരുപത്തിയെട്ടു ദിവസങ്ങൾ മാത്രമേ ജോലി നോക്കിയുള്ളു. ശമ്പളമൊന്നും പറ്റിയുമില്ല. വർഗീസ് ഞായറാഴ്ച കൂടി ജോലി ചെയ്യണമെന്നു മാനേജർ തുടർച്ചയായി ആവശ്യപ്പെട്ടു. മതനിഷ്ഠയുള്ള വർഗീസിനു അതു സമ്മതമായിരുന്നില്ല. വർഗീസ് എല്ലാ ശനിയാഴ്ചയും വീട്ടിൽ എത്തുകയായിരുന്നു പതിവ്. എന്നാൽ ഒരു വ്യാഴാഴ്ച വീട്ടിൽ എത്തിയ മകനെ കണ്ടിട്ട് അമ്മ ആരാഞ്ഞു: "എന്താ കുഞ്ഞേ നേരത്തെ ഇങ്ങു വന്നത്? മകന്റെ മറുപടി ഞായറാഴ്ചയും ജോലി നോക്കണം. അതു എനിക്കു വയ്യാ. അതുകൊണ്ട് ഇങ്ങുപോന്നതാണ്. കൂടാതെ വെണ്ണിക്കുളത്ത് ഒരു മീറ്റിംഗ് ഉണ്ട്. അതിൽ സംബന്ധിക്കുകയും വേണം."

കുഞ്ഞുകുട്ടി വീട്ടിൽ നിന്നു നേരെ വെണ്ണിക്കുളം ആശ്രമത്തി



malankaralibrary.com

ലേക്കു പോയി. ജോലിക്കു വർഗീസിനെ കാണാഞ്ഞ് കമ്പിനി മാനേജർക്കു വിഷമമായി. വർഗീസിന്റെ സ്ഥാനത്ത് ഇതിനുമുമ്പ് മൂന്നു പേർ ജോലി ചെയ്തിട്ടുള്ളതാണ്. എന്നാൽ വിശ്വസ്തരല്ലാതിരുന്നതു മൂലം അവരെ പിരിച്ചുവിടുകയാണുണ്ടായത്. ചുരുങ്ങിയ കാലത്തു തന്നെ വിശ്വസ്തതയും കൃത്യനിഷ്ഠയുമുള്ള വ്യക്തിയാണു വർഗീസ് എന്ന് കമ്പിനിമാനേജർ ഗ്രഹിച്ചിരുന്നതിനാൽ തിരികെ ചെല്ലണമെന്നും കൂടുതൽ ശമ്പളം കൊടുക്കാമെന്നും കാണിച്ചു. കമ്പിനി മാനേജരുടെ കത്ത് വീട്ടിൽ ലഭിച്ചു. എഴുത്ത് വർഗീസിന്റെ മാതുലൻ സി.പി. മാത്യുവിനാണ് കിട്ടിയത്. ഈ എഴുത്തുംകൊണ്ട് മാത്യു വീട്ടിൽ ചെന്നപ്പോൾ കുഞ്ഞുകുട്ടി വെണ്ണിക്കുളത്തായിരുന്നു. കുഞ്ഞ് വന്നാലുടൻ ഇരവിപേരൂർക്കു വിടണമെന്നു പറഞ്ഞ് മാതുലൻ തിരികെപ്പോയി. ശനിയാഴ്ച കുഞ്ഞുകുട്ടി വീട്ടിൽചെന്നപ്പോഴേക്കും ഉപ്പാപ്പനും ബന്ധുമിത്രാദികളും വീട്ടിൽ കൂടിയിരുന്നു. "കുഞ്ഞ് ഇനിയും കത്തോലിക്കാപ്പള്ളിയിൽ പോകരുത്. ഇനി മുതൽ കല്ലൂപ്പാറ യാക്കോബായപ്പള്ളിയിൽ പോയാൽ മതി" എന്ന് അവർ നിർബന്ധിച്ചു സംസാരിച്ചു. കഥാനായകനാകട്ടെ യാതൊന്നും മറുപടി പറഞ്ഞില്ല. "കുഞ്ഞ് ഇപ്പോൾ ആശ്രമത്തിൽ ചേർന്നാൽ, തിരികെ വരുമ്പോൾ പൂർണ ഗർഭിണിയായ കുഞ്ഞിന്റെ അമ്മയെ കാണുകയില്ല" അതിനു മറുപടി വന്നു. "ഞാൻ ഭ്രാന്തനല്ല. ദൈവത്തെ വിളിക്കുവാൻ പോകയാണ്. ഞാൻ തിരികെ വരുമ്പോൾ എന്റെ അമ്മ എന്നെപ്പോലെ ഒരു ആൺകുഞ്ഞിനെയും കൊണ്ടിരിക്കുന്നതു ഞാൻ കാണും." ഇതുമാത്രമേ കഥാനായകൻ ഉച്ചരിച്ചുള്ളു. ആ ആൺകുഞ്ഞാണ് ഫാദർ ഇഗ്നേഷ്യസ് ഒ.ഐ.സി. അവസാനകാലത്ത് തിരുമേനി തന്നെ ഈ കാര്യം പ്രസ്താവിച്ചിട്ടുണ്ട്.

വർഗീസ് വെണ്ണിക്കുളം ബഥനി ആശ്രമത്തിലെത്തി അന്നവിടെ സുപ്പീരിയറായിരുന്ന ഫാദർ ഏബ്രഹാമിനെ കണ്ടു. ഫാദർ ഏബ്രഹാം തായ്വഴിയിൽ ഒരു അമ്മാച്ചനാണ്. സ്വദേശിയുമാണ്. വർഗീസ് തന്റെ ആഗ്രഹം പല പ്രാവശ്യം ഫാദർ ഏബ്രഹാമിനെ ധരിപ്പിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ദൈവവിളയെക്കുറിച്ചു കൂടുതൽ ചിന്തിക്കുവാനാണ് അച്ചൻ പറഞ്ഞിട്ടുള്ളത്. കുഞ്ഞുകുട്ടിയുടെ ദൈവവിളിയെക്കുറിച്ച് ഇതിനോടകം അച്ചനു ബോധ്യപ്പെട്ടിരുന്നു. എന്നാലും ഇപ്രാവശ്യവും വീട്ടിലെ വിഷമങ്ങളും എതിർപ്പുകളും കുഞ്ഞുകുട്ടിയുടെ മുമ്പിൽ നിരത്തിവയ്ക്കുകയും അവ ഒരു ബാധ്യതയായിത്തീരുകയില്ലേ എന്ന് ആരായുകയും ചെയ്തു. വർഗീസ് പ്രതിവചിച്ചു: "ദൈവം വീട്ടുകാരെ



malankaralibrary.com

നോക്കിക്കൊള്ളും". വർഗീസിനെ ആശ്രമത്തിൽ സ്വീകരിക്കണമെന്ന് അച്ചൻ നിശ്ചയിച്ചു. ആദ്യസ്വീകരണം സുപ്പീരിയറുടെ അധികാരത്തിൽ പെട്ടിട്ടുള്ളതാണ്. പിന്നീട് മേലധികാരിയെ അറിയിച്ചാൽ മതി. വെണ്ണിക്കുളത്തു കുഞ്ഞുകുട്ടിയെ താമസിപ്പിച്ചാൽ വീട്ടുകാരുടെ കാര്യമായ ശല്യം ഉണ്ടാകാനിടയുണ്ട്. അതിനാൽ അച്ചൻ അതിനു തുനിഞ്ഞില്ല. ആശ്രമ പണി സംബന്ധിച്ചും മറ്റും ഏതാനും വൈദികർ തിരുവനന്തപുരത്തു നാലാഞ്ചിറയുണ്ടായിരുന്നു. ഇതിനോടകം മാർ ഈവാനിയോസ് തിരുമേനി തിരുവനന്തപുരം തന്റെ ആസ്ഥാനമാക്കിക്കഴിഞ്ഞിരുന്നു. അതിനാൽ അച്ചൻ പറഞ്ഞു: "നിന്റെ അമ്മ സമ്മതിക്കത്തില്ല. നീ തിരുവനന്തപുരത്തിനു പൊയ്ക്കോ." ഈ വാചകം തിരുമേനി തന്നെ വെളിപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ പോകുന്ന ദിവസം താൻ അറിയേണ്ടെന്നുകൂടി അച്ചൻ പ്രസ്താവിച്ചു. കുഞ്ഞുകുട്ടിക്കു വഴിയാത്രയ്ക്കുള്ള പണം നൽകണമെന്നും കാര്യം രഹസ്യമായി സൂക്ഷിക്കണമെന്നും കാണിച്ച് പറയനോലിക്കൽ ഈപ്പച്ചന്റെ പേർക്കു ഒരു കത്തും അച്ചൻ കുഞ്ഞുകുട്ടിയെ ഏല്പിച്ചു.

1109 ഇടവത്തിലെ ഒരു ഞായറാഴ്ച വിവിധ വികാരങ്ങൾ വർഗീസിന്റെ മനസ്സിൽ ഓളം തല്ലി. മാതാപിതാക്കളുടെ അനുവാദമില്ലാതെ താൻ വീടുവിടുകയാണ്. താൻ വീട്ടിൽ താമസിക്കുന്ന അവസാനത്തെ ദിനമാണിന്ന്. അന്നു വൈകുന്നേരം ഇളയകുട്ടികൾ കുളിക്കുന്നതിനും അത്താഴം കഴിക്കുന്നതിനും കുഞ്ഞുകുട്ടി അവരെ സഹായിച്ചു. അന്നു വൈകുന്നേരം സഹോദരങ്ങളെ പല പ്രാവശ്യം കുഞ്ഞുകുട്ടി ചുംബിക്കുകയുണ്ടായി. പലപ്പോഴും അവന്റെ കണ്ണുകൾ കവിഞ്ഞൊഴുകിയിരുന്നു. പിറ്റെ ദിവസം പ്രഭാതമായി. ദിനചര്യകൾക്കു ശേഷം ആ കർമധീരൻ യാത്രയ്ക്കൊരുങ്ങി. "ഞാൻ ഇരവിപേരൂർ വരെ ചെന്ന് എഴുത്തുവാങ്ങട്ടെ" എന്നു പറഞ്ഞ് കുഞ്ഞുകുട്ടി വീട്ടിൽ നിന്നും ഇറങ്ങി. മൂന്നുപ്രാവശ്യം തിരികെ കയറി അമ്മയെ ആലിംഗനം ചെയ്യുകയും യാത്രചോദിക്കുകയും ചെയ്തു. മുൻ പതിവിനു വിപരീതമായ ഈ പ്രവൃത്തിയിൽ അമ്മയ്ക്കു സംശയം തോന്നാതിരുന്നില്ല. അയൽപക്കത്തു താമസിക്കുന്ന ബന്ധുമിത്രാദികളോടും കുഞ്ഞുകുട്ടി യാത്രചോദിച്ചു. കടമാൻകുളത്തുള്ള പല കത്തോലിക്കരും കുഞ്ഞുകുട്ടിയുടെ യാത്രയെക്കുറിച്ചു അറിഞ്ഞിരുന്നു. പക്ഷേ, അവരാരും ആ വിവരം പുറത്തു പറഞ്ഞില്ല.

വർഗീസ് വീട്ടിൽനിന്നും നേരെ പോയതു പുനരൈക്യപ്പെട്ട് കോട്ടയം രൂപതാംഗമായി സേവനമനുഷ്ഠിച്ചുകൊണ്ടിരുന്ന ബഹു.



malankaralibrary.com

എരണക്കലച്ചന്റെ വീട്ടിലേക്കാണ്. അതിനുശേഷം കുഞ്ഞുകുട്ടി ഇരവിപേരൂർക്കു പോയി ചിലരെയെല്ലാം കണ്ടതിനുശേഷം ആറാട്ടുപുഴ ചെന്ന് തിരുവനന്തപുരത്തേക്കു യാത്രയായി.

രാത്രിയായിട്ടും മകൻ മടങ്ങിയെത്താഞ്ഞപ്പോൾ മാതാപിതാക്കന്മാർക്കു വിഷമമായി. നിദ്രാരഹിതനായി പിതാവ് രാത്രികഴിച്ചുകൂട്ടി. നേരം വെള്ള കീറിയപ്പോൾ തന്നെ അദ്ദേഹം മകനെ അന്വേഷിച്ചിറങ്ങി. വഴിക്കുവച്ച് അദ്ദേഹം പറയനോലിക്കൽ ഈപ്പച്ചനെ കണ്ടുമുട്ടി. കുഞ്ഞുകുട്ടി എങ്ങോട്ടുപോയി എന്ന് അറിയാമായിരുന്ന ഈപ്പച്ചൻ ഇടിക്കുളയെ പിൻതിരിപ്പിക്കാൻ നയരൂപേണ ശ്രമിച്ചു. ഇടിക്കുള കല്ലൂപ്പാറയിലും സമീപപ്രദേശങ്ങളിലുമെല്ലാം മകനെക്കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു. കൃത്യമായി വിവരമറിയാവുന്നവർ മൗനം പൂണ്ടു. ആ ദിവസങ്ങളിൽ ഇടിക്കുള അനുഭവിച്ച മനോവേദനകൾ വായനക്കാർ ഊഹിച്ചുകൊള്ളുക. മകനെ അന്വേഷിച്ച് അദ്ദേഹം വെണ്ണിക്കുളം ആശ്രമത്തിലെത്തി. ഏബ്രഹാമച്ചനെ കണ്ടു. ഇടിക്കുള അച്ചനോടു പറഞ്ഞു: തിങ്കളാഴ്ച രാവിലെ കുഞ്ഞുകുട്ടി വീട്ടിൽ നിന്നു പോയതാണ്. തള്ളയുടെ വീടുകളിലും അന്വേഷിക്കാവുന്നിടത്തെല്ലാം അന്വേഷിച്ചു. അച്ചനുവല്ലതും അറിയാമോ?" അച്ചന്റെ മറുപടി: കുറെ ദിവസങ്ങൾക്കുമുമ്പ് ഇവിടെ വന്നു. ആശ്രമത്തിൽ ചേരണമെന്നും മറ്റും പറഞ്ഞു. പിന്നെ ഇവിടെ വന്നില്ല. തിരുവനന്തപുരത്തു ചെന്നിട്ടുണ്ടോയെന്നു ഞാൻ എഴുതിച്ചോദിക്കാം. വാക്കു പാലിക്കുന്നതിനുവേണ്ടി ഏബ്രഹാമച്ചൻ തിരുവനന്തപുരത്തിനെഴുതി. തിരുവനന്തപുരത്തു നിന്നു മറുപടി ലഭിക്കുന്നതിനു മുമ്പുതന്നെ വർഗീസ് തിരുവനന്തപുരം ആശ്രമത്തിലെത്തിയിട്ടുണ്ടെന്ന വിവരം വീട്ടിൽ അറിഞ്ഞുകഴിഞ്ഞിരുന്നു.

ആറാട്ടുപുഴ നിന്നു യാത്ര തിരിച്ച് വർഗീസ് നാലാഞ്ചിറ ആശ്രമത്തിൽ ഉച്ച കഴിഞ്ഞെത്തി. അവിടെയുള്ള എല്ലാ വൈദികർക്കും സാധുക്കൾക്കും ഈ യുവാവ് സുപരിചിതനാണല്ലോ. അവർ അദ്ദേഹത്തെ സസന്തോഷം സ്വാഗതം ചെയ്തു. കാക്കനാട്ടിൽ അവരാച്ചന്റെ മകൻ സാധുകോശി (ഫാ. കോശി ഒ.ഐ.സി) ആശ്രമത്തിലുണ്ടായിരുന്നു. കുഞ്ഞുകുട്ടി അദ്ദേഹത്തോടു രഹസ്യമായി പറഞ്ഞു: "ഞാൻ വീട്ടിൽ ആരെയും അറിയിക്കാതെയാണു പോന്നിരിക്കുന്നത്." "സാരമില്ല" സാധുകോശി പ്രതിവചിച്ചു. പിറ്റെ ദിവസം തന്നെ അദ്ദേഹം തങ്ങളത്തിൽ ഇടിക്കുളയ്ക്കു ഇപ്രകാരം ഒരു കത്തയച്ചു. "പ്രിയകുട്ടി അളിയൻ അറിയുവാൻ, നമ്മുടെ കുഞ്ഞുകുട്ടി സസുഖം ഇവിടെ



malankaralibrary.com

വന്നുചേർന്നു. നിങ്ങളാരും വിഷമിക്കേണ്ട. തിരുവനന്തപുരത്തുള്ള ബഥനി ആശ്രമത്തിൽ ഞങ്ങളോടു കൂടി സുഖമായി കഴിയുന്നു. നിങ്ങൾ എല്ലാവർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു."

കത്തുകിട്ടിയ ഉടൻ തന്നെ മകനെ തിരികെ കൊണ്ടുവരാൻ ഇടിക്കുള യാത്രയായി. തിരുവനന്തപുരത്തു ചെന്നപ്പോൾ കുഞ്ഞുകുട്ടി ധ്യാനത്തിൽ പ്രവേശിച്ചു കഴിഞ്ഞിരുന്നു. മാർഈവാനിയോസ് തിരുമേനി അപ്പോൾ ആശ്രമത്തിലുണ്ടായിരുന്നു. തിരുമേനി തന്നെ കുഞ്ഞുകുട്ടിയുടെ അടുത്തുകൊണ്ടു ചെന്നു പറഞ്ഞു: "മകൻ ഇതാ നിൽക്കുന്നു. വരുമെങ്കിൽ വിളിച്ചുകൊണ്ടു പൊയ്ക്കൊള്ളൂ." അപ്പന്റെയും മകന്റെയും കണ്ണുകൾ ഇടഞ്ഞു. ആ നാലുനയനങ്ങൾ വാചാലങ്ങളും വിവിധ വികാരദ്യോതകങ്ങളുമായിരുന്നു. വളരെ സങ്കടം ധ്വനിക്കുന്ന സ്വരത്തിൽ അപ്പൻ മകനോടു പറഞ്ഞു: "മകനെ നമുക്കു പോകാം." ഒരക്ഷരംപോലും പ്രതിവചിക്കാതെ മൂകനായി നിന്ന മകൻ അല്പസമയം കഴിഞ്ഞ് ആശ്രമാന്തർഭാഗത്തേക്കു പോയി.

കോപിഷ്ഠനായ ഇടിക്കുള നാട്ടിൽ തിരിച്ചെത്തി. എത്ര കഷ്ടപ്പെട്ടാലും മകനെ ആശ്രമത്തിൽ നിന്ന് ഇറക്കിക്കൊണ്ടുവരാൻ അദ്ദേഹം തീരുമാനിച്ചു. വേദന തിന്നുകൊണ്ട് ആ പ്രിയപിതാവ് തന്റെ മാതുലനായ കുരുവിള മാമ്മനേയും കൂട്ടി വീണ്ടു തിരുവനന്തപുരം ആശ്രമത്തിലെത്തി. വേണ്ടിവന്നാൽ മകനെ പിടിച്ചുകൊണ്ടുപോരാൻ തന്നെയാണ് ഇപ്രാവശ്യത്തെ പുറപ്പാട്. വളരെനേരം കാത്തുനിന്നിട്ടും കുഞ്ഞുകുട്ടിയെ കാണാൻ സാധിക്കാഞ്ഞതിൽ കോപംപൂണ്ട് കുരുവിള മാമ്മൻ പുറത്തിറങ്ങി. ഇടിക്കുള ക്ഷമാപൂർവം അവിടെ കാത്തിരുന്നു. കുറെ കഴിഞ്ഞ് സാധുകോശിയാൽ അനുഗതനായി കുഞ്ഞുകുട്ടി പുറത്തുവന്നു. എന്നാൽ അപ്പനും മകനും പരസ്പരം സംസാരിച്ചില്ല. കുറച്ചുസമയം അവിടെ നിന്നശേഷം മകൻ ആശ്രമാന്തർഭാഗത്തേക്കു പോയി. അപ്പനും കുരുവിളമാമ്മനും നേരെ പട്ടണത്തിലേക്കാണു പോയത്. കുരുവിള മാമ്മൻ തന്റെ അടുത്തബന്ധുവായ ഒരു നിയമപണ്ഡിതനെക്കണ്ട് നിയമോപദേശം ആരാഞ്ഞു. അദ്ദേഹം പറഞ്ഞു: "പോലീസ് ബന്തവസ്സിൽ, മൈനറായ കുഞ്ഞുകുട്ടിയെക്കൊണ്ടു തരാം. എന്നാൽ, പിന്നീട് കുഞ്ഞുകുട്ടി പോയാൽ എന്തു ചെയ്യും? അതുകൊണ്ട് ഇതു ദൈവവിളിയാണ്. അതുപോലെ നടക്കട്ടെ. അദ്ദേഹത്തിന്റെ വാക്കുകൾ അവരെ തൃപ്തിപ്പെടുത്തിയില്ലെങ്കിലും നിയമരീത്യാ ശരിയാണെന്നു ബോധ്യപ്പെട്ടതിനാൽ അവർ വിഷമത്തോടെ നാട്ടിലേക്കു മടങ്ങി.



malankaralibrary.com

## അദ്ധ്യായം അഞ്ച്

# പ്രതീക്ഷകൾ പൂവണിയുന്നു

മാതൃകായോഗ്യനായ ഒരു സന്യാസാർത്ഥിയായിരുന്നു വർഗീസ്. ആശ്രമനിയമങ്ങൾ അക്ഷരശഃ പാലിക്കുന്നതിൽ അദ്ദേഹം ഉത്സുകനായിരുന്നു. അധികാരികൾ നിർദേശിക്കുന്ന ഏതുജോലിയും പൂർണമായ ആത്മാർത്ഥതയോടെ ചെയ്തിരുന്നു. ആധ്യാത്മികമായി കരുത്തുറ്റ ഒരു ജീവിതത്തിനു അടിത്തറ പാകുവാൻ ഈ സന്യാസാർത്ഥി ശ്രദ്ധിച്ചു. വീട്ടുകാരുടെ മനംമാറ്റത്തിനു വേണ്ടി വർഗീസ് പ്രാർത്ഥിച്ചു. സകലതും ദൈവഹിതത്തിനു ഈ യുവാവ് സമർപ്പിച്ചു.

ബ്രദർ വർഗീസ് നാലാഞ്ചിറ ആശ്രമത്തിലെത്തി മൂന്നാലുമാസം കഴിഞ്ഞപ്പോൾ വെണ്ണിക്കുളം ആശ്രമത്തിലുണ്ടായിരുന്ന എല്ലാവരും നാലാഞ്ചിറ ആശ്രമത്തിൽ താമസം തുടങ്ങി. ആശ്രമ പുരോഗതിക്കു വേണ്ടിയുള്ള നടപടികളുമായി. ഫാദർ ജോഷ്വാ ആശ്രമ സുപ്പീരിയറും ഫാദർ ജോൺ നോവീസ് മാസ്റ്ററുമായി. 1933 നവംബർ 21-ാം തീയതി മറ്റ് ആറുപേരോടു കൂടി നവശിഷ്യ പദത്തിൽ (നൊവീഷ്യേറ്റ്) വർഗീസ് പ്രവേശിച്ചു. രാത്രിയിൽ തനിയെ പുറത്തിറങ്ങാൻ വർഗീസിനു പേടിയായിരുന്നു. കൂട്ടുകൂടിയേ പുറത്തിറങ്ങിയുരുന്നുള്ളു. മൗനനിഷ്ഠ കൃത്യമായി പാലിച്ചിരുന്നു. തനിയേ രാത്രിയിൽ ഇറങ്ങി നടക്കാനുള്ള ഭയം മാറാൻ ഒരു സംഭവമുണ്ടായി. അക്കാലത്ത് ആശ്രമസ്ഥർ കുളിക്കുവാൻ പോയിരുന്നതു ആശ്രമത്തിന്റെ പടിഞ്ഞാറേ ചരുവിൽ വയലിൽ കുഴിച്ച ഒരു കിണറ്റുകരയിലായിരുന്നു. ഒരുദിവസം കുളികഴിഞ്ഞ ബ്രദർ തന്റെ കൊന്ത അവിടെ മറന്നിട്ടു മടങ്ങി. രാത്രി അത്താഴംഊണു കഴിഞ്ഞുള്ള ഉല്ലാസവേളയിൽ ഈ സംഭവം ബ്രദർ നൊവീസ് മാസ്റ്ററെ അറിയിച്ചു പോയി എടുത്തുകൊണ്ടുവരാൻ ബഹു. ജോണച്ചൻ നിർദേശിച്ചു. ആരെയെങ്കിലും കൂടെ അയയ്ക്കുമെന്ന പ്രതീക്ഷയിൽ ഇറങ്ങിത്തിരിച്ചു. ഭയമുണ്ടായിരുന്നിട്ടും



malankaralibrary.com

പോയി കൊന്തയെടുത്തു. കൂടെ ആരുമുണ്ടായിരുന്നില്ല. അന്നുമുതൽ ആ ഭയം വിട്ടുമാറി.

ബ്രദർ തന്റെ നൊവീഷ്യേറ്റു കാലം സ്തുത്യർഹമായി കഴിച്ചു. താത്കാലിക വ്രതവാദം നടത്തുന്നതിനുള്ള സമയമായി. ഒരാശ്രമം തിരുവല്ലായിൽ തുടങ്ങുവാനുള്ള ശ്രമം ഫലവത്തായി തീർന്ന വേളയായിരുന്നു. തിരുവനന്തപുരം ആശ്രമത്തിൽ നിന്ന് ആറുപേർ തിരുവല്ലായിക്കു യാത്രയായി. അവരോടുകൂടി വർഗീസിനെ മാർഈവാനിയോസ് തിരുമേനി വീട്ടിലേക്കയച്ചു. "കൊച്ചനെക്കൊണ്ടു വ്രതം ചെയ്യിച്ചാൽ വീട്ടുകാരുടെ ശല്യം മേലാൽ ഉണ്ടാകും. അതുകൊണ്ട് വീട്ടുകാരുടെ സമ്മതം എഴുതിപ്പിച്ചുകൊണ്ടുവരണം. അല്ലെങ്കിൽ വരേണ്ട." എന്ന കല്പനയാണു മാർഈവാനിയോസ് തിരുമേനിയിൽ നിന്നും ഉണ്ടായത്. ആശ്രമവൈദികർ ഇതിനോടു യോജിക്കാതെ തിരുമേനിയെ നിർബന്ധിച്ചിട്ടും അദ്ദേഹം സമ്മതിച്ചില്ല. അതിനാൽ വർഗീസിനെക്കൂടി അവർ കൊണ്ടുപോയി. തിരുവല്ലായിൽ നിന്നും ഒരാളെക്കൂട്ടി ഏബ്രഹാമച്ചൻ ബ്രദറിനെ വീട്ടിലേക്കയച്ചു. മകൻ വീട്ടിലെത്തി കാരണമറിഞ്ഞപ്പോൾ മാതാപിതാക്കൾക്കുണ്ടായ സന്തോഷം ഊഹിക്കാം. സമ്മതപത്രം എഴുതിക്കൊടുക്കാതിരുന്നാൽ മതിയല്ലോ എന്നവർ കരുതി. ഓരോരോ കാരണം പറഞ്ഞ് അതു അവർ നീട്ടിക്കൊണ്ടുപോയി. ബ്രദർ മനമുരുകി പ്രാർത്ഥിച്ചും പോന്നു. തിരുവല്ലായിലുണ്ടായിരുന്ന ആശ്രമവൈദികരെ കൂടെക്കൂടെ സന്ദർശിച്ചു. ഒരാഴ്ച കഴിഞ്ഞപ്പോൾ തിരുമേനി മൈലപ്രായിലുണ്ടെന്നറിഞ്ഞ് ഏബ്രഹാമച്ചൻ ഒരെഴുത്തു കൊടുത്തു ബ്രദറിനെ അങ്ങോട്ടയച്ചു. എന്നിട്ടും തിരുമേനി സമ്മതിച്ചില്ല. തദനന്തരം ബഹു. ഏബ്രഹാമച്ചൻ തിരുമേനിക്ക് ഇപ്രകാരമെഴുതി അയച്ചു. "അങ്ങനെയെങ്കിൽ വീട്ടുകാരുടെ സമ്മതം വാങ്ങി കൊച്ചൻ വരുക സാധ്യമല്ല. അതുകൊണ്ട് ഞങ്ങൾ തിരുവല്ലായിൽ കൊച്ചനെ സ്വീകരിക്കുവാൻ പോകയാണ്." കൊച്ചനെ തിരുവനന്തപുരത്തേക്ക് അയച്ചേക്കു എന്നു കാണിച്ച് തിരുമേനിയുടെ മറുപടി അച്ചനു കിട്ടി. പക്ഷേ, അപ്പോഴേക്കും പലവിധ ശ്രമങ്ങൾ നടത്തി ബ്രദർ അപ്പന്റെ സമ്മതപത്രം വാങ്ങിക്കഴിഞ്ഞിരുന്നു. സസന്തോഷം അദ്ദേഹം തിരുവനന്തപുരത്തിനു യാത്രയായി.

1935 ഓഗസ്റ്റ് 15-ാം തീയതി ബ്രദർ വർഗീസ് ബനഡിക്ട് എന്ന പേരു സ്വീകരിച്ച് സന്യാസജീവിതത്തിലെ താത്കാലിക വ്രതം നടത്തി. ബനഡിക്ട് എന്ന പദത്തിന്റെ അർത്ഥം അനുഗ്രഹിക്കപ്പെട്ടവൻ



malankaralibrary.com

എന്നാണ്. കഥാനായകനെ സംബന്ധിച്ചിടത്തോളം എത്രയോ അന്വർത്ഥമായ പേര്. മാർഈവാനിയോസ് തിരുമേനിയാണ് കാർമികനായിരുന്നത്. മറ്റുള്ള അഞ്ചുപേർ നേരത്തെ വ്രതവാഗ്ദാനം നടത്തിക്കഴിഞ്ഞിരുന്നു.

ഏറെ താമസിയാതെ ബ്രദർ തിരുവനന്തപുരം സെന്റ് അലോഷ്യസ് പെറ്റി സെമിനാരിയിൽ ചേർന്നു പഠനമാരംഭിച്ചു. പഠനത്തിൽ സ്വതവേ സമർത്ഥനായിരുന്ന അദ്ദേഹത്തിനു ലത്തീനും സുറിയാനിയും ഹൃദിസ്ഥമാക്കുവാൻ അധികസമയം വേണ്ടിവന്നില്ല. പെറ്റി സെമിനാരി ജീവിതത്തിന്റെ അവസാനഘട്ടത്തിൽ കൂട്ടു പഠിതാക്കളെ സുറിയാനി പഠിപ്പിച്ചതും ബ്രദർ ബനഡിക്ടായിരുന്നു.

അന്നു പെറ്റി സെമിനാരി പട്ടത്തെ പഴയപള്ളിക്കു സമീപം നിർമിതമായ ഒരു ഷെഡ്ഡിലായിരുന്നു നടത്തിയിരുന്നത്. റവ.ഡോ. മാത്യു പോത്തനാംമൂഴി (പിന്നീട് കോതമംഗലം മെത്രാൻ) റെക്ടറും ഫാദർ മാത്യു ചേന്നാട്ട് വൈസ് റെക്ടറുമായിരുന്നു. പഠന ദിവസങ്ങളിലെല്ലാം ബ്രദർ ബനഡിക്ട് നാലാഞ്ചിറ ആശ്രമത്തിൽനിന്നു പട്ടത്തേക്കു നടന്നുവരികയും വൈകുന്നേരം ക്ലാസുകൾ കഴിഞ്ഞ് തിരിച്ചുപോകുകയുമായിരുന്നു പതിവ്. രണ്ടുവർഷത്തെ കോഴ്സ് ഒരു വർഷംകൊണ്ടു തന്നെ അദ്ദേഹം പൂർത്തിയാക്കി. ✝



malankaralibrary.com

അദ്ധ്യായം ആറ്

# കാൻഡി സെമിനാരിയിൽ

പെറ്റി സെമിനാരി പഠനത്തിനുശേഷം ഉപരിപഠനത്തിനു സുപ്രസിദ്ധമായ കാൻഡി സെമിനാരിയിലേക്കു ബ്രദർ ബനഡിക്ട് അയയ്ക്കപ്പെട്ടു. തത്വശാസ്ത്ര കോഴ്സ് കഴിഞ്ഞ് അവധിക്കാലം നാട്ടിൽ ചെലവഴിക്കാൻ വന്ന തിരുവനന്തപുരം അതിരൂപതയിലെ ഫാദർ സേവ്യർ ഞായപ്പള്ളിയും തിരുവല്ലാരൂപതയിലെ ബഹു. ജോൺ കുന്നത്തച്ചനും സഹയാത്രികരായുണ്ടായിരുന്നു.

ബ്രദർ ബനഡിക്ടിന്റെ മേജർ സെമിനാരി ജീവിതത്തെക്കുറിച്ച് ആണ്ട്, മാസം, തീയതി എന്ന കണക്കിനു എഴുതുവാനുള്ള വസ്തുതകളൊന്നും ഈ ഗ്രന്ഥകർത്താവിന്റെ പക്കലില്ല. അതിരൂപതയിലെയും തിരുവല്ലാ രൂപതയിലെയും കാൻഡിയിൽ പഠിച്ച വൈദികരിൽ നിന്നും ലഭിച്ചിട്ടുള്ള വിവരങ്ങളാണു ഈ അദ്ധ്യായത്തിന്റെ ഉള്ളടക്കം.

ബ്രദർ ബനഡിക്ട് കാൻഡിയിൽ ചെന്നപ്പോൾ തിരുവനന്തപുരം അതിരൂപതയിൽ നിന്നു ആറു ബ്രദേഴ്സ് കാൻഡിയിലുണ്ടായിരുന്നു. ബ്രദർ ബനഡിക്ടിനു ലത്തീൻ ഭാഷയിലുണ്ടായിരുന്ന പ്രാവീണ്യം വകവച്ച് കാൻഡി സെമിനാരിയിലെ ആദ്യവർഷത്തെ കോഴ്സായ റട്രിക്ക് (trhetoric) -ൽ നിന്നു ഒഴിവു കിട്ടി. അതിനാൽ കഥാനായകനു ഒരുവർഷം ലാഭം കിട്ടി. ഇൻഡ്യയിൽ അന്നുണ്ടായിരുന്ന പല രൂപതകളിൽ നിന്നും വൈദിക വിദ്യാർത്ഥികൾ കാൻഡി സെമിനാരിയിൽ ഉണ്ടായിരുന്നു. പല സന്യാസസഭക്കാർ അവിടെ പഠിച്ചിരുന്നെങ്കിലും ഒരു ഇൻഡ്യൻ സന്യാസസഭയിലെ ആദ്യവിദ്യാർത്ഥി ബ്രദർ ബനഡിക്ടായിരുന്നു. കാവി ളോഹ മാറ്റി വെള്ള ളോഹയാണു ബ്രദർ ഉപയോഗിച്ചത്. കൂടെ കുപ്പായത്തിനു പുറത്ത് കറുത്ത ചരടിൽ തൂക്കിയ



malankaralibrary.com

മരക്കുരിശും ധരിച്ചിരുന്നു. അതു കുപ്പായത്തിനകത്തിടാൻ സഹപാഠികളിൽ ചിലർ നിർബന്ധിച്ചെങ്കിലും ബ്രദർ അതു സ്വീകരിച്ചില്ല. പലരും കളയാക്കിയിരുന്നു, Wooden Bishop എന്ന്. പക്ഷേ, അങ്ങനെ ധരിക്കുന്നതു ഒരു പദവിയായും അവകാശമായും അദ്ദേഹം കരുതി.

സാധാരണ മലയാളികൾ സെമിനാരിയിൽ ചെന്നാൽ മലയാളികളോടാവും കൂടുതൽ ഇടപെടുക. ഇംഗ്ലീഷ് സംസാരിക്കുവാനുള്ള പരിചയക്കുറവോ, ലജ്ജയോ ആകാം അതിനു കാരണം. കുറെനാൾ കഴിഞ്ഞേ മലയാളികൾ ഇംഗ്ലീഷിൽ മാത്രം സംസാരിച്ചു തുടങ്ങൂ. പ്രൊഫസറന്മാരോടിടപെടുന്നതും അങ്ങനെതന്നെ. എന്നാൽ ബ്രദർ ബനഡിക്ട് സെമിനാരിയിൽ ചെന്നനാൾ മുതൽ തന്നെ സകലരോടും ഇടപഴകിപ്പോന്നു.

ക്ലാസിൽ നോട്ടുകൾ ശരിയായി എഴുതി എടുക്കുന്നതിലും സംശയം വരുമ്പോൾ കിട്ടുന്ന സന്ദർഭമുപയോഗിച്ചു സംശയനിവൃത്തി വരുത്തുന്നതിനും ബ്രദർ തല്പരനായിരുന്നു. എല്ലാവിധത്തിലും ഒരു മാതൃകാവിദ്യാർത്ഥിയായിരുന്നു ബ്രദർ ബനഡിക്ട്. സെമിനാരിയിലെ വിപുലമായ ഗ്രന്ഥസമുച്ചയം അദ്ദേഹം ശരിയായി ഉപയോഗിച്ചു. ബുദ്ധിപരമായ വളർച്ചയുടെ അടിസ്ഥാനത്തിൽ മാത്രം ഒരാൾ മറ്റൊരാൾക്കു പ്രിയങ്കരനാകണമെന്നില്ല. പലപ്പോഴും മറിച്ചുള്ള അനുഭവമാണു ലോകത്തിൽ കാണുക. എന്നാൽ കഥാപുരുഷന്റെ പെരുമാറ്റത്തിൽ മുഴച്ചുനിന്ന സ്നേഹം, വിനയം, പരോപകാര തല്പരത എന്നീ ഗുണങ്ങൾ അദ്ദേഹത്തോടിടപെട്ടിട്ടുള്ളവർക്കെല്ലാം അദ്ദേഹത്തെ പ്രിയങ്കരനാക്കി. സാന്ത്വന വാക്കുകൾ ആവശ്യമുള്ളവർക്കു അതും സഹതാപമാവശ്യമുള്ളവർക്കു അതും നൽകുവാൻ അദ്ദേഹം ശ്രദ്ധാലുവായിരുന്നു.

ഇന്ത്യൻ ജനതയെ ക്രിസ്തുവിലേക്കാകർഷിക്കുവാൻ കുടുതൽ സഹായകമാകണം എന്ന ലക്ഷ്യത്തോടു കൂടി ഹൈന്ദവതത്വശാസ്ത്രവും ഇന്ത്യൻ സംസ്കാരവും പഠിക്കുന്നതിനുള്ള പ്രോത്സാഹനം അധ്യേതാക്കൾക്കു കാൻഡി സെമിനാരിയിൽ നൽകിയിരുന്നു. ഇന്ത്യൻ അക്കാദമി എന്നൊരു സംഘടനയും സെമിനാരിയിൽ ഉണ്ടായിരുന്നു. അതിൽ നമ്മുടെ കഥാനായകൻ സജീവമായി പങ്കെടുത്തുപോന്നു. അക്കാദമിയുടെ സെക്രട്ടറിയായും പ്രസിഡന്റായും അദ്ദേഹം



malankaralibrary.com

സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതുപോലെ സെമിനാരിയിലെ ഇംഗ്ലീഷ് സമാജത്തിന്റെയും മലയാളം സമാജത്തിന്റെയും യോഗങ്ങളിൽ പ്രസംഗം ചെയ്തു അദ്ദേഹം സമാജത്തെ സഹായിച്ചുപോന്നു.

കാൻഡി സെമിനാരിയിൽ ആഴ്ചയിൽ ഒരുദിനം Villa Day - വില്ലാദിനം ആയിരുന്നു. അന്ന് ശെമ്മാശന്മാരെല്ലാവരും നടന്ന് വില്ലായിലെത്തി സമയം ചെലവഴിക്കണമെന്നു നിർബന്ധമായിരുന്നു. ചിലർ നേരെ വില്ലായിലേക്കു പോയി കിടന്നുറങ്ങും, ചിലർ ചീട്ടുകളിക്കും, മറ്റുചിലർ അതിരാവിലെ പുറപ്പെട്ടു, മലകളും കുന്നുകളും കൊണ്ടു കാൻഡിയുടെ പ്രകൃതിഭംഗി തുളുമ്പി നിൽക്കുന്ന പല സ്ഥലങ്ങളിലും സന്ദർശിച്ച് ഉച്ചയോടെ വില്ലായിൽ തിരിച്ചെത്തും. ഈ ഗണത്തിൽപെട്ട ആളായിരുന്നു ബ്രദർ ബനഡിക്ട്. വില്ലാകൊണ്ട് മേലധികാരികൾ ഉദ്ദേശിച്ച മുഴുവൻ ഫലവും എടുക്കുവാൻ ശ്രമിച്ചുപോന്നവരിൽ ഒരാളായിരുന്നു നമ്മുടെ കഥാനായകൻ. അവധിക്കാലത്ത് വിദൂരസ്ഥലങ്ങളിലേക്ക് ഉല്ലാസയാത്ര നടത്തുക സെമിനാരിയിലെ ഒരു പതിവായിരുന്നു. നമ്മുടെ കഥാനായകന്റെ കാലത്ത് ശെമ്മാശന്മാർ ഏറ്റവും കൂടുതൽ നടന്നുപോയിട്ടുള്ളതു അദ്ദേഹത്തിന്റെ തന്നെ നേതൃത്വത്തിൽ അവർ നടത്തിയ യാത്രാവേളകളിലായിരുന്നു. ബ്രദർ ബനഡിക്ട് കയറാത്ത കുന്നുകളോ മലകളോ കാൻഡിയുടെ സമീപപ്രദേശങ്ങളിലില്ല.

ബ്രദർ ബനഡിക്ട് കളികളിൽ വലിയ തല്പരനോ വാശിയുള്ളവനോ ആയിരുന്നില്ല. എങ്കിലും എല്ലാ കളികളിലും ബ്രദർ പങ്കെടുത്തുപോന്നിരുന്നു. ആരെല്ലാം കളിയാക്കിയാലും ഹോക്കി, വോളി, ബാഡ്മിന്റൻ - ഇവയെല്ലാം ബ്രദർ കളിച്ചിരുന്നു.

പുതിയ ബ്രദേഴ്സ് ആഗതരാകുമ്പോൾ സെമിനാരി ജീവിതത്തിന്റെ രീതികളും ജീവിതനിഷ്ഠയും മറ്റും ചൂണ്ടിക്കാണിച്ച് അവരെ സഹായിക്കുവാൻ തത്ത്വശാസ്ത്രം പഠിക്കുന്ന മൂന്നോ നാലോ പേരെ മാതാവിന്റെ സൊഡാലിറ്റിയുടെ പേരിൽ തെരഞ്ഞെടുക്കുമായിരുന്നു. അവർ പുതുസെമിനാരിക്കാരുടെ നോവീസ് മാസ്റ്റേഴ്സ് ആയിരിക്കും. ഇപ്രകാരമുള്ള ഒരു നോവീസ് മാസ്റ്ററായിരുന്നു ബ്രദർ ബനഡിക്ട്.

പൗരസ്ത്യ റീത്തിൽപെട്ടവർക്കുവേണ്ടി ഞായറാഴ്ചകളിൽ സുറിയാനി ക്ലാസ്സ് നടത്തുന്ന ഒരു പതിവ് കാൻഡി സെമിനാരിയിൽ



malankaralibrary.com

ഉണ്ടായിരുന്നു. മലങ്കര റീത്തിലുള്ള ആരാധനക്രമം അഭ്യസിക്കുന്ന തിനു മലങ്കര റീത്തിലുള്ള ശെമ്മാശന്മാരെ ബ്രദർ ബനഡിക്ട് പ്രോത്സാഹിപ്പിച്ചു. സുറിയാനി ഗീതങ്ങൾ മലയാള ലിപികളിലെഴുതി അവയുടെ കോപ്പികൾ മലങ്കര റീത്തിലുള്ള എല്ലാ ശെമ്മാശന്മാർക്കും നൽകി. അവധി ദിവസങ്ങളിൽ ഗീതങ്ങളും പ്രാർത്ഥനകളും അവരെ അദ്ദേഹം പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തെക്കാൾ പല കൊല്ലങ്ങൾ സീനിയേഴ്സ് ആയിരുന്ന ശെമ്മാശന്മാർക്കു വിശുദ്ധ കുർബാനയുടെ അനുഷ്ഠാനരീതിയും മറ്റും പറഞ്ഞുകൊടുത്ത് അവരെ പഠിപ്പിച്ചതു ബ്രദർ ബനഡിക്ടായിരുന്നു.

1940 അവസാനത്തിൽ തത്വശാസ്ത്രപഠനം പൂർത്തിയാക്കി ഒരു മാസത്തെ അവധിക്കു ബ്രദർ ബനഡിക്ട് തിരുവനന്തപുരത്തു വന്ന വേളയിലാണ് ഈ ലേഖിതാവ് അദ്ദേഹത്തെ ആദ്യമായി കാണുന്നത്. അന്ന് ഈ ഗ്രന്ഥകാരൻ തിരുവനന്തപുരം പെറ്റി സെമിനാരിയിൽ രണ്ടാംവർഷ വിദ്യാർത്ഥിയായിരുന്നു. കെട്ടിടം ഇന്നത്തേതു തന്നെ. താഴത്തെ നിലയുടെ വരാന്തയിൽ ഒരു വൈദികവിദ്യാർത്ഥി നിൽക്കുന്നതുകണ്ട് ഞാൻ ഇറങ്ങിചെന്നു. ആദ്യം കണ്ടപ്പോൾ തന്നെ ചിരപരിചിതനെപ്പോലെ സുസ്മേരവദനനായി അദ്ദേഹം സംസാരിച്ചു. വേഷം വെള്ളക്കുപ്പായം, ചുവന്ന അരക്കെട്ട്, ബഥനി സന്യാസികൾ ധരിക്കുന്ന ഒരു മരക്കുരിശ് ഒരു കറുത്ത ചരടിൽകോർത്ത് കഴുത്തിൽ തൂക്കിയിട്ടുണ്ട്. ഫിലോസഫികോഴ്സ് കഴിഞ്ഞ് കാൻഡി സെമിനാരിയിൽ നിന്നുവന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ആദ്യപട്ടത്തിനുള്ള പരീക്ഷയുള്ളതിനാൽ തിരുവനന്തപുരത്ത് അധികം തങ്ങുകയില്ലെന്നും പറഞ്ഞു. എന്നിട്ട് അദ്ദേഹം ലത്തീനിൽ പറഞ്ഞു: "Dominus pars haereditatis' mear et calicisemei. Tu es qui restitues haereditatem meam mihi" "എന്റെ അവകാശത്തിന്റെയും പാനപാത്രത്തിന്റെയും ഭാഗം കർത്താവാണ്. നീ ആകുന്നു എനിക്കുള്ള ഓഹരി തിരികെ തരുന്നവൻ" എന്നാണ് ഇതിന്റെ മലയാളഭാഷ.

ഈ അവധിക്കാലത്താണു ബ്രദർ ബനഡിക്ട് തന്റെ നിത്യവ്രത വാഗ്ദാനം നടത്തിയത്. അത് 1941 ജനുവരി ഏഴാം തീയതിയായിരുന്നു. ബ്രഹ്മചര്യം, അനുസരണം, ദാരിദ്ര്യം എന്നീ വ്രതത്രയങ്ങൾ നടത്തി അദ്ദേഹം തന്നെത്തന്നെ ക്രിസ്തുനാഥനു സമർപ്പിച്ചു. ഈ ലേഖിതാവും മറ്റൊരു വൈദിക വിദ്യാർത്ഥിയും ഈ സുഭഗസംഭവ



malankaralibrary.com

ത്തിനു സാക്ഷികളായിരുന്നു. വ്രതവാഗ്ദാനശേഷം കാർമികന്റെ പാദം മുത്തി കുമ്പിട്ടു പ്രാർത്ഥിച്ച് അനുസരണം വ്യക്തമാക്കുന്ന ഒരു ചടങ്ങ് മലങ്കര റീത്തിലുണ്ട്. ബ്രദർ ബനഡിക്ട് അല്പം കൂടുതൽ നേരം കുമ്പിട്ടുകിടന്നു. മാർഈവാനിയോസ് തിരുമേനി ബ്രദറിന്റെ ഇടത്തെതോളിൽ സ്പർശിച്ചു ബ്രദറിനെ എഴുന്നേല്പിക്കുകയായിരുന്നു.

ബ്രദർ ബനഡിക്ട് കാൻഡിയിലായിരുന്നപ്പോൾ കൂടെക്കൂടെ വീട്ടിലേക്കു എഴുതുമായിരുന്നു. അവധിക്കു വന്നപ്പോൾ വളരെ സ്നേഹ മസൃണമായ പെരുമാറ്റമാണു അദ്ദേഹത്തിനു വീട്ടിൽ നിന്നു ലഭിച്ചത്. ഒരാഴ്ചയോളം കഥാപുരുഷൻ വീട്ടിൽ താമസിച്ചു. ഉറങ്ങിയിരുന്നതു കടമാൻകുളം കത്തോലിക്കാപള്ളിയിലാണ്. സന്യാസസഭയിൽ ചേരുന്നതിനു വീടുവിട്ടിറങ്ങിയശേഷം മരണംവരെ കഥാനായകൻ വീട്ടിൽ ഉറങ്ങിയിട്ടില്ല.

✝



malankaralibrary.com

## അദ്ധ്യായം ഏഴ്

# ക്രിസ്തുനാഥന്റെ പുരോഹിതൻ

ഏതൊരു ലക്ഷ്യം മുൻനിറുത്തി ബ്രദർ വീടുവിട്ടിറങ്ങിയോ ആ ലക്ഷ്യം സാധിച്ച അവിസ്മരണീയ ദിനമാണ് 1944 ഓഗസ്റ്റ് 24-ാം തീയതി. അദ്ദേഹം തന്റെ സഹപാഠികളായ 13 ശെമ്മാശന്മാരോടൊന്നിച്ച് അന്നു വൈദികാഭിഷേകം പ്രാപിച്ചു. വൈദിക പട്ടം നൽകിയത് ബിഷപ്പ് ബെർണാർഡ് റേഞ്ഞോ ഒ.എസ്.ബി ആണ്. ആ 14 പേരിൽ ഒരാൾ സീറോ മലങ്കര ഹയരാർക്കിയുടെ മെത്രാപ്പോലീത്തയായി. വേറൊരാൾ കുംഭകോണം ബിഷപ്പായിരുന്ന പോൾ അരുൾസ്വാമി.

ഫാദർ ബെനഡിക്ട് പിറ്റെ ദിവസം രാവിലെ സെമിനാരി ചാപ്പലിൽ തന്റെ പ്രഥമ ദിവ്യബലി അർപ്പിച്ചു. സീറോ മലങ്കര റീത്തിലുള്ള എല്ലാ ശെമ്മാശന്മാരും അദ്ദേഹത്തിന്റെ സുഹൃദ്ഗണത്തിൽപെട്ട പല വൈദികരും ശെമ്മാശന്മാരും ആ ദിവ്യബലിയിൽ സംബന്ധിച്ചു. വൈദികനായ ശേഷവും ഫാദർ ബനഡിക്ട് പഠനം തുടർന്നു. തത്വശാസ്ത്രത്തിൽ പ്രശംസനീയമായ നിലയിൽ എൽ.പി.എച്ച് ബിരുദം നേടിയിരുന്ന ഫാദർ ബനഡിക്ട് ദൈവശാസ്ത്രത്തിലും പ്രശംസനീയമായ നിലയിൽ ബിരുദം നേടി എൽ.ഡി.

1944 ഡിസംബർ അവസാനത്തെ ആഴ്ചയിൽ കാൻഡി സെമിനാരിയിലെ പഠനം കഴിഞ്ഞ് ഫാദർ ബനഡിക്ട് പട്ടം അതിമെത്രാസന അരമനയിലെത്തി. മാർഈവാനിയോസ് തിരുമേനിയെ കണ്ട ശേഷം അദ്ദേഹം നാലാഞ്ചിറ ബഥനിയാശ്രമത്തിലേക്കുപോയി. ആശ്രമാംഗങ്ങൾ അദ്ദേഹത്തെ സ്നേഹാദരങ്ങളോടെ സ്വീകരിച്ചു. ഏതാനും ദിവസങ്ങൾ ആശ്രമത്തിൽ താമസിച്ചശേഷം അദ്ദേഹം സ്വന്തം ഇടവകയായ കടമാൻകുളം പള്ളിയിൽ ദിവ്യബലി അർപ്പിച്ചു. വീട്ടുകാരെല്ലാവരും അന്ന് യാക്കോബായക്കാരായിരുന്നുവെങ്കിലും പള്ളിയിലും



malankaralibrary.com

വി. കുർബാനയ്ക്കുശേഷം സെന്റ് മേരീസ് എൽ.പി. സ്കൂളിൽ നടന്ന അനുമോദനയോഗത്തിലും സന്നിഹിതരായിരുന്നു. കഥാപുരുഷനെ നാലാഞ്ചിറ ആശ്രമത്തിലേക്കു പറഞ്ഞുവിട്ട ഏബ്രഹാമച്ചനായിരുന്നു അന്നു കടമാൻകുളം പള്ളിവികാരി.

ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്ത് പാളയം സെന്റ് മേരീസ് കത്തീഡ്രലിലെ അസിസ്റ്റന്റ് വികാരി എന്ന നിലയിലും വെമ്പായം, വള്ളിയറപ്പൻകോട് എന്നീ മിഷനുകളിലെ വികാരിയായും ഫാദർ ബനഡിക്ട് സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. സ്നേഹചൈതന്യഭരിതമായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഫലമായി കത്തോലിക്കാസഭയെക്കുറിച്ച് പ്രസ്തുത മിഷൻപ്രദേശങ്ങളിൽ ആളുകൾക്കു വലിയ മതിപ്പുളവാക്കി. ആ മിഷനുകൾ വളരെ അഭിവൃദ്ധി പ്രാപിച്ചു. അക്കാലത്തു തന്നെ സെന്റ് അലോഷ്യസ് പെറ്റി സെമിനാരി പ്രൊഫസറായും അദ്ദേഹം ജോലിനോക്കിയിരുന്നു. സൈക്കിളിൽ സെമിനാരിയിലെത്തി തിരികെ പോകുകയായിരുന്നു പതിവ്. അവധിക്കു ശെമ്മാശന്മാരെ സുറിയാനിയും ആരാധനക്രമവും പഠിപ്പിച്ചിരുന്നു. ഈ ലേഖിതാവ് ആ ശെമ്മാശന്മാരുടെ ഗണത്തിലുൾപ്പെടാൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ്. മേയ് അവസാനംവരെ അദ്ദേഹം ഈ നിലയിൽ തുടർന്നു.

കഥാനായകനെ ഉപരിപഠനാർത്ഥം അയയ്ക്കുവാനുള്ള ആശ്രമാധികാരികളുടെ തീരുമാനം മാർഈവാനിയോസ് തിരുമേനി അംഗീകരിച്ചു. 1946 ജൂൺ മാസത്തിൽ ധനതത്വശാസ്ത്രം ഐച്ഛിക വിഷയമായെടുത്ത് ഫാദർ ബനഡിക്ട് തൃശിനാപ്പള്ളി സെന്റ് ജോസഫ് കോളേജിൽ ഒരു വിദ്യാർത്ഥിയായി ചേർന്നു. ബി.ഏ. ഓണേഴ്സ് കോഴ്സിനാണ് അദ്ദേഹം ചേർന്നത്. ഇന്ത്യൻ വിദ്യാഭ്യാസ മണ്ഡലത്തിലെ സുപ്രസിദ്ധരും പ്രഗത്ഭമതികളുമായിരുന്ന ഫാദർ കാർട്ടി എസ്.ജെ. പ്രൊഫസ്സർ ശ്രീനിവാസൻ, പ്രൊഫസ്സർ ഹൃദയസ്വാമി എന്നിവരുടെ ക്ലാസ്സിലാണ് ഫാദർ ബനഡിക്ട് ചേർന്നത്. റൂറൽ എക്കണോമിക്സ് (Rural Economics) എന്ന വിഷയത്തിനാണ് ഊന്നൽ നൽകിയത്. പിൽക്കാലത്ത് ഈ കോഴ്സ് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ സ്വാധീനം ചെലുത്തുകയുണ്ടായി. കോളജിലെ ഏതാനും അധ്യാപകർ താമസിച്ചിരുന്ന ബല്ലാർമിൻസ് ഹോസ്റ്റലിൽ അവരോടൊന്നിച്ചാണു താമസിച്ചത്. കാൻഡിയിലെപ്പോലെ തന്നെ ഇടപെട്ടവരുടെയെല്ലാം സ്നേഹാദരങ്ങൾക്കു ബനഡിക്ടച്ചൻ പാത്രമായി. അക്കാ



malankaralibrary.com

ലത്ത് ബനഡിക്ടച്ചന്റെ ഒരു വർഷം സീനിയറായ ഒരു വൈദിക നോട് അച്ചനെക്കുറിച്ച് ഈ ലേഖകൻ ആരാഞ്ഞപ്പോൾ കിട്ടിയ മറുപടി "ബനഡിക്ടച്ചൻ ഒരു കൊച്ചു മാർഈവാനിയോസ് ആണ്" എന്നായിരുന്നു.

അക്കാലത്ത് ഫാദർ ബനഡിക്ടിൽ നിന്നുതന്നെ ഈ ലേഖിതാവ് ഗ്രഹിക്കുവാനിടയായ ഒരു സംഭവം എത്ര നിസ്സാരമാണെങ്കിൽപോലും അതു അദ്ദേഹത്തിന്റെ വിശ്വാസചൈതന്യത്തെ കാണിക്കുന്നതാകയാൽ ഇവിടെ രേഖപ്പെടുത്തുന്നു. അവധിക്കാലം കഴിഞ്ഞ് തൃശ്ശിനാപ്പള്ളിക്കു അച്ചൻ യാത്രചെയ്യുകയാണ്. ശരീരത്തിനു അത്ര സുഖമില്ല. മൂന്നാംക്ലാസ്സ് കമ്പാർട്ടുമെന്റിലാണു യാത്ര. കമ്പാർട്ടുമെന്റിൽ വളരെയധികം ആളുകൾ കയറിപ്പറ്റിയിട്ടുണ്ട്. ചെങ്കോട്ട നിന്നും അനുഭവിച്ചു തുടങ്ങിയ ചൂട് കാറ്റ് ശരീരത്തിനു അസഹ്യമായി. ഏതോ കാരണവശാൽ ട്രെയിൻ തൃശ്ശിനാപ്പള്ളി സെൻട്രൽ സ്റ്റേഷനിൽ വളരെ താമസിച്ചാണെത്തിയത്. അവിടെ നിന്നു ഹോസ്റ്റലിലെത്തിയപ്പോൾ രാത്രി പന്ത്രണ്ടുമണി കഴിഞ്ഞിരുന്നു. ശരീരത്തിനു ക്ഷീണം. അസഹ്യമായ ദാഹം. അല്പം വെള്ളം കുടിച്ചാൽ ക്ഷീണം മാറും. ദിവസവും രാവിലെ വി. കുർബാന ചൊല്ലണമെങ്കിൽ ഉപവാസം അനുഷ്ഠിക്കണം. ഉപവാസം സംബന്ധിച്ച് മലങ്കര റീത്തിൽ ഇന്നുള്ള നിയമമല്ലാ അന്നത്തേത്. ഇന്നു പച്ചവെള്ളം കുടിച്ചാൽ ഉപവാസലംഘനമാകുകയില്ല. വി. കുർബാന ചൊല്ലുന്നതു മുടങ്ങരുതെന്ന ആഗ്രഹത്തിൽ അച്ചൻ ആ തീവ്രദാഹവും കൊണ്ട് കിടക്കയെ ശരണം പ്രാപിച്ചു. പിറ്റേദിവസം രാവിലെ അദ്ദേഹം വി. കുർബാന ചൊല്ലി. പക്ഷേ, ഇതിനോടകം പനി അദ്ദേഹത്തെ പിടികൂടിക്കഴിഞ്ഞിരുന്നു. ഒരു ദിവസവും വി. കുർബാന ചൊല്ലുന്നതിനു മുടക്കം വരുത്തിയില്ലെങ്കിലും മൂന്നു ദിവസം ക്ലാസ്സിൽ പോകുന്നതു മുടങ്ങി.

ബനഡിക്ടച്ചന്റെ സ്ഥിരോത്സാഹവും പരിശ്രമവും വിജ്ഞാനതൃഷ്ണയും 1949 ലെ ഓണേഴ്സ് പരീക്ഷയ്ക്കു ഒന്നാംക്ലാസ്സിൽ ഒന്നാമൻ എന്ന സ്ഥാനം അദ്ദേഹത്തിനു നേടിക്കൊടുത്തു.

ഫാദർ ബനഡിക്ട് തൃശ്ശിനാപ്പള്ളിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്താണ് അദ്ദേഹത്തിന്റെ പിതാവും രണ്ടു സഹോദരന്മാരും കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടത്. 1947 ൽ ബഹു. അച്ചൻ അവധിക്കു വന്നപ്പോൾ അന്ന് കടമാൻകുളം പള്ളി വികാരിയായിരുന്ന ഫാ. ഏബ്രഹാം ഒ.ഐ.സി യുടെ ക്ഷണമനുസരിച്ച് സ്വന്തം ഇടവക



malankaralibrary.com

പ്പള്ളിയിൽ ഒരാഴ്ച ധ്യാനപ്രസംഗങ്ങൾ നടത്തി. ധ്യാനം കഴിയുമ്പോൾ അച്ചന്റെ മതാപിതാക്കളും സഹോദരങ്ങളും പുനരൈക്യപ്പെടുമെന്ന് വികാരിയച്ചൻ ഫാ. ബനഡിക്ടിനു ഉറപ്പുകൊടുത്തിരുന്നു. എന്നാൽ, സമയമായപ്പോൾ അച്ചന്റെ പിതാവ് ഇടിക്കുളയും രണ്ടു സഹോദരന്മാരും മാത്രമേ പുനരൈക്യപ്പെട്ടുള്ളു. കടമാൻകുളം തിരുഹൃദയപ്പള്ളിയിൽ വികാരിമാരായിരുന്നിട്ടുള്ളവരുടെയും പ്രാർത്ഥനയും ഉപദേശങ്ങളും ബനഡിക്ടച്ചന്റെ സ്നേഹപൂർവമായ നിർബന്ധം കാണിച്ചുള്ള എഴുത്തുകളും ഇടിക്കുളയുടെ പരിവർത്തനത്തിനു ഹേതുവായിട്ടുണ്ട്. അച്ചൻ തന്നെയാണ് അപ്പനെയും സഹോദരങ്ങളെയും കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചത്. അമ്മയും മറ്റു സഹോദരങ്ങളും വാശിയോടുകൂടി യാക്കോബായ സഭയിൽ ഉറച്ചു നിന്നു. അടുത്ത അവധിക്കു നാട്ടിലെത്തിയപ്പോൾ അമ്മ കത്തോലിക്കയാകാൻ സമ്മതിച്ചിട്ടുള്ള വിവരം കാണിച്ച് ഒരു കത്ത് അച്ചനു കിട്ടി. അച്ചൻ തിരുവനന്തപുരത്തു നിന്നു വീട്ടിലെത്തി. മുറ്റത്തുകയറിയപ്പോഴേ അമ്മയിൽ നിന്നു കാര്യം ഗ്രഹിക്കുവാനുള്ള ഒരു നയം എന്ന നിലയിൽ അച്ചൻ വിളിച്ചു പറഞ്ഞു: "അമ്മേ വിശക്കുന്നു, വല്ലതും തായോ." മകനു ഭക്ഷണം നൽകുവാനുള്ള ശ്രമത്തിൽ അമ്മ വ്യാപൃതയായി. അച്ചനും അമ്മയോടും സംഭാഷണം തുടങ്ങി. സംഭാഷണത്തിൽ അച്ചനു ഗ്രഹിക്കുവാനിടയായി, തനിക്കു ലഭിച്ച കത്തിൽ പറഞ്ഞകാര്യം യഥാർത്ഥമല്ലെന്ന്. അമ്മ അടുക്കളകാര്യങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരുന്ന വേളയിൽ അച്ചൻ മറ്റൊരു വഴിയേ ഭഗ്നാശനായി തിരുവനന്തപുരത്തിനു മടങ്ങി. അച്ചൻപോയി കുറേ കഴിഞ്ഞപ്പോൾ ആ വീട്ടിലെ കറവപ്പശുവിന്റെ തുള്ളിച്ചാടി നടന്നിരുന്ന കിടാവ് പെട്ടെന്നു പിടഞ്ഞുവീണു ചത്തു. തന്റെ മകന്റെ ഹൃദയം നൊമ്പരപ്പെടുത്തിയതിനാലാണു ഇതുണ്ടായതെന്നു ആ അമ്മ ആ സംഭവം വ്യാഖ്യാനിച്ചു. എങ്കിലും ഉടനെതന്നെ കത്തോലിക്ക സഭാംഗമാകാമെന്ന് ആ അമ്മ സമ്മതിച്ചില്ല. അപ്പനും രണ്ടു സഹോദരന്മാരും കത്തോലിക്കരായി കഴിഞ്ഞ് രണ്ടുവർഷത്തിനിടയിൽ അമ്മയും സഹോദരങ്ങളും കത്തോലിക്കരായി. അവരെയും സഭയിലേക്ക് സ്വീകരിച്ചത് ബനഡിക്ട് അച്ചനാണ്. അതിന്റെ ശേഷമാണ് അച്ചന്റെ മുഖം നല്ലതുപോലെ പ്രസാദിച്ചതെന്ന് കുടുംബാംഗങ്ങൾ ഈ ലേഖിതാവിനോട് ഒരിക്കൽ പറയുകയുണ്ടായി.



malankaralibrary.com

അദ്ധ്യായം എട്ട്

# കോളജ് പ്രിൻസിപ്പൽ

മാർഈവാനിയോസ് തിരുമേനിയുടെ ചിരകാലാഭിലാഷമായിരുന്നു ഒരു ഒന്നാംഗ്രേഡ് കോളജ് സ്ഥാപിക്കണമെന്നത്. യാക്കോബായ സഭയിൽ എം.ഡി. സെമിനാരി പ്രിൻസിപ്പൽ ആയിരുന്നപ്പോൾ തന്നെ ഈ ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. കത്തോലിക്കാസഭയിൽ ഒരു ആർച്ചുബിഷപ്പായ ശേഷവും ഈ ആഗ്രഹം അദ്ദേഹത്തിൽ നിലനിന്നു. തന്റെ സന്തതസഹചാരികളായിരുന്ന വൈദികരോട് അദ്ദേഹം ഇക്കാര്യം പറഞ്ഞിട്ടുമുണ്ട്. അതിരൂപതയുടെ അഭിവൃദ്ധിക്കുവേണ്ടി പല കാര്യങ്ങളും നിർവഹിക്കേണ്ടിയിരുന്നതിനാൽ ഈ ആഗ്രഹസാഫല്യവും നീണ്ടുപോയി. തിരുവനന്തപുരം അതിരൂപതയ്ക്കു കെട്ടുറപ്പ് സംജാതമായിക്കഴിഞ്ഞപ്പോൾ ഈ ആഗ്രഹം തിരുമേനിയുടെ ചിന്തകളുടെ മുമ്പിൽ സ്ഥാനം പിടിച്ചു.

ഇപ്പോൾ നാലാഞ്ചിറയിൽ മാർഈവാനിയോസ് കോളേജ് നിൽക്കുന്ന സ്ഥലം ദേവക്കോട്ടയിലെ ഒരു ചെട്ടിയാരുടെ വകയായിരുന്നു. അയാൾ ആ സ്ഥലം വിൽക്കാനുദ്ദേശിക്കുന്നുവെന്ന് മാർഈവാനിയോസ് തിരുമേനി അറിഞ്ഞു. നഗരത്തിന്റെ ബഹളങ്ങളിൽ നിന്നു ഒഴിഞ്ഞുമാറി 160 ഏക്കർ വിസ്താരമുള്ള പ്രശാന്തരമണീയമായ ഈ സ്ഥലം ഒരു കലാലയത്തിനു സർവ്വഥാ അനുയോജ്യമാണ്. തിരുമേനി ഒരു അനുയായിയോടു കൂടി വസ്തു ഉടമസ്ഥനെ സ്ന്ദർശിച്ചു വില പറഞ്ഞ് ഉറപ്പിച്ചു. നിശ്ചിത തീയതിതന്നെ വിലയാധാരവും നടന്നു. തിരുമേനി ആ സ്ഥലം വാങ്ങിക്കഴിഞ്ഞപ്പോൾ അതു സർക്കാരാവശ്യത്തിനു പൊന്നും വിലയ്ക്കെടുക്കുവാൻ ചില കരുനീക്കങ്ങൾ നടന്നു. എന്നാൽ ധിഷണശാലിയായിരുന്ന മാർഈവാനിയോസ് തിരുമേനി ആ കരുനീക്കങ്ങളെ അതിന്റെ ഉത്ഭവസ്ഥാനത്തു വച്ചുതന്നെ പരാജയപ്പെടുത്തി.



malankaralibrary.com

നമ്മുടെ കഥാപുരുഷൻ വൈദികനാകുന്നതിനു ഏകദേശം ഒരു വർഷം മുമ്പാണ് ഇവയെല്ലാം നടന്നത്. അദ്ദേഹം വൈദികനായി മട ങ്ങിയെത്തി ആശ്രമത്തിൽ താമസിച്ചിരുന്ന കാലത്ത് ഇന്നത്തെ മാർ ഈവാനിയോസ് കോളജിന്റെ ഗയ്റ്റിനടുത്തുള്ള കെട്ടിടത്തിൽ താമ സിച്ചുകൊണ്ട് അവധിക്കാലം തിരുവനന്തപുരത്തു താമസിക്കുവാ നെത്തിയ ഏതാനും ശെമ്മാശന്മാരെ സുറിയാനിയും ആരാധനക്ര മവും പഠിപ്പിച്ചിട്ടുണ്ട്. ആ ശെമ്മാശന്മാരുടെ ഗണത്തിൽ ഞാനും ഉണ്ടായിരുന്നു. മാർഈവാനിയോസ് തിരുമേനി ആ ദിവസങ്ങളിൽ വൈകുന്നേരം നാലാഞ്ചിറക്കുന്നിൽ നടക്കാനെത്തും. പലപ്പോഴും തിരുമേനിയെ ഈ ഗ്രന്ഥകർത്താവും അനുഗമിക്കും. കോളജ് സ്ഥാപ നത്തെക്കുറിച്ചും കെട്ടിടം എവിടെയാണു നിർമിക്കുന്നതെന്നതിനെ ക്കുറിച്ചും വന്ദ്യതിരുമേനിയിൽ നിന്ന് അന്നു ഞാൻ കേട്ടിട്ടുണ്ട്. ഒരി ക്കൽ വൈകുന്നേരം ഞാൻ ബനഡിക്ടച്ചനുമൊരുമിച്ചു നാലാഞ്ചിറ ക്കുന്നിൽ നടക്കുകയായിരുന്നു. കോളജിന്റെ പ്രധാനകെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥാനത്തെത്തിയപ്പോൾ ഞാൻ അച്ചനോടു പറഞ്ഞു: "അച്ചാ, ഇവിടെയാണു കോളജിന്റെ പ്രധാനകെട്ടിടം പണിയുവാൻ പോകുന്നത്. അച്ചനായിരിക്കും കോളജിന്റെ ആദ്യത്തെ പ്രിൻസി പ്പൽ." അച്ചനന്നു കോളജിൽ പഠിക്കുവാൻ പോയിട്ടില്ല. കോളജ് സ്ഥാപനത്തെക്കുറിച്ചുള്ള സംസാരം മാത്രമേ മാർഈവാനിയോസ് തിരുമേനിയിൽ നിന്ന് ഉണ്ടായിട്ടുള്ളു. അപ്പോൾ അച്ചൻ എന്നെ വളരെ കളിയാക്കി. അദ്ദേഹം കോളജിന്റെ വൈസ് പ്രിൻസിപ്പലായി രുന്ന കാലത്ത് ഞാൻ അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനത്തെക്കു റിച്ചും സംസാരിച്ചിട്ടുണ്ട്. അന്നും കുറച്ചു കളിയാക്ക് കിട്ടി. പക്ഷേ, കാലചക്രഭ്രമണത്തിൽ ഈ രണ്ടു കാര്യങ്ങളും സംഭവിച്ചു. ബാലാ മിന്റെ കഴുത സംസാരിച്ച കാര്യം വേദപുസ്തകത്തിലുണ്ടല്ലോ.

ബനഡിക്ടച്ചൻ തൃശ്ശിനാപ്പള്ളിയിൽ പഠിച്ചുകൊണ്ടിരുന്ന കാല ത്താണ് നാലാഞ്ചിറയിൽ കോളജിന്റെയും ഹോസ്റ്റൽ കെട്ടിടത്തി ന്റെയും പണി തുടങ്ങിയതും. 1949 മേയ് മാസത്തോടു കൂടി ഒരു കലാലയം ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങളെല്ലാം പൂർത്തി യായി. മാർ ഈവാനിയോസ് കോളജ് എന്ന പേരിൽ അറിയപ്പെടുന്ന പ്രസ്തുത കലാലയത്തിന്റെ പ്രഥമ പ്രിൻസിപ്പലായി ബനഡിക്ടച്ചൻ നിയമിക്കപ്പെട്ടു.

1949 മേയ് മാസത്തിൽ കോളജിൽ പഠനം ആരംഭിച്ചു. ധനതത്വ



malankaralibrary.com

ശാസ്ത്രത്തിൽ ബി.ഏ. ജൂനിയർ ക്ലാസ്സും ചരിത്രവിഷയങ്ങളിൽ ജൂനിയർ ഇന്റർമീഡിയറ്റ് ക്ലാസ്സും ആണ് ആരംഭിച്ചത്. 145 വിദ്യാർത്ഥികൾ മാത്രമേ ആ വർഷം കോളജിൽ ഉണ്ടായിരുന്നുള്ളു. കോളജിന്റെ രണ്ടാംവർഷം ഇന്റർമീഡിയറ്റ് ക്ലാസ്സുകൾക്കു ഒന്നും രണ്ടും ഗ്രൂപ്പുകൾ തുടങ്ങി. ആ വർഷത്തെ വിദ്യാർത്ഥികളുടെ സംഖ്യ 641 ആയിരുന്നു. കോളജിന്റെ മൂന്നാംവർഷം 1011 വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

ബനഡിക്ടച്ചൻ രണ്ടുവർഷം കോളജിന്റെ പ്രിൻസിപ്പലായും അടുത്ത രണ്ടുവർഷം വൈസ് പ്രിൻസിപ്പലായും സ്തുത്യർഹമായ സേവനമനുഷ്ഠിച്ചു. ലളിതമായ ജീവിതം, കറയറ്റ സേവനതല്പരത, അശ്രാന്തപരിശ്രമം, ആത്മാർത്ഥതയും സ്നേഹവും തുളുമ്പുന്ന പെരുമാറ്റം - ഇവയെല്ലാം അച്ചനെ സഹാധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രിയങ്കരനാക്കി. കോളജിൽ നല്ല അച്ചടക്കം നിലനിന്നു. ബനഡിക്ടച്ചന്റെ സേവനസന്നദ്ധതയും വിദ്യാർത്ഥികളോടുള്ള ഉറ്റബന്ധവും സ്പഷ്ടമാക്കുന്ന ഒരു സംഭവം ഇതാ. കോളജിൽ പബ്ലിക് പരീക്ഷ നടക്കുന്ന ഒരു ദിവസം ചോദ്യക്കടലാസ് ഔദ്യോഗികമായി പൊട്ടിച്ചു വിതരണം ചെയ്യുന്നതിനു ഏതാനും മിനിറ്റുകൾ മാത്രം. പക്ഷേ, പ്രിൻസിപ്പലിനെ ഓഫീസിൽ കാണാനില്ല. എന്തുചെയ്യണമെന്നറിയാതെ ചോദ്യക്കടലാസ് ലഭിക്കുന്നതിനു അധ്യാപകർ ഓഫീസിൽ നിൽക്കുന്നു. അപ്പോൾ കാണാം പ്രിൻസിപ്പൽ ഒരു വിദ്യാർത്ഥിയെ സൈക്കിളിൽ ഇരുത്തി വേഗം ഉന്തിക്കൊണ്ടു വരുന്നത്. കാലിൽ എന്തോ മുറിവും സ്വല്പം പനിയുമുള്ള ഒരു കുട്ടിയെ പരീക്ഷയ്ക്കു നടന്നുപോകുവാൻ അനുവദിക്കാതെ സ്വന്തം സൈക്കിളിൽ കയറ്റിക്കൊണ്ടു വരുകയായിരുന്നു അദ്ദേഹം.

അച്ചന്റെ ഉദാത്തമായ സ്നേഹവും ഔദാര്യവും കാണിക്കുന്ന മറ്റൊരു സംഭവം. നിർദ്ധനനായ ഒരു വിദ്യാർത്ഥി സ്കൂൾ ഫൈനൽ പരീക്ഷയിൽ ഒന്നാംക്ലാസ്സിൽ ഉന്നതമായ നിലയിൽ പാസ്സായി കോളജിൽ ചേരുവാൻ ചെന്നു. അച്ചൻ അവനെ കോളജിൽ പ്രവേശിപ്പിക്കുകയും ഫീസാനുകൂല്യം നൽകുകയും ചെയ്തു. അവനെ ഹോസ്റ്റലിൽ താമസിപ്പിക്കുവാനും നിർദേശിച്ചു. പ്രസ്തുത വിദ്യാർത്ഥി ഹോസ്റ്റലിലെത്തിയതു വെറുംകയ്യോടെയായിരുന്നു. ശയ്യോപകരണങ്ങളില്ല. വേണ്ടത്ര വസ്ത്രങ്ങളുമില്ല. ഒരു ദിവസത്തിനകം ഇവയെല്ലാം അവനു ലഭിച്ചു. പക്ഷേ അച്ചന്റെ മുറിയിൽ നിന്നു ആരുമറി



malankaralibrary.com

യാതെ പല സാധനങ്ങളും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. അയാൾ പിന്നീട് പ്രഗത്ഭനായ ഒരു എൻജിനീയറായി.

ഉത്തമനായ ഒരു അധ്യാപകനുവേണ്ട സകല ഗുണങ്ങളും അച്ചനിൽ വിളങ്ങിയിരുന്നു. വിദ്യാർത്ഥികളുമായി അദ്ദേഹം വ്യക്തിബന്ധം പുലർത്തിപ്പോന്നു. സാമ്പത്തികമായി വിഷമതകൾ അനുഭവിക്കുന്നവരെ ഉള്ളഴിഞ്ഞു സഹായിക്കാൻ സന്നദ്ധനായിരുന്നു. ഹോസ്റ്റൽ വാർഡൻ കൂടിയായിരുന്നു അച്ചൻ. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ മാത്രം ഒതുങ്ങിയിരുന്നില്ല. വിജ്ഞാനം പകരുന്നതോടുകൂടി കളികൾക്കും വിനോദയാത്രകൾക്കും അദ്ദേഹം വിദ്യാർത്ഥികളോടൊപ്പം കൂടിയിരുന്നു. കോളജ് പ്രിൻസിപ്പലായിരുന്നപ്പോഴും അദ്ദേഹം അക്ഷരാർത്ഥത്തിൽ തന്നെ മാതൃകായോഗ്യനായ ഒരു സന്യാസവൈദികനും കൂടിയായിരുന്നു. വസ്ത്രങ്ങൾ രണ്ടോ മൂന്നോ മാത്രമേ ഉണ്ടായിരുന്നുള്ളു. പലപ്പോഴും സ്വയം അലക്കുകയുമായിരുന്നു. കോളജ് സജ്ജീകരണങ്ങളുടെ പരിശോധനയ്ക്കു സർവകലാശാലാക്കമ്മീഷൻ എത്തുന്ന ദിവസം അന്നുപയോഗിക്കുവാനുള്ള വസ്ത്രങ്ങൾ സ്വയം നനച്ചു തേച്ചിട്ടാണുപയോഗിച്ചത്. രാവിലെ ക്ലാസ്സാരംഭിക്കുന്നതിനു മുമ്പ് രണ്ടു മിനിട്ടു നേരത്തേക്കുള്ള മൗനപ്രാർത്ഥനയെന്ന ഭക്തകൃത്യം അദ്ദേഹം കോളജിൽ ആരംഭിച്ചതു ഇന്നും നിലനിൽക്കുന്നുണ്ട്. കത്തോലിക്കാവിദ്യാർത്ഥികളുടെ ആധ്യാത്മികാഭിവൃദ്ധിക്കുവേണ്ടി കാതലിക്ക് സ്റ്റുഡൻസ് യൂണിയൻ (C.S.U) അച്ചൻ കോളജിൽ സ്ഥാപിക്കുകയും അതിന്റെ ചുമതല ഏറ്റെടുക്കുകയും ചെയ്തു.

1951 ൽ ഫാദർ തോമസ് നങ്ങച്ചിവീട്ടിൽ ഉപരിപഠനം കഴിഞ്ഞ് അമേരിക്കയിൽ നിന്നു മടങ്ങിയെത്തിയപ്പോൾ മാർ ഈവാനിയോസ് തിരുമേനി അദ്ദേഹത്തെ കോളജിന്റെ പ്രിൻസിപ്പലും ഫാദർ ബനഡിക്ടിനെ വൈസ്പ്രിൻസിപ്പലുമാക്കി. സാധാരണരീതിയിൽ നോക്കുമ്പോൾ അതു ഒരു തരംതാഴ്ത്തലായി തോന്നാം. എന്നാൽ, ഇതു അച്ചനെ ഒട്ടുംതന്നെ വിഷമിപ്പിച്ചില്ല. മറ്റാരെങ്കിലുമായിരുന്നെങ്കിൽ ജോലിയിൽ നിന്നു പിരിഞ്ഞേനെ. അങ്ങനെ കേരളത്തിൽ സംഭവിച്ചിട്ടുമുണ്ട്. പ്രിൻസിപ്പലിന്റെ ചുമതലയിൽ നിന്നു വിട്ടുമാറിയെങ്കിലും അച്ചന്റെ പ്രവർത്തനരീതിക്കോ പെരുമാറ്റങ്ങൾക്കോ യാതൊരുവ്യത്യാസവും ഉണ്ടായില്ല. സേവനത്തിനുള്ള ഒരു മാർഗം മാത്രമായിരുന്നു അച്ചനു അധികാരസ്ഥാനം. ✝



malankaralibrary.com

## അദ്ധ്യായം ഒൻപത്

# മംഗളവാർത്ത

അമേരിക്കൻ പര്യടനവും ആസ്ത്രേലിയൻ പര്യടനവും കഴിഞ്ഞ് തിരിച്ചെത്തിയ മാർഈവാനിയോസ് തിരുമേനി വീണ്ടും പഴയ പോലെ തന്നെ നിരവധി കർമരംഗങ്ങളിൽ മുഴുകി. അദ്ദേഹത്തിന്റെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കയാണെന്ന് ഏറ്റവും അടുത്തു ഇടപ്പെട്ടിരുന്നവർ ഗ്രഹിച്ചു. പ്രവർത്തനനിരതമായ ഒരു മനുഷ്യ ഡൈനാമോ ആയിരുന്ന തിരുമേനി 1952 മേയ് മാസമായപ്പോഴേക്കും ക്ഷീണഗ്രസ്തനായി. പഴയതുപോലെ പണിയെടുക്കുക അദ്ദേഹത്തിനു ക്ലേശകരമായി. കൂടെക്കൂടെ ക്ഷീണവും തളർച്ചയും അദ്ദേഹത്തിനനുഭവപ്പെട്ടു. തിരുവനന്തപുരത്തെ വിദഗ്ധരായ ഡോക്ടർമാർക്കു രോഗകാരണം കൃത്യമായി കണ്ടുപിടിക്കാൻ സാധ്യമായില്ല. വിദഗ്ദ്ധ ചികിത്സക്കായി മദ്രാസിൽ പണ്ടാലയുടെ ആശുപത്രിയിൽ പ്രവേശിക്കുവാൻ 1952 ജൂലായ് ആദ്യവാരത്തിൽ കാർ മാർഗം തിരുമേനി മദ്രാസിലേക്കു യാത്ര തിരിച്ചു. ജൂലായ് ഏഴാം തീയതി തിരുമേനി ഉദരത്തിൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായി. 16 ഡോക്ടറന്മാർ ചേർന്ന ഒരു ടീമാണു ശസ്ത്രക്രിയ നടത്തിയത്. രോഗം കണ്ടുപിടിക്കുവാൻ അവർക്കു കഴിഞ്ഞു. കരളിന്റെ മുകൾഭാഗത്ത് ചെറിയ അനേകം കരുക്കൾ ഉണ്ടായതാണു രോഗകാരണം. കരളിൽ ഒരു ശസ്ത്രക്രിയ നടത്തുവാൻ അവർ ധൈര്യപ്പെട്ടില്ല. മദ്രാസിലെ ചികിത്സയ്ക്കുശേഷം അദ്ദേഹം ഏതാനും നാളുകൾ ബാംഗ്ലൂരിലെ സെന്റ് മാർത്താസ് ഹോസ്പിറ്റലിൽ കഴിച്ചു. അതിനുശേഷം അദ്ദേഹം തിരുവനന്തപുരത്ത് നാലാഞ്ചിറ ആശ്രമത്തിൽ താമസമാക്കി. നമ്മുടെ കഥാനായകൻ എല്ലാദിവസവും തിരുമേനിയെ കണ്ട് സംസാരിക്കുമായിരുന്നു.

ബഥനി ആശ്രമത്തിൽവച്ച് തിരുമേനിക്കു നടത്തിയ കന്തീലാശുശ്രൂഷയിൽ ബനഡിക്ടച്ചൻ നിറകണ്ണുകളോടെ പങ്കെടുത്തു. കുറെ



malankaralibrary.com

നാൾ കഴിഞ്ഞ് മാർഈവാനിയോസ് തിരുമേനി പട്ടം അരമനയിലേക്കു താമസം മാറ്റി. അപ്പോഴും മിക്കദിവസവും വൈകുന്നേരം അച്ചൻ അരമനയിലെത്തി തിരുമേനിയെ സന്ദർശിച്ചിരുന്നു. രോഗത്തിനു കുറെ ശമനമുണ്ടായി. അല്പസ്വല്പമൊക്കെ പരസഹായത്തോടെ നടക്കാമെന്നായപ്പോൾ തിരുമേനി പലദിവസങ്ങളിലും മാർ ഈവാനിയോസ് കോളജിൽ ബനഡിക്ടച്ചൻ വാർഡനായിരുന്ന ഹോസ്റ്റലിന്റെ മുമ്പിലെത്തിയിരുന്നു. മുറ്റത്തു സജ്ജമാക്കിയിരുന്ന കസേരയിൽ കിടന്ന് അദ്ദേഹം വിശ്രമിക്കും. പ്രകൃതിഭംഗിയാസ്വദിച്ചും കുളിർകാറ്റേറ്റും വിശ്രമിക്കുന്ന തിരുമേനിയുടെ സമീപം അച്ചൻ ഉണ്ടായിരിക്കും. പല കാര്യങ്ങളെക്കുറിച്ചും അവർ തമ്മിൽ സംഭാഷണം നടത്തും.

1952 ഒക്ടോബർ മാസത്തിൽ തിരുമേനിയുടെ രോഗം അല്പം കൂടി. ഹോസ്റ്റൽ ചാപ്പലിൽ വിദ്യാർത്ഥികളോടൊത്ത് അച്ചൻ ഗദ്ഗദകണ്ഠനായി പ്രാർത്ഥന നടത്തുമായിരുന്നു. വിദ്യാർത്ഥികളോടൊന്നിച്ച് തിരുവനന്തപുരം നഗരത്തിലെ എല്ലാ കത്തോലിക്കാ ദൈവാലയങ്ങളിലേക്കും നഗ്നപാദനായി സഞ്ചരിച്ച് ഒരു പ്രാർത്ഥനാ യജ്ഞം തന്നെ നടത്തി. പട്ടം ദൈവാലയത്തിൽ അന്ന് ഈ തീർത്ഥാടകരെ സ്വീകരിച്ചതു ഈ ലേഖിതാവാണ്.

രോഗഗ്രസ്തനായ നാൾ മുതൽ ഒരു സഹായമെത്രാനെക്കുറിച്ചു മാർഈവാനിയോസ് തിരുമേനി ചിന്തിച്ചിരിക്കാം. കാരണം അദ്ദേഹം വളരെ ദീർഘദൃഷ്ടിയുള്ള വ്യക്തിയായിരുന്നു. പുനരൈക്യ പ്രസ്ഥാനത്തിന്റെ ഭാവി പക്വമതിയും ആദർശനിഷ്ഠയും കാര്യപ്രാപ്തിയും സർവോപരി ജീവിതവിശുദ്ധിയും ഒത്തിണങ്ങിയ ഒരു വൈദികമേലധ്യക്ഷന്റെ സ്ഥാനാരോഹണത്തെയും ആശ്രയിച്ചാണിരിക്കുന്നതെന്നു അദ്ദേഹത്തിനു അറിയാമായിരുന്നു എന്നു തീർച്ച. തന്റെ കാലത്തുതന്നെ ഒരു മെത്രാൻ അഭിഷിക്തനാകണമെന്നു അദ്ദേഹം ആഗ്രഹിച്ചു. ഏതൽക്കാര്യ സാധ്യത്തിനുവേണ്ടി ചികിത്സ ആരംഭിക്കുന്നതിനു മുമ്പുതന്നെ ഇന്ത്യയിലെ വത്തിക്കാൻ പ്രതിപുരുഷൻ മുഖേന അദ്ദേഹം റോമിലേക്കു അപേക്ഷ അയച്ചു കഴിഞ്ഞിരുന്നു.

1952 നവംബർ മാസത്തിലെ മൂന്നാമത്തെ ആഴ്ചയിലൊരു ദിവസം ബനിഡിക്ടച്ചൻ ക്ലാസ്സെടുത്തു കൊണ്ടിരുന്നപ്പോൾ പട്ടം ആർച്ചുബിഷപ്പ്സ് ഹൗസിൽ നിന്നു ഒരു ദൂതൻ അച്ചനെ കാണാൻ ക്ലാസ്സിന്റെ പുറത്തുനിൽക്കുന്നു. അച്ചൻ ആ സന്ദർശകന്റെ പക്കലെത്തി. ഭംഗി



malankaralibrary.com

യായി ഒട്ടിച്ച ഒരു കവർ അച്ചനെ ഏല്പിച്ചിട്ട് സന്ദർശകൻ യാത്ര യായി. അന്ന് അരമനയിലുണ്ടായിരുന്ന മാർസേവറിയോസ് തിരുമേ നിയുടെ ഒരു കത്ത് അച്ചൻ ശ്രദ്ധാപൂർവം വായിക്കുന്നു. നാലുമ ണിക്കു അരമനയിലെത്തണമെന്നു കാണിച്ചുള്ള ആ കത്ത് വായിച്ച ശേഷം അച്ചൻ അധ്യാപനം തുടർന്നു.

തന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവിന്റെ നാന്ദിയാണ് ആ കത്തെന്ന വിവരവും അച്ചനു അജ്ഞാതമാണ്. അച്ചൻ നാലുമ ണിക്കു കോളജ് വിട്ടശേഷം സൈക്കിളിൽ അരമനയിലെത്തി.

സേവറിയോസ് തിരുമേനി അരമനയുടെ രണ്ടാംനിലയിലെ ഏറ്റം പടിഞ്ഞാറേ മുറിയിലായിരുന്നു. അച്ചൻ മുറിയിലെത്തി. കുശലപ്ര ശ്നങ്ങൾക്കുശേഷം തിരുമേനി അച്ചനോടു പറഞ്ഞു: "മാർഈവാനി യോസ് തിരുമേനിയുടെ സഹായമെത്രാനായി അച്ചനെ റോമിൽനിന്നും തെരഞ്ഞെടുത്തിരിക്കുന്നു. ഈ സ്ഥാനം സ്വീകരിക്കുവാൻ സമ്മത മാണെന്നു കാണിച്ച് നുൺഷ്യോ തിരുമേനിക്ക് അച്ചൻ കോഡ് (Code) ഭാഷയിൽ കമ്പിസന്ദേശമയയ്ക്കണം. ഒന്നുരണ്ടു ദിവസത്തി നകം ഔദ്യോഗികമായ അറിയിപ്പ് ഇവിടെ ലഭിക്കും." ബനഡിക്ട് അച്ചൻ ഏതാനും മിനിറ്റു നേരത്തേക്കു മൗനം പൂണ്ടു. സേവറി യോസ് തിരുമേനി അച്ചന്റെ വാക്കുകൾക്കു ആകാംക്ഷയോടെ കാത്തി രിക്കുന്നു. ഏതാനും മിനിട്ടുകൾക്കുശേഷം അച്ചൻ പ്രതിവചിച്ചു: "എനിക്കു ചിന്തിക്കാൻ സമയം വേണം. പിന്നീടു മറുപടി അയയ്ക്കാം" മാർസേവറിയോസ് തിരുമേനിയുടെ കൈമുത്തി അച്ചൻ കോളജി ലേക്കു മടങ്ങി. അദ്ദേഹം പതിവിലേറെ ചിന്താധീനനായി ഏവർക്കും കാണപ്പെട്ടു. പതിവുപോലെ അദ്ദേഹം സ്വകൃത്യങ്ങളിൽ വ്യാപൃത നായി. പക്ഷേ, അച്ചന്റെ മനസ്സ് കലങ്ങിമറിഞ്ഞുകൊണ്ടിരുന്നു. പ്രാർത്ഥ നയിൽ അദ്ദേഹം അഭയം തേടി, പ്രാർത്ഥനാപൂർവം കാര്യങ്ങൾ വിശ കലനം ചെയ്തു. ഇതു ദൈവതിരുമനസ്സാണെന്നും ദൈവതിരുമന സ്സിനു താൻ കീഴ്വഴങ്ങേണ്ടതാണെന്നും അച്ചനു ബോധ്യപ്പെട്ടു. മെത്രാൻ സ്ഥാനം സ്വീകരിക്കുവാൻ സമ്മതമാണെന്നു നാലാംദി വസം അച്ചൻ കോഡ് ഭാഷയിൽ ഇന്റർ നൂൺഷ്യോയിക്കു കമ്പി സന്ദേശമയച്ചു.

നവംബർ 30-ാം തീയതി തിരുവനന്തപുരത്തുള്ള പത്രപ്രതിനിധി കൾക്കു ഈ മംഗളവാർത്തയുടെ വിവരം ലഭിച്ചു. പരിശുദ്ധ സിംഹാ സനത്തിന്റെ ഔദ്യോഗിക ജിഹ്വയെന്നു വിശേഷിപ്പിക്കാവുന്ന "ഒസ്സർവ



malankaralibrary.com

ത്തോരെറൊമാനോ"യിൽ ഈ വർത്ത സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. റോയിട്ടർ ഈ വാർത്തയ്ക്കു പ്രചാരം നൽകി. നഗരത്തിലും കോള ജിലും ഈ വാർത്ത പെട്ടെന്നു വ്യാപിച്ചു.

വൈദികരും സ്നേഹിതരും അഭ്യുദയകാംക്ഷികളും വിദ്യാർത്ഥി കളും തിരുമേനിയെ കണ്ട് ആശംസകളർപ്പിക്കാൻ അഹമഹമികയാ എത്തിത്തുടങ്ങി.

1952 ഡിസംബർ ഒന്നാം തീയതിയിലെ മലയാളപത്രങ്ങളെല്ലാം ഈ മംഗളവാർത്തയും കൊണ്ടാണു പുറത്തുവന്നത്. അവയിലെല്ലാം തന്നെ അച്ചന്റെ ബ്ലോക്കും ലഘുജീവിത ചരിത്രവുമുണ്ടായിരുന്നു. തിരുവനന്തപുരം അതിരൂപതയിലും തിരുവല്ലാ രൂപതയിലും സകല മാനകത്തോലിക്കരും വൈദികരും ഈ വാർത്ത സഹർഷം സ്വാഗതം ചെയ്തു.

രണ്ടു ദിവസത്തിനകം വാർത്ത ഔദ്യോഗികമായി പട്ടം അരമന യിലെത്തി. മാർഈവാനിയോസ് തിരുമേനി നിയുക്തമെത്രാനെ ഔദ്യോഗികമായി വിവരമറിയിച്ചു.

നിയുക്ത മെത്രാൻ പട്ടം അരമനയിൽ താമസമാക്കി. മാർഈവാ നിയോസ് തിരുമേനിയുടെ നിർദേശാനുസരണം നിയുക്തമെത്രാൻ എറണാകുളത്തുപോയി എറണാകുളം ആർച്ചുബിഷപ്പ് മാർആഗ സ്റ്റിൻ കണ്ടത്തിൽ തിരുമേനിയെ സന്ദർശിച്ചു. വളരെ ഊഷ്മളമായ സ്വീകരണമാണു അവിടെ ലഭിച്ചത്. കണ്ടത്തിൽ തിരുമേനി ഒരു സുവർണമോതിരം നിയുക്ത മെത്രാനെ അണിയിച്ചു.

മാർത്തോമ്മാശ്ലീഹായുടെ ആഗമനത്തിന്റെ 19-ാം ശതാബ്ദിയും വി. ഫ്രാൻസിസ് സേവ്യറുടെ ചരമത്തിന്റെ നാലാം ശതാബ്ദിയും ഏകോപിച്ചുള്ള ആഘോഷങ്ങൾ നടക്കുന്ന സന്ദർഭമായിരുന്നു അത്. ഗോവയിലേക്കു നടന്ന രണ്ടാം തീർത്ഥയാത്രയുടെ നായകൻ ബന ഡിക്ട് തിരുമേനിയായിരുന്നു. മൊത്തം 520 പേർ ഉണ്ടായിരുന്ന ആ തീർത്ഥാടന സംഘത്തിൽ 50 വൈദികരും നൂറു കന്യാസ്ത്രീകളും ബാക്കി സാധാരണ വിശ്വാസികളുമുണ്ടായിരുന്നു. സ്പെഷ്യൽ ട്രയി നിലായിരുന്നു യാത്ര.

✝



malankaralibrary.com

## അദ്ധ്യായം പത്ത്

# മെത്രാൻ പട്ടാഭിഷേകം

ബനഡിക്ട് തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകം അത്യാഡംബരപൂർവ്വം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിച്ചുകൊണ്ടിരുന്നു. അതിമെത്രാസന അരമന വളപ്പിൽ പുതുതായി പണികഴിപ്പിക്കാൻ തുടങ്ങിയിരുന്ന കത്തീഡ്രൽ ദൈവാലയത്തിന്റെ തറമുഴുവൻ ഉൾക്കൊള്ളുവാൻ കഴിയുന്ന ഒരു മൂന്നുനില പന്തൽ രൂപം കൊണ്ടു. അഭിവന്ദ്യ തിരുമേനിമാർക്കു താമസിക്കുവാൻ മസ്ക്കറ്റ് ഹോട്ടൽ, ഗവൺമെന്റ് അതിഥിമന്ദിരങ്ങൾ ഇവയെല്ലാം കാലേക്കൂട്ടി റിസർവു ചെയ്തു കഴിഞ്ഞു. ഇടവകകളിൽ നിന്നെത്തുന്നവർക്കു അരമന പരിസരങ്ങളിൽവച്ചുതന്നെ ഭക്ഷണം നൽകുന്നതിനു മെസ്സ് കമ്മിറ്റി വേണ്ട ഏർപ്പാടുകൾ ചെയ്തുകഴിഞ്ഞു. ജനുവരി 29-ാം തീയതി സ്ഥാനാഭിഷേകം നടത്തേണ്ടതാണെന്നു തീരുമാനിക്കപ്പെട്ടു.

മാർഈവാനിയോസ് തിരുമേനി ഈ കാലഘട്ടത്തിലും ആലസ്യവിധേയനായിരുന്നു. ദീർഘനേരത്തേക്കുള്ള ഈ ശുശ്രൂഷ അനാരോഗ്യവാനായ തിരുമേനിക്കു വളരെ ക്ലേശകരമായിരിക്കുമെന്നതിനാൽ അദ്ദേഹം മെത്രാഭിഷേക ശുശ്രൂഷ നടത്താതിരിക്കയായിരിക്കും നല്ലതെന്നു പലരും ഉപദേശിച്ചുനോക്കി. അതിനുമുമ്പു പതിമ്മൂന്നു മാസത്തേക്കു അദ്ദേഹം കഠിനരോഗിയായിരുന്നതാണു കാരണം. എന്നാൽ ഗുണകാംക്ഷികളുടെ ഉപദേശങ്ങളെല്ലാം അദ്ദേഹം തിരസ്കരിക്കുകയാണു ചെയ്തത്. തന്റെ കൈകൾ കൊണ്ടുതന്നെ സഹായമെത്രാനു പട്ടം കൊടുക്കണമെന്നു വാഞ്ഛിച്ച തിരുമേനിയുടെ മനക്കട്ടി അപാരമെന്നു തന്നെ പറയാം. 1953 ജനുവരി 28-ാം തീയതി ഉച്ചകഴിഞ്ഞപ്പോൾ തന്നെ വലിയ ഒരു ഉത്സവത്തിന്റെ പ്രതീതി അരമനപ്പറമ്പിൽ ദൃശ്യമായിരുന്നു.



malankaralibrary.com

ജനുവരി 29-ാം തീയതി വ്യാഴാഴ്ച പ്രഭാതം പൊട്ടിവിടർന്നപ്പോൾ പട്ടാഭിഷേക പന്തലിലേക്കു ആളുകൾ പ്രവഹിച്ചു തുടങ്ങി. കാറുകളിലും ബസ്സുകളിലും സൈക്കിളുകളിലും കാൽനടയായും ജനങ്ങൾ എത്തിക്കൊണ്ടിരുന്നു. പ്രശസ്താഥികളെ വഹിച്ചുകൊണ്ടുള്ള കാറുകളുടെ ഒരു പ്രവാഹം തന്നെ ദൃശ്യമായി. അരമനയുടെ പ്രധാനകവാടത്തിൽ വച്ച് മാർഈവാനിയോസ് കോളജിലെ വിദ്യാർത്ഥികൾ ഉൾപ്പെട്ട സുശിക്ഷിതരായ സന്നദ്ധഭടന്മാർ എല്ലാവരേയും സ്വീകരിച്ച് പന്തലിലേക്കു ആനയിച്ചുകൊണ്ടിരുന്നു.

അഭിഷേകകർമത്തിനുള്ള ആദ്യപരിപാടിയായി നിയുക്തമെത്രാനെ ഒരു ഘോഷയാത്രയായി പന്തലിലേക്കു ആനയിച്ചു. ഇടവകവൈദികർ, സന്യാസ വൈദികർ, അഭിവന്ദ്യതിരുമേനിമാർ, നിയുക്തമെത്രാൻ എന്ന വിധത്തിലായിരുന്നു ഘോഷയാത്രയുടെ ക്രമം. മാർഈവാനിയോസ് തിരുമേനി ഏറ്റവും പുറകിൽ കാറിൽ സഞ്ചരിച്ചു. അരമനയിൽ നിന്നു ഘോഷയാത്ര പന്തലിലെത്താൻ 25 മിനിറ്റ് വേണ്ടിവന്നു. 13 തിരുമേനിമാർ ഉണ്ടായിരുന്നു. കൂടാതെ 6 മോൺസിഞ്ഞോർമാരും, തിരുമേനി മാർമദ്ബഹായിൽ അവർക്കു നിശ്ചയിച്ചിരുന്ന ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി. മെത്രാഭിഷേകത്തിന്റെ പ്രധാന കാർമികനായിരുന്ന മാർഈവാനിയോസ് തിരുമേനി വി. കുർബാന അർപ്പിക്കുവാനുള്ള തൂയോബാ ശുശ്രൂഷ ആരംഭിച്ചു. ഈ സന്ദർഭത്തിൽ പാലാ മെത്രാൻ മാർസെബാസ്റ്റ്യൻ വയലിൽ തിരുമേനി പ്രസംഗിച്ചു. അനന്തരം ഫാദർ സാലസ് സി.എം.ഐ നിയുക്തമെത്രാനെ മാർഈവാനിയോസ് തിരുമേനിയുടെ സഹായമെത്രാനായി പരിശുദ്ധ സിംഹാസനത്തിൽ നിന്നയച്ചിരുന്ന 'ബൂള' വായിച്ചു.

മാർഈവാനിയോസ് തിരുമേനിയുടെ സഹകാർമികന്മാർ മാർസേവറിയോസ് തിരുമേനിയും കോട്ടയം മെത്രാൻ മാർതോമസ് തറയിൽ തിരുമേനിയും ആയിരുന്നു. അവർ നിയുക്ത മെത്രാനെ സമീപിച്ച് "തിരുവനന്തപുരം ആർച്ചുബിഷപ്പ് തിരുമേനിയുടെ സഹമെത്രാനാകുവാൻ അങ്ങയെ പരിശുദ്ധാത്മാവ് ക്ഷണിക്കുന്നു" എന്നു പ്രസ്താവിച്ച് പട്ടാഭിഷേകത്തിനു ക്ഷണിച്ചു. നിയുക്തമെത്രാൻ അവരുടെ മുമ്പിൽ മുട്ടുകുത്തി "ഞാൻ സമ്മതിച്ച് അതു സ്വീകരിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് പ്രസ്തുത ക്ഷണം സ്വീകരിച്ചു.

മാർഈവാനിയോസ് തിരുമേനി വി.കുർബാന തുടർന്നു. പട്ടാഭിഷേകത്തിനു സമയമായപ്പോൾ മാർഈവാനിയോസ് തിരുമേനി



malankaralibrary.com

സിംഹാസനത്തിൽ ആസനസ്ഥനായി. ബഹു. കാർമികന്മാർ നിയുക്തമെത്രാനെ മദ്ബഹായിൽ കൊണ്ടുവന്നു. അദ്ദേഹം വിശ്വാസപ്രഖ്യാപനം പരസ്യമായി വായിച്ച് അതു മാർഈവാനിയോസ് തിരുമേനിയെ ഏല്പിച്ചു. തുടർന്ന് സീറോ മലങ്കര റീത്തനുസരിച്ചുള്ള പട്ടാഭിഷേക ക്രമങ്ങൾ തുടർന്നു. മാർഗ്രിഗോറിയോസ് എന്ന നാമധേയത്തിൽ മാർഈവാനിയോസ് തിരുമേനി നിയുക്തമെത്രാനു മെത്രാൻ പട്ടാഭിഷേകം നൽകി. പ്രധാനാചാര്യ സ്ഥാനത്തിനടുത്ത അംശവസ്ത്രങ്ങൾ നൽകി. അംശവസ്ത്രധാരിയായ പുതിയ തിരുമേനിയെ സിംഹാസനത്തിലിരുത്തി വൈദികർ എടുത്തു. അദ്ദേഹം സിംഹാസനത്തിലിരുന്ന് ഏവൻഗേലിയോൻ വായിച്ചു. അതിനുശഷം അംശവടി നൽകലായിരുന്നു ചടങ്ങ്. കാർമികനും പുതിയ മെത്രാനും ത്രോണോസിനു നേരെ തിരിഞ്ഞു നിന്നു. കാർമികൻ നവമെത്രാനു രഹസ്യോപദേശം നൽകിയതോടെ മെത്രാഭിഷേകകർമങ്ങൾ സമാപിച്ചു.

തുടർന്നു കാർമികനും മെത്രാന്മാരുമെല്ലാവരും നവമെത്രാനു സമാധാനചുംബനം നൽകി. പട്ടാഭിഷേകകർമം മൂലം ക്ഷീണിതനായ മാർഈവാനിയോസ് തിരുമേനി അരമനയിലേക്കു മടങ്ങി. അനന്തരം അഭിനവതിരുമേനിക്കുള്ള മംഗളപത്രം ചേപ്പാട്ടു ഫീലിപ്പോസ് റമ്പാൻ വായിച്ച് തിരുമേനിക്കു നൽകി. കത്തോലിക്കാ കോൺഗ്രസ്സ് മുതലായ സംഘടനകളുടെ വകയായി പിന്നീടു ഹാരാർപ്പണം നടന്നു. തിരുവനന്തപുരം അതിരുപാതാ വൈദികരുടെ വകയായും ബഥനി സന്യാസിനീ സന്യാസ സമൂഹങ്ങളുടെ വകയായും തിരുമേനിക്കു ജ്ഞാനമഞ്ജരി സമർപ്പിക്കപ്പെട്ടു. മാർ ഈവാനിയോസ് കോളജിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വകയായി സ്വർണം കൊണ്ടുള്ള സ്ലീബായും കുരിശുമാലയും ധൂപക്കുറ്റിയും സമർപ്പിക്കപ്പെട്ടു. ബഥനി സന്യാസാശ്രമത്തിന്റെ വകയായി കാസായും പീലാസായും സമർപ്പിക്കപ്പെട്ടു. ഈ സ്നേഹപ്രകടനങ്ങൾക്കു തിരുമേനി ഇങ്ങനെ പ്രസംഗിച്ചു.

"പെന്തിക്കോസ്തി ദിവസം ക്രിസ്തു ശിഷ്യന്മാർക്കു നൽകിയ വാചാലതയുടെ ഒരംശം എനിക്കു കിട്ടിയിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുകയാണ്. എങ്കിൽമാത്രമേ എനിക്കിതിനു മറുപടി പറയാൻ സാധ്യമാകു...........

ഇന്നു മുതൽ നിങ്ങളുടെ ദുഃഖം എന്റെ ദുഃഖവും നിങ്ങളുടെ



malankaralibrary.com

ആവശ്യം എന്റെ ആവശ്യവും നിങ്ങളുടെ സന്തോഷം എന്റെ സന്തോഷവും ആയിരിക്കും.

"മുന്നൂറു വർഷങ്ങൾക്കു മുമ്പു നടന്ന സഭാഭിന്നത അവസാനിപ്പിക്കുന്നതിനു എന്റെ സകലകഴിവുകളും ഞാൻ വിനിയോഗിക്കുന്നതാണ്."

പട്ടാഭിഷേകത്തിൽ സംബന്ധിച്ച തിരുമേനിമാർക്കും പുരോഹിതന്മാർക്കും പ്രമുഖവ്യക്തികൾക്കും ഉച്ചയ്ക്കു സെന്റ് മേരീസ് ഹൈസ്കൂൾ ഹാളിൽ വച്ച് ലഞ്ച് നൽകപ്പെട്ടു. നാലരമണിക്കു പന്തലിൽ നടത്തിയ വിഭവസമൃദ്ധമായ ഗാർഡൻ പാർട്ടിയിൽ 1500-ഓളം പ്രമുഖവ്യക്തികൾ പങ്കെടുത്തു. കൊച്ചുതിരുമേനിക്കു മംഗളങ്ങൾ നേർന്നുകൊണ്ട് തിരുമേനി വൈദികവിദ്യാഭ്യാസം നിർവഹിച്ച കാൻഡി പേപ്പൽ സെമിനാരിയുടെ റെക്ടർ പ്രസംഗിച്ചു.

അനന്തരം മാർഗ്രിഗോറിയോസ് തിരുമേനിയെ അനുമോദിച്ചും മാർഈവാനിയോസ് തിരുമേനിയുമായുള്ള ചിരകാല സൗഹൃത്ബന്ധം അനുസ്മരിച്ചും കെ.സി. മാമ്മൻ മാപ്പിള പ്രസംഗിച്ചു.

അഭിനവ തിരുമേനിയുടെ ജന്മദേശം തന്റെ പിതാമഹന്മാരുടെ ജന്മദേശമായ കല്ലൂപ്പാറയാണെന്നും തങ്ങൾ തമ്മിൽ രക്തബന്ധമുണ്ടെന്നും അദ്ദേഹം പ്രസ്താവിക്കുകയുണ്ടായി. പിന്നീട് മാർഈവാനിയോസ് തിരുമേനി ചെയ്ത പ്രസംഗത്തിൽ ഇന്നത്തെ മംഗളകർമത്തിൽ പ്രകടമായ സഹകരണബുദ്ധിക്കു കൃതജ്ഞത പ്രകടിപ്പിച്ചു. തന്റെ സഹമെത്രാനായി അഭിനവതിരുമേനിയെ ലഭിച്ചതിൽ അദ്ദേഹം സന്തോഷം പ്രകടിപ്പിക്കുകയുണ്ടായി. താൻ തന്റെ ജീവിതഗതി വ്യത്യാസപ്പെടുത്തി മറ്റൊരു ജീവിതഗതിയിൽ പ്രവേശിച്ചപ്പോൾ മാമ്മൻ മാപ്പിള അദ്ദേഹത്തിന്റെ ജീവിതപഥത്തിൽ ഉറച്ചുനിൽക്കുകയാണുണ്ടായതെന്നും മാർഈവാനിയോസ് തിരുമേനി പ്രസ്താവിക്കുകയുണ്ടായി. ആശംസകൾക്കും അനുമോദനങ്ങൾക്കും മറുപടിയായി അഭിനവമെത്രാൻ പ്രസംഗിച്ചു.

"നിങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു ഞാൻ കൃതജ്ഞനാണ്. നിങ്ങളുടെ സഹകരണ വാഗ്ദാനം എനിക്കു ധൈര്യവും പ്രചോദനവും നൽകുന്നു. കോളജിൽ കുറെനാൾ കഴിച്ചുകൂട്ടിയതിനാൽ ധാരാളംപേരുമായി പരിചയപ്പെടാനിടയായി. വ്യക്തിപരമായി പറഞ്ഞാൽ കോളജിലെ ജോലിയായിരുന്നു ഏറെ സന്തോഷപ്രദം. പക്ഷേ,



malankaralibrary.com

ദൈവഹിതം അതല്ല. മനുഷ്യനു ശരീരവും ആത്മാവുമുണ്ട്. ആധ്യാത്മിക പുരോഗതിക്കു ശാരീരികസിദ്ധികളുമാവശ്യമാണ്. ആധ്യാത്മികമായ ഒരു മൂല്യം ഉണ്ടായിരിക്കണം. സമസ്തപ്രവർത്തനങ്ങൾക്കും, രാഷ്ട്രീയ, സാമൂഹിക, സാമുദായിക പ്രവർത്തനങ്ങളിൽ അതു തെളിയിക്കണം. രാഷ്ട്രീയവും ആധ്യാത്മിക പുരോഗതിയുമായി ബന്ധമുണ്ട്. രാഷ്ട്രീയത്തിൽ അധികചിന്ത ചെലുത്തുന്ന രാജ്യങ്ങൾ അപകടത്തെ ക്ഷണിച്ചുവരുത്തുന്നുവെന്ന് തൃശ്ശിനാപ്പള്ളിയിലെ ഒരു പ്രഫസ്സർ പറയുകയുണ്ടായി. നാം ഒരു പ്രതിസന്ധി ഘട്ടത്തിലാണ് രാഷ്ട്രീയത്തെപ്പറ്റി നാം കൂടുതൽ ചിന്തിക്കുന്നു. സാമ്പത്തിക കാര്യങ്ങളിലും സഭയ്ക്കു കണ്ണടയ്ക്കുവാൻ കഴിയുകയില്ല. എനിക്കു സാധുക്കളോട് അധികം സ്നേഹമുണ്ട്. ഞാൻ ഒരു പാവമായിരുന്നു. പട്ടിണിയുടെ വിഷമത നേരിട്ടറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. എന്റെ ആയുസ്സിന്റെ ബാക്കി മുഴുവൻ സാധുക്കളുടെ ഉയർച്ചയ്ക്കുവേണ്ടി വിനിയോഗിക്കുമെന്നു ഞാൻ പ്രതിജ്ഞ ചെയ്യുന്നു. പട്ടിണിക്കാരോടു പ്രേമമുണ്ടെന്നു പറഞ്ഞു കണ്ണുനീർ വീഴ്ത്തുന്ന ഏതൊരുവനെയും വെല്ലുവിളിക്കാൻ ഞാൻ തയ്യാറാണ്." അന്നുതന്നെ സന്ധ്യയ്ക്ക് വി.ജെ.ടി. ഹാളിൽ വച്ച് മാർഈവാനിയോസ് തിരുമേനിയുടെ അധ്യക്ഷതയിൽ മാർത്തോമ്മാശ്ലീഹായുടെ ശതാബ്ദജൂബിലി വിവിധ ക്രൈസ്തവവിഭാഗങ്ങൾ ചേർന്നുകൊണ്ടാടി. വിവിധ സഭകളിലെ പന്ത്രണ്ടു മെത്രാന്മാരും ഒട്ടനവധി പ്രമുഖവ്യക്തികളും ആ യോഗത്തിൽ സംബന്ധിച്ചു. അഭിനവ തിരുമേനിയെക്കുറിച്ച് മാർഈവാനിയോസ് തിരുമേനി പ്രസ്താവിച്ചു. "ഒരു ശിശു ജനിക്കുന്ന അവസരത്തിൽ ആ കുടുംബത്തിൽ മാത്രമല്ല, അടുത്ത ഗൃഹങ്ങളിലും സന്തോഷം ഉണ്ടാകുന്നതാണ്. നിങ്ങളുടെ പുതിയ മെത്രാൻ തിരുവനന്തപുരത്ത് പുതിയ ആളല്ല. നിങ്ങൾ അദ്ദേഹത്തെ പലനിലകളിലും വീക്ഷിച്ചിട്ടുണ്ട്. മാർഗ്രിഗോറിയോസ് തിരുമേനിയുടെ വിജയം സ്വയം പരിത്യാഗത്തിലടങ്ങിയിരിക്കുന്നു....." അഭിനവ മെത്രാനെ അനുമോദിച്ചുകൊണ്ട് പലരും പ്രസംഗിച്ചു. മാർഗ്രിഗോറിയോസ് തിരുമേനി മറുപടി പ്രസംഗം ചെയ്തു. ക്രൈസ്തവസഭകൾ തമ്മിലുള്ള ഭിന്നതകൾ അവസാനിപ്പിക്കണമെന്ന ഒരാഹ്വാനം അതിൽ മുഴങ്ങിനിന്നു.

പിന്നെ സ്വീകരണങ്ങളുടെയും അനുമോദനങ്ങളുടെയും ഒരു ഘോഷയാത്രയായിരുന്നു. സ്വന്തം നാട്ടിൽ ലഭിച്ച സ്വീകരണം തിരുമേനിക്കു കൂടുതൽ ആഹ്ലാദം പകർന്നിരിക്കാം. തിരുവനന്തപുരം അതിരൂപതയിൽ അനേകം സ്ഥലങ്ങളിൽ തിരുമേനിക്കു വമ്പിച്ച സ്വീകരണം ലഭിച്ചു.

✝



malankaralibrary.com

അദ്ധ്യായം പതിനൊന്ന്

# ഭരണച്ചുമതലയിലേക്ക്

മെത്രാനായശേഷം നമ്മുടെ കഥാനായകൻ മാർഈവാനിയോസ് തിരുമേനിയുടെ നിർദേശങ്ങൾക്കനുസൃതം ഭരണപരമായ കാര്യങ്ങളിൽ ഏർപ്പെട്ടുപോന്നു. വലിയ തിരുമേനിയുടെ ചികിത്സാകാര്യങ്ങളിലും കൊച്ചുതിരുമേനി സദാ ജാഗരൂകനായിരുന്നു. മാർഈവാനിയോസ് തിരുമേനിക്കു സംഭാഷണത്തിലേർപ്പെടാനുള്ള ശരീരസ്ഥിതി ഉണ്ടായിരുന്ന വേളകളിലെല്ലാം കൊച്ചുതിരുമേനി അദ്ദേഹത്തെ സന്ദർശിച്ചു വിവിധകാര്യങ്ങളെപറ്റി സംഭാഷണങ്ങൾ നടത്തുകയും ഉപദേശങ്ങൾ ആരായുകയും ചെയ്തിരുന്നു. വലിയ തിരുമേനിയെ കാണാനായി മാത്രം എത്തുന്ന പ്രമുഖവ്യക്തികളെ സ്വീകരിച്ച് ഉപചരിക്കുന്നതിലും അദ്ദേഹം ശ്രദ്ധിച്ചിരുന്നു.

1953 ലെ കഷ്ടാനുഭവ ആഴ്ചയിൽ വലിയ തിരുമേനിയുടെ രോഗം വർധിച്ചു. ക്രമേണ രോഗത്തിനു ശമനമുണ്ടായി. എന്നാൽ ജൂലായ് മാസത്തിന്റെ ആരംഭത്തോടെ രോഗത്തിൽ കാര്യമായ വർദ്ധനയുണ്ടായി. ജൂലായ് 15-ാം തീയതി രോഗം പെട്ടെന്നു വർധിച്ചു. സന്ധ്യ കഴിഞ്ഞപ്പോഴേക്കും നില ആശങ്കാവഹമായി. മാർസേവറിയോസ് തിരുമേനിയുടെയും അനേകം വൈദികരുടെയും സാന്നിധ്യത്തിൽ രാത്രി ഒൻപതു മണിയോടുകൂടി കൊച്ചുതിരുമേനി വലിയ തിരുമേനിക്കു അന്ത്യകൂദാശ നൽകി. എല്ലാവരും പ്രാർത്ഥിച്ചുകൊണ്ടു നിൽക്കവേ പുനരൈക്യപ്രസ്ഥാനത്തിന്റെ വിശാലവീഥി വെട്ടിത്തുറന്ന ആ ത്യാഗധീരനായ മഹാത്മാവ്, പതിനൊന്നുമണിയോടു കൂടി തന്റെ കിരീടം പ്രാപിക്കുന്നതിനു കർത്താവിൽ നിദ്ര പ്രാപിച്ചു. അപ്പോൾതന്നെ മാർസേവറിയോസ് തിരുമേനിയുടെ സഹകരണത്തോടു കൂടി മേൽപ്പട്ടക്കാരുടെ കബറടക്കത്തിനുള്ള പ്രാരംഭശുശ്രൂഷ നിർവഹിച്ചു. സ്ഥാനവസ്ത്രങ്ങൾ ധരിപ്പിച്ച് കസേരയിലിരു



malankaralibrary.com

ത്തിയിരുന്ന മൃതദേഹം സെന്റ് മേരീസ് ഭദ്രാസന ദേവാലയത്തിലെ മദ്ബഹായിലേക്കു കൊണ്ടുപോകപ്പെട്ടു. മാർഈവാനിയോസ് തിരുമേനിയുടെ കബറടക്കം പിറ്റേദിവസം തന്നെ നടത്തുവാൻ മെത്രാന്മാരിരുവരുംകൂടി തീരുമാനിച്ചു. ഈവാനിയോസ് തിരുമേനിയുടെ ചരമവാർത്തയും കബറടക്ക വിവരവും അറിയിച്ചുകൊണ്ടുള്ള കമ്പിസന്ദേശങ്ങളും ഫോൺവിളികളും കേരളത്തിന്റെ നാനാഭാഗങ്ങളിലേക്കും രാത്രിയിൽ തന്നെ പോയി. സന്ദേശവാഹകരെ നിയോഗിക്കേണ്ടസ്ഥലങ്ങളിലേക്കു സന്ദേശവാഹകർ യാത്രയായി. അതിരൂപതയിലെ എല്ലാ പള്ളികളിലും രാത്രിയിൽ തന്നെ വിവരമെത്തി.

1953 ജൂലായ് 16-ാം തീയതി മാർഈവാനിയോസ് തിരുമേനിയുടെ കബറടക്കം നടന്നു. പാളയം സെന്റ് മേരീസ് പള്ളിയിൽ സ്ഥാനവസ്ത്രവിഭൂഷിതനായി ഒരു കസേരയിൽ ഇരുത്തിയിരുന്ന മൃതദേഹം ഒരുനോക്ക് കണ്ട് ആദരാഞ്ജലികൾ അർപ്പിക്കുവാനായി പ്രഭാതം പൊട്ടിവിടർന്നപ്പോൾതന്നെ നാനാജാതിമതസ്ഥരായ ആളുകൾ പാളയം പള്ളിയിലേക്കു നീങ്ങുന്ന കാഴ്ചയാണു തിരുവനന്തപുരം നഗരം ദർശിച്ചത്. രാവിലെ കൃത്യം ആറുമണിക്കു തന്നെ പാലാ മെത്രാൻ വയലിൽ തിരുമേനി കൽദായറീത്തിൽ പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. അതിനുശേഷം സേവറിയോസ് തിരുമേനിയും മാർഗ്രിഗോറിയോസ് തിരുമേനിയും ചേപ്പാടു റമ്പാച്ചനുംകൂടി മലങ്കര റീത്തിൽ മൂന്നിന്മേൽ കുർബാനയർപ്പിച്ചു. പിന്നീട് ചങ്ങനാശേരി മെത്രാൻ കാവുകാട്ടു തിരുമേനി ചരമപ്രസംഗം നടത്തി. മൃതദേഹം കസേരയോടുകൂടിത്തന്നെ എടുത്ത് പ്രത്യേകം തയാറാക്കിയിരുന്ന രഥത്തിലേക്കു മാറ്റപ്പെട്ടു. രഥത്തിൽ വരാപ്പുഴ ആർച്ചുബിഷപ്പ് അട്ടിപ്പേറ്റി തിരുമേനിയും മൃതദേഹത്തിന്റെ ഇരുവശങ്ങളിലുമായി മാർസേവറിയോസ് തിരുമേനിയും മാർഗ്രിഗോറിയോസ് തിരുമേനിയും ഉപവിഷ്ടരായി. കൃത്യം പത്തരമണിക്ക് പാളയം ഭദ്രാസന ദൈവാലയത്തിൽനിന്നും പട്ടത്തേക്കുള്ള വിലാപയാത്ര ആരംഭിച്ചു. ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള ആയിരക്കണക്കിനാളുകൾ പങ്കെടുത്ത ഈ വിലാപയാത്ര കടന്നുപോയ വീഥിയുടെ ഇരുപാർശ്വങ്ങളിലും ശോകമൂകമായ ഒരു വലിയ ജനക്കൂട്ടമുണ്ടായിരുന്നു. കേരളത്തിലെ എല്ലാ കത്തോലിക്കാ വൈദിക മേലധ്യക്ഷന്മാരും ശതക്കണക്കിനു വൈദികരും കന്യാസ്ത്രീകളും ഈ വിലാപയാത്രയിൽ പങ്കെ



malankaralibrary.com

ടുത്തു. ഉച്ചഭാഷിണിയിൽകൂടി ശോകരസം നിറഞ്ഞ ഭക്തഗീതങ്ങളും പ്രാർത്ഥനകളും അന്തരീക്ഷത്തിലേക്കു ഒഴുകിക്കൊണ്ടിരുന്നു. സ്റ്റേറ്റ് പോലീസ് ബാൻഡ് ശോകമൂകമായ അന്തരീക്ഷത്തിനു മാറ്റു വർദ്ധിപ്പിച്ചു. നാലു സ്വർണക്കുരിശുകൾ, പന്ത്രണ്ടു വെള്ളിക്കുരിശുകൾ, ഇരുന്നൂറ് മുത്തുക്കുടകൾ, അനേകം കറുത്തകൊടികൾ എന്നിവ വിലാപയാത്രയെ മോടിപിടിപ്പിച്ചു. പന്ത്രണ്ടു മണിയോടു കൂടി വിലാപയാത്ര കത്തീഡ്രൽ പണിതുകൊണ്ടിരുന്ന സ്ഥലത്തെത്തി.

കത്തീഡ്രലിന്റെ മദ്ബഹായുടെ സ്ഥാനത്തിനു താഴെ നിർമിതമായ കബറിലേക്കു മൃതദേഹം സംവഹിക്കപ്പെട്ടു. മൃതദേഹം കസേരയോടുകൂടി കബറിടത്തിൽ എടുത്തുവച്ചശേഷം ശുശ്രൂഷയുടെ അന്ത്യഭാഗം നടത്തപ്പെട്ടു. കബറിടത്തിനുള്ളിൽ വളരെയധികം കുന്തിരിക്കം ഇടുകയും മൃതദേഹത്തിൽ സൈത്തെണ്ണ ഒഴിക്കുകയും ചെയ്തു. വന്ദ്യതിരുമേനിമാർ ഓരോരുത്തരായി കബറിടത്തിന്റെ മുന്നിലെത്തി അന്ത്യയാത്ര പറഞ്ഞു. പിന്നീട് പട്ടുതുണികൊണ്ട് മൃതദേഹത്തിന്റെ മുഖംമറയ്ക്കുകയും കബർ അടയ്ക്കുകയും ചെയ്തു.

മാർഈവാനിയോസ് തിരുമേനി ദിവംഗതനായപ്പോൾ അതുവരെ സഹായമെത്രാനായിരുന്ന ഗ്രിഗോറിയോസ് തിരുമേനി വികർ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ അതിരൂപതയുടെ ഭരണഭാരം ഏറ്റെടുത്തു. ഈ പുതിയ സ്ഥാനം സ്വീകരിച്ചശേഷം മാർഗ്രിഗോറിയോസ് തിരുമേനി ആദ്യം എഴുതിയ ഇടയലേഖനം മാർഈവാനിയോസ് തിരുമേനിയുടെ ചരമം പ്രമാണിച്ച് നാല്പതു ദിവസം അതിരൂപതയിൽ ദുഃഖാചരണം നടത്തണമെന്നും തിരുമേനിക്കുവേണ്ടി പ്രാർത്ഥനകൾ നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ടായിരുന്നു.

ഒരാഴ്ചയ്ക്കുള്ളിൽ മാർഗ്രിഗോറിയോസ് തിരുമേനിയെ തിരുവനന്തപുരം അതിരൂപതയുടെ അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്ററായി തിരുസിംഹാസനത്തിൽ നിന്നും നിയമിച്ചു. പിൻതുടർച്ചാവകാശത്തോടുകൂടിയ സഹായമെത്രാനല്ലായിരുന്നു നമ്മുടെ കഥാനായകൻ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടത്. മാർഈവാനിയോസ് തിരുമേനിയുടെ ഇംഗിതമനുസരിച്ചായിരിക്കാം റോമിൽ നിന്ന് വെറും സഹായ മെത്രാനെന്ന നിലയിൽ മാത്രം മാർഗ്രിഗോറിയോസ് തിരുമേനിയെ തെരഞ്ഞെടുത്തത്. മാർസേവറിയോസ് തിരുമേനിക്കു ഏതെ



malankaralibrary.com

ങ്കിലും തരത്തിലുള്ള അനിഷ്ടമുണ്ടാകരുത്. തന്റെ കാലശേഷം തന്റെ പിൻഗാമിയുടെ കാര്യം തിരുസിംഗാസനം തന്നെ തീരുമാനിച്ചു കൊള്ളട്ടെ എന്ന് മാർഈവാനിയോസ് തിരുമേനി വിചാരിച്ചുകാണണം എന്ന് ഊഹിക്കാം.

1954 ഏപ്രിൽ 22-ാം തീയതി ഫാദർ സഖറിയാസ് പോളച്ചിറക്കലിനെ തന്റെ സഹായമെത്രാനായി മാർസേവറിയോസ് തിരുമേനി തിരുവല്ലാ സെന്റ് ജോൺസ് കത്തീഡ്രൽ മൈതാനിയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിലെ മദ്ബഹായിൽ വച്ച് അത്തനാസിയോസ് എന്ന പേരിൽ അഭിഷേകം ചെയ്തു. പ്രസ്തുത അഭിഷേകച്ചടങ്ങിൽ മാർഗ്രിഗോറിയോസ് തിരുമേനിയും കോട്ടയം മെത്രാൻ തറയിൽ തിരുമേനിയുമായിരുന്നു സഹകാർമികന്മാർ.

✝



malankaralibrary.com

### അദ്ധ്യായം പന്ത്രണ്ട്

# മെത്രാപ്പോലീത്താസ്ഥാനവും വിദേശപര്യടനവും

അപ്പസ്റ്റോലിക് അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ മാർഗ്രിഗോറിയോസ് തിരുമേനിയുടെ രണ്ടുവർഷത്തെ ഭരണം സ്തുത്യർഹമാണെന്നു പരിശുദ്ധ സിംഹാസനത്തിനു ബോധ്യപ്പെട്ടു. തിരുമേനിയെ തിരുവനന്തപുരം അതിരൂപതയുടെ ആർച്ച് ബിഷപ്പ് ആയി 1955 ജനുവരി 27-ാം തീയതി പരിശുദ്ധസിംഹാസനം നിയമിച്ചു. തിരുവല്ലാ രൂപതയുടെ മാർസേവറിയോസ് തിരുമേനിക്ക് - ആർച്ച്ബിഷപ്പ് - ബിഷപ്പ് എന്ന സ്ഥാനവും മാർപ്പാപ്പാ കല്പിച്ചനുവദിച്ചു. 1955 ഏപ്രിൽ 29-ാം തീയതി മാർഗ്രിഗോറിയോസ് തിരുമേനിയുടെ സ്ഥാനാരോഹണച്ചടങ്ങ് പാളയം സെന്റ് മേരീസ് കത്തീഡ്രലിൽ വച്ച് നടന്നു. വൈകുന്നേരം അഞ്ചു മണിക്ക് തിരുവല്ലാ മെത്രാൻമാർ അത്തനാസിയോസ് തിരുമേനിയുടെ പ്രധാന കാർമികത്വത്തിൽ തിരുവനന്തപുരം, കോട്ടാർ എന്നീ രൂപതകളുടെ മെത്രാന്മാരുടെയും അനേകം വൈദികരുടെയും കന്യാസ്ത്രീകളുടെയും ശതക്കണക്കിനു വിശ്വാസികളുടെയും സാന്നിധ്യത്തിൽ നടന്ന ഈ ചടങ്ങ് ഒരു മണിക്കൂർ നീണ്ടുനിന്നു. പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള 'ബൂളാ' വായനയ്ക്കുശേഷം തിരുമേനിയെ സിംഹാസനത്തിലിരുത്തി അത്തനാസിയോസ് തിരുമേനിയും വൈദികരും 'ഓക്സിയോസ്' പാടി. അതിനുശേഷം പ്രമുഖവ്യക്തികളുടെ അനുമോദനപ്രസംഗങ്ങൾ നടന്നു. അഭിവന്ദ്യ തിരുമേനി സമുചിതമായി മറുപടി പറഞ്ഞു. വിഭവസമൃദ്ധമായ ചായസൽക്കാരവും ഉണ്ടായിരുന്നു.

1955 മേയ് 11-ാം തീയതി പാളയം സെന്റ് മേരീസ് കത്തീഡ്രലിൽ



malankaralibrary.com

വച്ചുനടന്ന ആഘോഷമായ ചടങ്ങിൽവച്ച് എറണാകുളം മെത്രാപ്പോലീത്ത (പിന്നീടു കർദിനാൾ) ജോസഫ് പാറേക്കാട്ടിൽ തിരുമേനിയിൽ നിന്ന് മെത്രാപ്പോലീത്താ സ്ഥാന ചിഹ്നമായ 'പാലിയം' ഗ്രിഗോറിയോസ് തിരുമേനി സ്വീകരിച്ചു.

ലോകദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ 36-ാം സമ്മേളനം ബ്രസീലിന്റെ അന്നത്തെ തലസ്ഥാനമായിരുന്ന റിയോഡിജനിറോയിൽ വച്ച് 1955 ജൂലായ് 15-ാം തീയതി ആരംഭിച്ചു. അതിന്റെ ഭാരവാഹികളുടെ ക്ഷണം സ്വീകരിച്ച് അതിൽ സംബന്ധിക്കാൻ തിരുമേനി നിശ്ചയിച്ചു. റോമിലെത്തി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായെ സന്ദർശിച്ചു സ്നേഹാദരങ്ങൾ സമർപ്പിക്കാനും അദ്ദേഹം നിശ്ചയിച്ചു. സെക്രട്ടറിയായി ഫാദർ സി.റ്റി. ഗീവർഗീസ് പണിക്കരെയാണ് കൂടെകൊണ്ടുപോയത്. മേയ് 25-ാം തീയതി ബുധനാഴ്ച തിരുവനന്തപുരം അരമന ചാപ്പലിലും പാളയം കത്തീഡ്രലിലും പ്രാർത്ഥന നടത്തിയശേഷം ബോംബേ വഴി വിമാനത്തിൽ യാത്ര തിരിച്ചു. നമ്മുടെ കഥാനായകന്റെ ആദ്യത്തെ പാശ്ചാത്യപര്യടനമായിരുന്നു അത്. ബോംബേയിൽ നിന്ന് 27-ാം തീയതി യാത്ര തിരിച്ച് 28-ാം തീയതി റോമിലെത്തി. കർദിനാൾ തിസരാങ്ങുമായും പൗരസ്ത്യസഭകൾക്കുള്ള തിരുസംഘത്തിലെ അംഗങ്ങളുമായും തിരുമേനി കൂടിക്കാഴ്ച നടത്തി. അവരുമായി മലങ്കര കത്തോലിക്കാസഭയുടെ കാര്യങ്ങൾ ചർച്ച ചെയ്തു. ജൂൺ 11-ാം തീയതി തിരുമേനി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയെ സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിച്ചു. മാർപ്പാപ്പാ തിരുമേനിയുമായി മലങ്കര കത്തോലിക്കാ സഭാകാര്യങ്ങൾ തിരുമേനി സംസാരിച്ചു. അക്കാലത്ത് വളരെ വിരളമായി മാത്രമേ മാർപ്പാപ്പാ സന്ദർശകരെ സ്വീകരിക്കാറുണ്ടായിരുന്നുള്ളു. മലങ്കര സഭയോടുള്ള മാർപ്പാപ്പായുടെ പ്രത്യേക സ്നേഹവാത്സല്യങ്ങളാണ് സന്ദർശനമനുവദിക്കാൻ കാരണം. സന്ദർശനം 15 മിനിട്ട് നീണ്ടുനിന്നു. ഇതിനു മുമ്പു തന്നെ ഒരു പൊതുചടങ്ങിൽ വച്ച് മാർപ്പാപ്പായുമായി തിരുമേനി കുശലപ്രശ്നങ്ങൾ നടത്തിയിരുന്നു.

റോമിൽ നിന്നു യൂറോപ്പിലെ പല രാജ്യങ്ങളിലും ഹ്രസ്വമായ സന്ദർശനങ്ങൾ നടത്തിയശേഷം തിരുമേനി തെക്കേ അമേരിക്കയിലെ ബ്രസീലിലെത്തി റിയോഡിജനറോയിൽ സമ്മേളിച്ച ദിവ്യകാരുണ്യ കോൺഗ്രസ്സിൽ സംബന്ധിച്ചു. പൗരസ്ത്യരീതിയിലുള്ള തിരുമേനിയുടെ സ്ഥാനവസ്ത്രങ്ങളും ഹൃദ്യമായ പെരുമാറ്റങ്ങളും ഇംഗ്ലീ



malankaralibrary.com

ഷിലും ലത്തീനിലും പ്രസംഗിക്കുവാനുള്ള പാടവവും ആ കോൺഗ്രസ്സിൽ സമ്മേളിച്ച പല മഹാരഥന്മാരെയും ഹഠാദാകർഷിച്ചു. തെക്കേ അമേരിക്കയിലെയും ഐക്യനാടുകളിലെയും കാനഡായിലെയും പല സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും പ്രസംഗിക്കുന്നതിനും തന്മൂലം തിരുമേനിക്കു ക്ഷണം ലഭിച്ചു. സമയദൗർലഭ്യം നിമിത്തം പല ക്ഷണങ്ങളും തിരുമേനിക്കു നിരസിക്കേണ്ടതായി വന്നു. ഐക്യനാടുകളിലെ തിരുമേനിയുടെ പര്യടനം വമ്പിച്ച വിജയമായിരുന്നു. ഐക്യനാടുകളിലെ പല സ്റ്റേറ്റുകളിലുമുള്ള പ്രമുഖനഗരങ്ങളെല്ലാം തന്നെ തിരുമേനി സന്ദർശിച്ചു. മാർഈവാനിയോസ് തിരുമേനിയെ ഐക്യനാടുകളിലെ മിക്ക കത്തോലിക്കാ സഭാനേതാക്കൾക്കും പൗരമുഖ്യർക്കും വ്യക്തികപരമായി പരിചയമുണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ പിൻഗാമി എന്ന നിലയിലും തിരുമേനിക്കു ഹൃദ്യമായ സ്വീകരണങ്ങൾ ലഭിച്ചു. കർദിനാൾ സ്പെൽമാൻ, കർദിനാൾ കുഷിംഗ്, മോൺസിഞ്ഞോർഫുൾട്ടൻഷീൻ തുടങ്ങിയ നേതാക്കളുമായി വ്യക്തിപരമായ ബന്ധം സ്ഥാപിക്കുന്നതിനും തിരുമേനിക്കു സാധിച്ചു. അമേരിക്കൻ ഐക്യനാടുകളിൽ കാണേണ്ട കാഴ്ചകളെല്ലാം തന്നെ തിരുമേനി കണ്ടു. അനേകസ്ഥലങ്ങളിൽ ഇന്ത്യയെക്കുറിച്ചും ഇന്ത്യയിലെ ക്രൈസ്തവസഭകളെക്കുറിച്ചും പുനരൈക്യപ്രസ്ഥാനത്തെക്കുറിച്ചും തിരുമേനി ഉജ്ജ്വലത്തായ പ്രഭാഷണങ്ങൾ നടത്തി. ഫോട്ടോ സഹിതം തിരുമേനിയെക്കുറിച്ചുള്ള വിവരങ്ങൾ പ്രമുഖപത്രങ്ങളിൽ സ്ഥാനം പിടിച്ചു. പല റേഡിയോ പ്രസംഗങ്ങളും തിരുമേനി നിർവഹിച്ചു. പല ടെലിവിഷൻ പരിപാടികളിലും തിരുമേനി പങ്കെടുത്തു. വിജയകരമായ ഈ പര്യടനം പൂർത്തിയാക്കി 1955 ഡിസംബർ 14-ാം തീയതി തിരുമേനി തിരുവനന്തപുരത്തു തിരിച്ചെത്തി. തിരുവനന്തപുരം വിമാനത്താവളത്തിൽ വിപുലവും വളരെ ഊഷ്മളവുമായ ഒരു സ്വീകരണമാണു തിരുമേനിക്കു ലഭിച്ചത്. തിരുമേനിയെ തിരുവനന്തപുരം ബിഷപ്പ് പീറ്റർ ബർണാർദ് തിരുമേനി ഹാരമണിയിച്ചു സ്വീകരിച്ചു.

ഈ പാശ്ചാത്യ പര്യടനത്തിനുശേഷം അഭിവന്ദ്യതിരുമേനി അനേകം ലോകപര്യടനങ്ങൾ നടത്തിയിട്ടുണ്ട്. അദ്ദേഹം ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ട്. തിരുമേനിയുടെ പര്യടനങ്ങൾ വ്യക്തിപരമായ താല്പര്യങ്ങളെ മുൻനിറുത്തി ആയിരുന്നില്ല. ഇവയെല്ലാം തിരുവനന്തപുരം അതിരൂപതയ്ക്കു വിവിധ രംഗങ്ങളിൽ നാനാവിധ അഭിവൃദ്ധികൾക്കു ഹേതുവായി. ✝



malankaralibrary.com

## അദ്ധ്യായം പതിമൂന്ന്

# പലകാര്യങ്ങൾ

അഭിവന്ദ്യ തിരുമേനി ആർച്ച്ബിഷപ്പായതിന്റെ ശേഷമുള്ള തിരുമേനിയുടെ പ്രവർത്തനങ്ങളുടെയെല്ലാം വിവരങ്ങൾ ആണ്ട്, മാസം, ദിവസം എന്ന കണക്കിനു എന്റെ പക്കലില്ല. ഉള്ളവയിൽ ചിലതെല്ലാം സ്പർശിച്ചു വിടുകയാണ്.

സഹവൈദികരോടു ഒരു ഭരണാധിപനെന്ന നിലയ്ക്കല്ലാ സ്നേഹിതനും സഹപ്രവർത്തകനും എന്ന നിലയിൽ മാത്രമാണ് തിരുമേനി പെരുമാറിയിട്ടുള്ളത്. നേരത്തെ അനുവാദം വാങ്ങാതെ തന്നെ വൈദികർക്കു തിരുമേനിയുടെ മുറിയിൽ പ്രവേശനമുണ്ടായിരുന്നു. വൈദികർക്കു പറയാനുള്ളതെല്ലാം ശ്രദ്ധാപൂർവം കേട്ട്, ഇടയ്ക്കിടെ തലയാട്ടി, പ്രോത്സാഹിപ്പിക്കേണ്ടവ പ്രോത്സാഹിപ്പിച്ചും തിരുത്തേണ്ടവ തിരുത്തിയും തിരുമേനി അവരെ സംതൃപ്തരാക്കി മടക്കിയിരുന്നു. എടോ, താൻ, എന്നൊന്നും തിരുമേനി വൈദികരെ ഒരിക്കലും വിളിച്ചിട്ടില്ല. അച്ചാ, അല്ലെങ്കിൽ പേരിന്റെ മുമ്പിൽ ഫാദർ എന്നു ചേർത്തുമേ സംബോധന ചെയ്തിട്ടുള്ളു. വൈദികരയയ്ക്കുന്ന കത്തുകൾക്ക് മടക്കതപാലിൽ തന്നെ മറുപടിയും അയച്ചിരുന്നു. വൈദികരുടെ വ്യക്തിപരമായ വിഷമതകൾ ഇറക്കിവയ്ക്കാവുന്ന ഒരു അത്താണിയായിരുന്നു തിരുമേനി. രോഗികളായ വൈദികരെ ആസ്പത്രിയിലോ വാസസ്ഥലത്തോ പോയിക്കാണാൻ തിരുമേനി വലിയ തിരക്കുകൾക്കിടയിലും സമയം കണ്ടെത്തിയിരുന്നു.

വൈദികർക്കെന്ന പോലെ തന്നെ സാധാരണക്കാർക്കും തിരുമേനി അനുഗന്തവ്യൻ മാത്രമല്ല, അനുഗമ്യനും കൂടിയായിരുന്നു. തിരുമേനിയുടെ മരണശേഷം തിരുവനന്തപുരം നഗരം ദർശിച്ച അഭൂതപൂർവമായ ജനസഞ്ചയം തിരുമേനിയുടെ സ്വാധീനം മനുഷ്യമനസ്സുകളിലെങ്ങനെ വർത്തിച്ചിരുന്നു എന്നതിനു നിദർശനമാണ്.



malankaralibrary.com

## വിദ്യാഭ്യാസ പ്രവർത്തകൻ

തിരുമേനിയുടെ ഭരണകാലത്ത് അനേകം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അതിരൂപതയിൽ ഉടലെടുത്തു. മാർതീയോഫിലോസ് ട്രെയിനിംഗ് കോളജ്, നാലാഞ്ചിറയിലെ സർവോദയ സ്കൂൾ, അഞ്ചൽ സെന്റ് ജോൺസ് കോളജ്, എന്നിവ മാത്രമേ ഇപ്പോൾ പരാമർശിക്കുന്നുള്ളു.

അനേകം അനാഥാലയങ്ങൾ, വൃദ്ധഭവനങ്ങൾ, മന്ദബുദ്ധികൾക്കായുള്ള വട്ടപ്പാറയിലെ സ്കൂൾ എന്നിവ തിരുമേനിയുടെ മനുഷ്യസ്നേഹം വിളിച്ചറിയിച്ചു വിരാജിക്കുന്നു. അതുപോലെതന്നെ നാലാഞ്ചിറയിലെ ഗാർമെന്റ് മേക്കിംഗ് സ്ഥാപനവും തിരുമേനിയുടെ വിദഗ്ദ്ധ നേതൃത്വത്തിൽ പുനരൈക്യപ്രസ്ഥാനത്തിന്റെ രജതജൂബിലി വകയാറ്റുവച്ചും കനകജൂബിലി കോട്ടയത്തുവച്ചും വിപുലമായ തോതിൽ കൊണ്ടാടുകയുണ്ടായി. കനകജൂബിലിയാഘോഷവേളയിൽ ലോറൻസ് മാർഅപ്രേം തിരുമേനിയുടെ മെത്രാൻ പട്ടാഭിഷേകവും നടന്നു. മദർ തെരേസ ചടങ്ങുകളിൽ ആദ്യവസാനം സംബന്ധിച്ചു.

കത്തോലിക്കാസഭയുടെ ഇരുപതു ശതാബ്ദങ്ങളുടെ ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ സുഭഗസ്മരണാർഹനായ ജോൺ ഇരുപത്തിമൂന്നാമൻ മാർപ്പാപ്പാ വിളിച്ചുകൂട്ടി. അതിന്റെ ഒരുക്കമായിട്ടുള്ള ചില കമ്മിറ്റികളിൽ ആർച്ച്ബിഷപ്പ് തിരുമേനി അംഗമായിരുന്നു. കമ്മിറ്റി മീറ്റിംഗുകളിലും കൗൺസിലിലും ഔദ്യോഗികഭാഷ ലത്തീനായിരുന്നു. തിരുമേനിയുടെ ലത്തീൻ ഭാഷാപ്രാവീണ്യം എല്ലാവരുടെയും പ്രശംസയ്ക്കു പാത്രമായി എല്ലാ കമ്മിറ്റി മീറ്റിംഗുകളിലും കൗൺസിൽ സമ്മേളനങ്ങളിലും തിരുമേനി പങ്കെടുത്തു. 2500 പിതാക്കന്മാർ സമ്മേളിച്ച ആ കൗൺസിലിൽ തിരുമേനി അനേകപിതാക്കന്മാരുടെ ശ്രദ്ധ പിടിച്ചെടുത്തു. ഓരോ ദിവസവും വി. കുർബാനയോടെയാണ് കൗൺസിൽ ആരംഭിച്ചിരുന്നത്. ഒരു ദിവസം മലങ്കരറീത്തിൽ അഭിവന്ദ്യ തിരുമേനി ദിവ്യബലിയർപ്പിച്ചു. ദിവ്യബലിയിൽ ശുശ്രൂഷകനായിരുന്നതു ബഹു. ജോർജ് ചുണ്ടേവാലേൽ അച്ചനായിരുന്നു. (ഇന്നു ഗീവർഗീസ് മാർതിമോത്തിയോസ് തിരുമേനി) ചെറിയ ക്വയർ ഗ്രൂപ്പിനെ നയിച്ചത് ഫാ. സിറിൽ മലഞ്ചരിവിലായിരുന്നു. (ഇന്ന് സിറിൽ മാർബസേലിയോസ് തിരുമേനി)



malankaralibrary.com

വി.കുർബാനയ്ക്ക് ലത്തീനിൽ റണ്ണിംഗ്കമന്ററി നൽകിയത് ഫാ. ജോസഫ് ഞായല്ലൂരായിരുന്നു.

## നവീന മിഷനുകൾ

മലങ്കരകത്തോലിക്കാസഭയ്ക്കു കേരളത്തിനു പുറത്ത് നവീന മിഷനുകൾ തുടങ്ങാനുള്ള കാനോനികമായ സൗകര്യം രണ്ടാം വത്തിക്കാൻ കൗൺസിൽ മുഖേന സംജാതമായി. തിരുമേനിയുടെ ഭരണകാലത്ത് പൂന, ബോംബെ, മദ്രാസ്, യു.എസ്.എ. (അമേരിക്ക), ഡൽഹി, ഭോപ്പാൽ, കൽക്കട്ട, ബാംഗ്ലൂർ, നാസിക് എന്നീ സ്ഥലങ്ങളിൽ പുതിയ മിഷനുകൾ തിരമേനി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ സ്ഥലങ്ങളിലെല്ലാം കൂടെക്കൂടെ സന്ദർശനം നടത്തി, ഇടവകകൾ സ്ഥാപിച്ച്, വൈദികരെ നിയോഗിച്ച്, തിരുമേനി മലങ്കരകത്തോലിക്കാ സഭയ്ക്കു ചൈതന്യം നൽകി. അവിടങ്ങളിൽ വിശ്വാസികളുമായുള്ള സംസർഗവും നടത്തിയിട്ടുണ്ട്.

തിരുമേനിയുടെ പ്രശസ്തിക്കു മാറ്റു വർദ്ധിപ്പിച്ച ചില സംഭവങ്ങൾ ഇതാ. മാർപ്പാപ്പായുടെ നേതൃത്വത്തിൽ കുടുംബത്തെക്കുറിച്ചു തയാറാക്കപ്പെട്ട ഗ്രന്ഥത്തിൽ ഇന്ത്യയിൽ നിന്നു രണ്ടു എഴുത്തുകാരേയുള്ളു. തിരുമേനിയും മദർ തെരേസയും. രാജീവ്ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ കേരളം സന്ദർശിച്ച വേളയിൽ അദ്ദേഹം കാണാനാഗ്രഹിച്ച അഞ്ചു വ്യക്തികളിൽ ഒരാൾ തിരുമേനിയായിരുന്നു. ശ്രീ. വിവേകാനന്ദന്റെ ഭാരതപരിക്രമത്തിന്റെ ശതാബ്ദി കന്യാകുമാരിയിൽ വച്ച് ആഘോഷിച്ചപ്പോൾ ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളിൽ നിന്ന് ഒരാൾ പ്രാസംഗികനായി ഉണ്ടായിരിക്കണമെന്ന് പ്രധാനമന്ത്രി നരസിംഹറാവു ആഗ്രഹിച്ചു. ഐ.ബി. 16 പേരുടെ ലിസ്റ്റ് സമർപ്പിച്ചു. പ്രധാനമന്ത്രി തെരഞ്ഞെടുത്തത് മാർഗ്രിഗോറിയോസ് തിരുമേനിയെ ആയിരുന്നു. കേരളം, തമിഴ്നാട്, കർണാടക, ആന്ധ്ര, പോണ്ടിച്ചേരി എന്നീ സ്റ്റേറ്റുകളിലെ മുഖ്യമന്ത്രിമാരൊന്നിച്ച് തിരുമേനിയും വേദിയിലുണ്ടായിരുന്നു.

മതപരമായ തന്റെ കർമപഥത്തിൽ ഉറച്ചുനിന്നപ്പോൾ തന്നെ മതത്തിനും സമുദായത്തിനും അതീതമായി മനുഷ്യരെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത കർമധീരനായിരുന്നു തിരുമേനി. നിലയ്ക്കൽ പ്രശ്നം കേരളത്തിലെ ഹിന്ദുക്കളും ക്രിസ്ത്യാനികളും



malankaralibrary.com

തമ്മിൽ രൂക്ഷമായ സംഘട്ടത്തിനിടയാക്കിയേക്കാമെന്നു കണ്ടപ്പോൾ ശബരിമലയിൽ നിന്നകലെ മതി ഒരു ദൈവാലയം എന്നു ചിന്തിച്ച് ക്രിസ്ത്യൻ മതമേലധ്യക്ഷന്മാരെ ബോധ്യപ്പെടുത്തിയതു തിരുമേനിയാണെന്ന് അധികമാർക്കും അറിയാമെന്നു തോന്നുന്നില്ല. ആ പ്രശ്നം ആദ്യമായി പരിഹരിച്ച് കേരളത്തിലെ എല്ലാ ക്രൈസ്തവ വിഭാഗങ്ങൾക്കുമായി ഒരു ദൈവാലയം നിർമിക്കുന്നതിനു തിരുമേനി അണിയറയിൽ നിന്ന് ആവോളം പരിശ്രമിച്ചു.

പൂന്തുറയിലും വിഴിഞ്ഞത്തും വർഗീയ കലാപമുണ്ടായപ്പോൾ, ചാലയിൽ വർഗീയ കലാപമുണ്ടായപ്പോൾ അവിടെയെല്ലാം ആരുടെയും പക്ഷംപിടിക്കാതെ തിരുമേനി ഒരു ശാന്തിദൂതനായി പ്രവർത്തിച്ചു. അവിടങ്ങളിൽ മറ്റു പലരോടുമൊന്നിച്ച് തിരുമേനി ശാന്തിയാത്രകൾ നടത്തി. വിഴിഞ്ഞത്തുണ്ടായപ്പോൾ കേരള മന്ത്രിസഭ തന്നെ ശാന്തിയാത്രയ്ക്കു തിരുമേനിയുടെ പേര് നിർദേശിക്കുകയുണ്ടായി.

തിരുമേനി ഒരു കർഷകബന്ധു കൂടിയാണ്. സ്കൂളിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ വീട്ടിൽ സ്വയം കൃഷി ചെയ്യുമായിരുന്നു. മെത്രാനായപ്പോൾ പട്ടം അരമനവളപ്പിൽ പല അപൂർവ മരങ്ങളും ചെടികളും നട്ടുവളർത്തി. വിദേശയാത്ര കഴിഞ്ഞു മടങ്ങുമ്പോൾ അപൂർവ സസ്യങ്ങളുടെയും മരങ്ങളുടെയും വിത്തുകൾ കൂടെ കൊണ്ടുവരുമായിരുന്നു. തിരുമേനിയാണ് മാഞ്ചിയം എന്ന വൃക്ഷം കേരളത്തിൽ അവതരിപ്പിച്ചത്. ഇന്നു മാഞ്ചിയം തോട്ടങ്ങൾ കേരളത്തിലും തമിഴ്നാട്ടിലും സ്ഥാനം പിടിച്ചുകഴിഞ്ഞു.

തിരുമേനിയുടെ പൗരോഹിത്യ കനകജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് 500 നിർധനയുവതികൾക്കു മംഗല്യഭാഗ്യമുണ്ടാക്കാൻ നിശ്ചയിക്കപ്പെട്ടു. അഡ്വക്കേറ്റ് അന്നമ്മ ജോർജ് കൺവീനറായി ഒരു കമ്മറ്റിയും രൂപീകൃതമായി. പല ഘട്ടങ്ങളായി അതു നടത്തപ്പെട്ടു. ഏകദേശം പകുതിയോളം തിരുമേനി ദിവംഗതനായശേഷമാണു നടന്നത്. ജാതി മതഭേദ പരിഗണനയില്ലാതെയാണ് സമൂഹവിവാഹം നടന്നത്. ഓരോ മതത്തിൽപെട്ടവർക്കു അവരുടെ മതകർമങ്ങളോടെയായിരുന്നു വിവാഹം.

ഈ സമൂഹവിവാഹത്തിൽ പങ്കെടുത്ത ദമ്പതികൾക്ക് താലിയും



malankaralibrary.com

മാലയും വസ്ത്രങ്ങളും ഓരോ ദമ്പതികൾക്കു ബാങ്ക് നിക്ഷേപത്തിന്റെ പാസ്സ് ബുക്കും നൽകപ്പെട്ടു. വിവാഹാനന്തരം സദ്യയുമുണ്ടായിരുന്നു.

പാവങ്ങളോടുള്ള സ്നേഹത്താൽ ജ്വലിച്ചിരുന്ന ഹൃദയമായിരുന്നു തിരുമേനിയുടേത്. മെത്രാൻ പട്ടാഭിഷേകം കഴിഞ്ഞുള്ള മീറ്റിംഗിൽ പാവങ്ങളോടുള്ള തന്റെ താല്പര്യം തിരുമേനി പ്രകടിപ്പിക്കുകയുണ്ടായി. മരിക്കുന്നതിനു കുറെ മുമ്പ് തന്റെ ബന്ധത്തിൽപെട്ടവരെ അരികെ വിളിച്ച് "നിങ്ങൾക്കിപ്പോൾ കുറെ സൗകര്യമുണ്ട്. പാവങ്ങളെ സഹായിക്കണം" എന്നു തിരുമേനി പറയുകയുണ്ടായി. പാവങ്ങളെ സഹായിക്കണമെന്ന് രണ്ടുപ്രാവശ്യം തിരുമേനി ഈ ലേഖിതാവിനോടു പറഞ്ഞിട്ടുണ്ട്.

✝



malankaralibrary.com

# സഹനത്തിന്റെ ദിനങ്ങൾ

പ്രൊഫ. ആന്റണി ഈപ്പൻ
(മാർഈവാനിയോസ് കോളജ് പ്രിൻസിപ്പൽ)

ആർച്ച്ബിഷപ്പ് തിരുമേനിയുടെ ചരമത്തിനുശേഷം ക്രൈസ്തവ കാഹളം ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തി. അതിൽനിന്ന് ഏതാനും കാര്യങ്ങൾ ഇനി ഉദ്ധരിക്കുകയാണ്.

ആദ്യത്തേത് സഹനത്തിന്റെ ദിനങ്ങൾ എന്ന ശീർഷകത്തിൽ മാർഈവാനിയോസ് കോളജ് പ്രിൻസിപ്പൽ പ്രൊഫസ്സർ ആന്റണി ഈപ്പൻ എഴുതിയ ലേഖനത്തിൽ നിന്നാണ്.

1995 ജൂൺ മാസം പത്താം തീയിതിയാണ് തിരുമേനി ജോസി അച്ചനെ വിളിച്ച് നടുവിനു ബാം പുരട്ടിക്കൊടുക്കുവാൻ ആവശ്യപ്പെട്ടത്. അന്നാണ് ആദ്യമായി പിതാവ് തന്റെ നടുവേദനയെക്കുറിച്ച് പുറത്തുപറയുന്നത്. നാലുദിവസങ്ങൾ കഴിഞ്ഞ് പിതാവിന്റെ ഇരു കണ്ണുകളിൽ നിന്നും വെള്ളം വരുവാൻ തുടങ്ങി. എസ്.യു.ടി ആശുപത്രിയിലെ ഡോക്ടർ വിജയലക്ഷ്മിയുടെ ചികിത്സയിൽ രോഗം കുറഞ്ഞെങ്കിലും നടുവേദന ദിവസംതോറും കൂടുകയായിരുന്നു. അതോടൊപ്പം വൈറൽ ഫീവറും ചുമയും തുടങ്ങി. ആന്റിബയോട്ടിക്കുകൾ ചുമ മാറ്റാൻ സഹായിച്ചുവെങ്കിലും വയറ്റിൽ അസ്വസ്ഥത ആരംഭിച്ചു. ആന്റിബയോട്ടിക്കുകളുടെ റിയാക്ഷൻ ആണെന്നു പിതാവ് വിചാരിച്ചുവെങ്കിലും അസ്വസ്ഥത തുടർന്നതുകൊണ്ട് കാരണം അറിയുവാൻ അൾട്രാസൗണ്ട് സ്കാനിംഗ് നടത്തി. പിന്നീട് സി.ടി. സ്കാനിംഗും നടത്തി. ഇതിൽ ഒന്നിലും പ്രത്യേകതകൾ കാണാൻ സാധിച്ചില്ല. പിന്നീട് നടത്തിയ ബോൺ, ചെസ്റ്റ് എക്സറേകളും രോഗകാരണം കണ്ടെത്താൻ സഹായിച്ചില്ല.

ഡോക്ടർ പി.ഏ. തോമസിന്റെയും ഡോക്ടർ കെ.ഐ. ഇടിക്കുളയുടെയും നിർദേശപ്രകാരം റീജിയനൽ കാൻസർ സെന്ററിൽ ഡോക്ടർ അലക്സ് ഇട്ടിയവരായുടെ നേതൃത്വത്തിൽ നടത്തിയ



malankaralibrary.com

ബോൺ സ്കാനും സി.ടി. സ്കാനുമാണ് അഭിവന്ദ്യപിതാവിന്റെ രോഗം ബോൺകാൻസറാണെന്ന സത്യം വെളിയിൽ കൊണ്ടുവ ന്നത്. ഈ വിവരം എങ്ങനെ തിരുമേനിയെ അറിയിക്കണമെന്നായി രുന്നു ഡോക്ടറന്മാരുടെ ചിന്ത. മലങ്കരകത്തോലിക്കാ സഭയിലെ എല്ലാ മെത്രാന്മാരും ജൂലായ് 14-ാം തീയതി അരമനയിൽ എത്തിയി രുന്നു. പിറ്റെ ദിവസം പട്ടം അതിമെത്രാസന ദൈവാലയത്തിൽ നട ക്കാനിരുന്ന മാർഈവാനിയോസ് തിരുമേനിയുടെ ഓർമപ്പെരുനാ ളിൽ പങ്കെടുക്കുവാനാണ് പിതാക്കന്മാർ എത്തിയത്. തിരുമേനിമാരു മായി ആലോചിച്ചശേഷം ജുലായ് 14-നു വൈകിട്ട് ലോറൻസ് മാർ അപ്രേം തിരുമേനിയുടെയും ജോസി അച്ചന്റെയും സാന്നിധ്യത്തിൽ ഡോക്ടറന്മാർ രോഗത്തിന്റെ വിശദവിവരങ്ങൾ തിരുമേനിയെ ധരി പ്പിച്ചു. രോഗവിവരം അറിഞ്ഞ തിരുമേനി തെല്ലും ദുഃഖം പ്രകടിപ്പിച്ചി ല്ലെന്നു മാത്രമല്ല എഴുപത്തെട്ടുവർഷം നല്ല ആരോഗ്യം നൽകിയ ദൈവത്തെ സ്തുതിക്കയാണു ചെയ്തത്. ചികിത്സക്കായി വിദേശത്തു പോകണമെന്നുള്ള നിർദേശം തിരുമേനി തള്ളിക്കളഞ്ഞു. തിരുമേനി ഡോക്ടറന്മാരോടു പറഞ്ഞു: "എനിക്ക് ഇവിടെ നിങ്ങൾ തരുന്ന ചികിത്സ മതി."

അമേരിക്കയിൽ ജൂലായ് 28 മുതൽ നടക്കുന്ന മലങ്കര കത്തോ ലിക്കാ കൺവൻഷനിൽ പങ്കെടുക്കുന്നതിനു തിരുമേനി തീരുമാനി ക്കുകയും വിമാനടിക്കറ്റ് ബുക്കു ചെയ്യുകയും ചെയ്തിരുന്നു. യാത്ര കുറേക്കൂടി നേരത്തെ ആക്കുവാനും അമേരിക്കയിൽ വച്ച് വിദഗ്ദ്ധ ചികിത്സ തേടുവാനുമുള്ള ഡോക്ടറന്മാരുടെ നിർബന്ധമായ ഉപ ദേശം സ്വീകരിച്ച് പിതാവ് ജൂലായ് 28-നു ന്യൂയോർക്കിലേക്കു പോയി. ഈ യാത്ര ഏറ്റവും സൗകര്യപ്രദമാക്കിത്തീർത്തതിൽ ഇന്ത്യൻ എയർലൈൻസ്, എയർ ഇന്ത്യ ഇവയുടെ സേവനം നിസ്തുലമാണ്. ബോംബേ വരെ ജോസി അച്ചനും അമേരിക്കയിലേക്കു തിരുമേനി യുടെ അനുജനായ ഇഗ്നേഷ്യസ് അച്ചനും തിരുമേനിയെ അനുഗ മിച്ചു. ന്യൂയോർക്കിൽ നിന്ന് തിരുമേനി ഉടനെ തന്നെ വാഷിംഗ്ടണി ലേക്കു പോയി. അവിടെ വാഷിംഗ്ടൺ ഹോസ്പിറ്റൽ സെന്ററിൽ ഡോ. ജൂലിയാനാസിമ്മൻസ്, ഡോക്ടർ എം.വി. പിള്ള, ഡോ. വിനായകം, ഡോ. മോഹൻ വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ചികിത്സയ്ക്കുശേഷം രോഗം കുടുതൽ പടരാതിരിക്കുന്നതിനും അസ്വ സ്ഥത കുറയ്ക്കുന്നതിനുമായി മെവാബ്ട്രോൺ കുത്തിവെയ്പ് നൽകി. അമേരിക്കയിലെ ചികിത്സയ്ക്കുശേഷം ആഗസ്റ്റ് 18-നു തിരു മേനി നാട്ടിൽ തിരിച്ചെത്തി. തുടർന്നുള്ള ചികിത്സയ്ക്കായി വിദഗ്ദ്ധ



malankaralibrary.com

ഡോക്ടറന്മാരുടെ ഒരു സംഘത്തെ നിയോഗിച്ചു. ആർ.സി.സി. ഡയറക്ടർ, ഡോ. എം. കൃഷ്ണൻനായർ, ഡോ. ബലരാമൻ എന്നിവർ ചെയർപേഴ്സൺസും ഡോ. രാമചന്ദ്രൻ നായർ, ഡോ. നരേന്ദ്രപ്രസാദ്, ഡോ. കെ.ഐ. ഇടിക്കുള, ഡോ. എഫ്. ജോസഫ്, ഡോ. ജോയി ഫിലിപ്പ് എന്നിവരുമാണുണ്ടായിരുന്നത് ആ സംഘത്തിൽ.

നാട്ടിൽ തിരിച്ചെത്തിയ ദിവസങ്ങളിൽ ആർച്ച്ബിഷപ്പ് ഉന്മേഷവാനായി കാണപ്പെട്ടു. ആഗസ്റ്റ് 27-ാം തീയതി നടത്തിയ പിതാവിന്റെ ജൂബിലി സമാപന സമ്മേളനത്തിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്തു. എന്നാൽ സെപ്തംബർ 23-ാം തീയതിയോടു കൂടി വൻകുടലിൽ തടസ്സമനുഭവപ്പെട്ടു. ഈ തടസ്സം മാറ്റുന്നതിനായി ഡോ. പി.എ. തോമസിന്റെ നേതൃത്വത്തിൽ സെപ്തംബർ 26-ാം തീയതി മെഡിക്കൽ കോളജിൽ വച്ച് ഓപ്പറേഷൻ നടത്തി. ഓപ്പറേഷനു ശേഷം ഒക്ടോബർ 3-ാം തീയതി തിരുമേനി അരമനയിൽ തിരിച്ചെത്തി. എന്നാൽ രണ്ടുദിവസം കഴിഞ്ഞതോടെ ആരോഗ്യനില മോശമായി. 7-ാം തീയതി വെള്ളിയാഴ്ച വൈകിട്ട് തിരുമേനിയെ മെഡിക്കൽ കോളജിലെ ന്യൂറോ ഐ.സി. യിൽ അഡ്മിറ്റ് ചെയ്തു. ഡോ. രാമചന്ദ്രൻ നായർ, ഡോ. ബലരാമൻ, ഡോ. മധുസൂദനൻ, ഡോ. വിജയരാഘവൻ, ഡോ. നരേന്ദ്രപ്രസാദ്, ഡോ. എഫ്. ജോസഫ് തുടങ്ങിയവരുടെ വിദഗ്ദ്ധസംഘം തിരുമേനിയെ സദാ പരിചരിച്ചുകൊണ്ടിരുന്നു. ഏറ്റവും നല്ല ശുശ്രൂഷകൾ തിരുമേനിക്കു നൽകുന്നതിനു ഡോക്ടറന്മാർ ബദ്ധശ്രദ്ധരായിരുന്നു. രാത്രിയും പകലും അവർ തിരുമേനിയുടെ കിടക്കയ്ക്കരികിലുണ്ടായിരുന്നു. 8-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കു രണ്ടുമണിക്കു പിതാവിനു ബോധക്ഷയം ഉണ്ടാകുകയും ആരോഗ്യനില വഷളാവുകയും ചെയ്തു. വൈകുന്നേരമായതോടെ ആരോഗ്യനില ഭേദമായി. ഞായറാഴ്ച രാവിലെ തിരുമേനി നല്ലബോധവാനായി. കുമ്പസാരിച്ച് വി.കുർബാന സ്വീകരിച്ചു. ലോറൻസ്മാർ അപ്രേം തിരുമേനിയേയും വികാരി ജനറൽ കുമ്പുക്കാട്ടച്ചനെയും അടുത്തുവിളിച്ചു വളരെനേരം രൂപതാ കാര്യങ്ങൾ സംസാരിച്ചു. തിരുമേനിയുടെ സെക്രട്ടറി ഫാദർ ക്രിസ്റ്റിയും മദ്രാസിലുള്ള ഫാദർ കോശി വർഗീസും തിരുമേനിയുടെ സഹോദരി സി. മക്രീനായും സഹോദരപുത്രി സിസ്റ്റർ സാന്ത്വനയും സമീപത്ത് ഉണ്ടായിരുന്നു. ഏതാണ്ട് ഒരു മണിക്കൂറിലധികം തിരുമേനി വളരെ വിശദമായും വ്യക്തമായും സംസാരിച്ചു കാര്യങ്ങളെല്ലാം മാർഅപ്രേം തിരുമേനി കുറിച്ചെടുക്കുകയും ചെയ്തു.

ഞായറാഴ്ച സന്ദർശിക്കാനെത്തിയ മുഖ്യമന്ത്രി കെ. കരുണാകര



malankaralibrary.com

നെയും പ്രതിപക്ഷ നേതാവ് ഇ.കെ. നായനാർ, മന്ത്രിമാർ, ബന്ധുക്കൾ എന്നിവരെയെല്ലാം പിതാവ് തിരിച്ചറിഞ്ഞു. അവരോടു സംസാരിക്കുവാൻ സാധിച്ചില്ല. ഞായറാഴ്ച ഉച്ചകഴിഞ്ഞ് വീണ്ടും ആരോഗ്യനില വഷളായെങ്കിലും വൈകുന്നേരത്തേക്ക് അല്പം ഭേദമായി. മുറിയിലുള്ള സിസ്റ്റേഴ്സ് പ്രാർത്ഥനാഗാനങ്ങൾ ചൊല്ലിയപ്പോൾ പിതാവും അവരോടൊപ്പം പ്രാർത്ഥനകൾ ഏറ്റു ചൊല്ലുന്നുണ്ടായിരുന്നു. തിങ്കളാഴ്ച രാവിലെയും രോഗനില അതുപോലെ തുടർന്നു. പക്ഷേ, ഉച്ചയായപ്പോഴേക്കും ആരോഗ്യനില വളരെ മോശമായി. 3 മണിയോടെ ശ്വാസോച്ഛ്വാസം വളരെ മന്ദഗതിയിലായി. മലങ്കരസഭയിലെ എല്ലാ പിതാക്കന്മാരും അടുത്തബന്ധുക്കളും "ഈശോമറിയം യൗസേപ്പേ, ഈ ആത്മാവിനു കൂട്ടായിരിക്കണമെ" എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കെ 3.50 ന് പിതാവിന്റെ ആത്മാവ് തന്റെ നാഥന്റെ സന്നിധിയിലേക്കു പറന്നുപോയി. ധന്യമായ ജീവിതത്തിന്റെ ധന്യമായ അന്ത്യം.

മരിക്കുന്നതിനു തൊട്ടുമുമ്പുവരെയും പിതാവിനു നല്ല ബോധമുണ്ടായിരുന്നു. പ്രാർത്ഥനകൾ ഏറ്റുചൊല്ലുകയും ചെയ്തിരുന്നു. അസഹനീയമായ വേദനയിലും "Jesus" അല്ലെങ്കിൽ 'യേശുവേ' എന്നു മാത്രമേ പിതാവു പറയുമായിരുന്നുള്ളു. രോഗത്തെക്കുറിച്ചോ, വേദനയെക്കുറിച്ചോ ഒന്നും പരാതിപ്പെട്ടിട്ടില്ല. യേശുവിന്റെ കുരിശിലെ വേദനയോടും സഹനത്തോടും ചേർന്ന് അവസാനശ്വാസം വരെയും പിതാവ് സഹിച്ചു. രോഗാവസ്ഥയിൽ തന്നെ സന്ദർശിച്ചവർക്കും ശുശ്രൂഷിച്ചവർക്കുമെല്ലാം സഹനത്തിന്റെ ഒരു ഉത്തമമാതൃക കാട്ടിക്കൊടുക്കുവാൻ പിതാവിനു സാധിച്ചു. ഡോക്ടറന്മാരുടെ ചികിത്സയോട് പൂർണമായി സഹകരിച്ച ഒരു രോഗിയായിരുന്നു പിതാവ്. അമേരിക്കയിൽ റേഡിയേഷൻ ചികിത്സയ്ക്കു നേതൃത്വം കൊടുത്ത ഡോ. ജുലിയാനാ സിമ്മൻസ്, ഡോ. എം.വി. പിള്ളയ്ക്കു എഴുതിയ റിപ്പോർട്ടിൽ അവസാനം ഇങ്ങനെ എഴുതി.

"Thank you for asking me to be involved
in the caring of this holy gentleman
It has been a blessing to know him
foreven a short time."

തിരുമേനിയെ പരിചരിച്ച എല്ലാവരുടെയും അഭിപ്രായം ഇതു തന്നെ ആയിരുന്നു. പിതാവിനെ ശുശ്രൂഷിക്കുവാൻ ലഭിച്ച അവസരം വലിയ ഭാഗ്യമായി എല്ലാവരും കരുതി. ഏറ്റവും മികച്ച ചികിത്സയും പരിചരണവും തിരുമേനിക്കു ലഭ്യമാക്കുവാൻ ശ്രമിച്ച മെഡിക്കൽകോ



malankaralibrary.com

ളേജ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള ഡോക്ടറന്മാരോടുള്ള കടപ്പാട് നിസ്സീമമാണ്. സ്വന്തം ആവശ്യങ്ങളെല്ലാം മാറ്റിവച്ച് മുഴുവൻ സമയവും പിതാവിനെ പരിചരിച്ച അവരെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കാം. തിരുമേനിയുടെ അവസാന ശ്വാസവും നിലച്ചു എന്നറിഞ്ഞപ്പോൾ ഡോ. രാമചന്ദ്രൻ നായർ ആ കിടക്കയിൽ തലവച്ച് പൊട്ടിക്കരഞ്ഞരംഗം ഓർത്തുപോകുന്നു. ദിവ്യമായ ഒന്ന് തങ്ങളിൽ നിന്ന് എന്നെന്നേക്കുമായി അകന്നുപോകുന്നതിന്റെ നഷ്ടബോധത്തിൽ വേദനയോടുകൂടി നോക്കിനിന്ന ഓരോരുത്തരുടെയും ചിത്രം മനസ്സിൽ മായാതെ നിൽക്കുന്നു. ആ ദിവ്യജ്യോതിസ് എന്നെന്നും നമ്മുടെ പാതയിൽ പ്രകാശം പരത്തി നമ്മെ നയിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

തിരുമേനിക്കു അമേരിക്കയിൽ നൽകിയ ചികിത്സയെക്കുറിച്ച് അദ്ദേഹത്തെ അവിടെ ചികിത്സച്ചവരിൽപെട്ട ഡോ. എം.വി. പിള്ളയുടെ വാക്കുകൾ. "ആർച്ച്ബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസിനെ ചികിത്സിച്ച കാലത്ത് ഞാൻ വളരെ വിഷമിച്ചിരുന്നു. എന്റെ വല്യച്ഛനും (കൈനിക്കര കുമാരപിള്ള) തിരുമേനിയും അടുത്ത സുഹൃത്തുക്കളായിരുന്നു. അമേരിക്കയിൽ ചികിത്സയ്ക്കെത്തിയ തിരുമേനിയുടെ മെഡിക്കൽ ഹിസ്റ്ററി വായിച്ചപ്പോൾ എന്റെ മനസ്സ് നൊന്തു. ദേഹം മുഴുവൻ കാൻസർ പടർന്നു കഴിഞ്ഞിരുന്നു. ഒരു വശത്ത് അദ്ദേഹത്തോടുള്ള സ്നേഹം, മറുവശത്ത് ഡോക്ടർ എന്ന നിലയിലുള്ള കർത്തവ്യബോധം. അതിനിടയിൽപെട്ടു ഞാൻ ധർമസങ്കടത്തിലായി. ഒടുവിൽ തിരുമേനിക്കു വേദനയറിയാതിരിക്കാനുള്ള പ്രത്യേക ചികിത്സ നൽകി. അമേരിക്കയിൽ മാത്രമേ ഈ ചികിത്സയുള്ളു. തിരുമേനി ആശുപത്രിയിൽ നിന്നു മടങ്ങാൻ നേരം നഴ്സുമാർ ചേർന്ന് അദ്ദേഹത്തിന് നന്നായി പെരുമാറുന്ന രോഗിക്കുള്ള സർട്ടിഫിക്കറ്റും ബലൂണുകളും മിഠായിയും സമ്മാനിച്ചു. അമേരിക്കയിൽ ഇങ്ങനെ രോഗികൾക്കു സർട്ടിഫിക്കറ്റ് നൽകുക പതിവാണ്. തനിക്കു കിട്ടിയ സമ്മാനങ്ങളുമായി തിരുമേനി യാത്ര ചോദിക്കാൻ എന്റെയടുത്തു വന്നതു ഇപ്പോഴും എന്റെ മനസ്സിലുണ്ട്. നാട്ടിലെത്തി അദ്ദേഹം മരിക്കുന്നതിനു രണ്ടുദിവസം മുമ്പും എന്നെ ഫോണിൽ വിളിച്ചിരുന്നു. "ഡോക്ടർക്കു ഒന്നും തരാൻ എനിക്കു സാധിച്ചില്ല. ഇനി നാട്ടിൽ വരുമ്പോൾ അറിയിക്കണം. ഡോക്ടർക്കു നാട്ടിൽ ഭൂമിയുണ്ടെങ്കിൽ അവിടെ ഞാൻ സൗജന്യമായി മാഞ്ചിയം നട്ടുതരാം." എന്നു തിരുമേനി പറഞ്ഞു. "നടാൻ പക്ഷേ അദ്ദേഹത്തിനു കഴിഞ്ഞില്ല. എനിക്കു അതിനു പറ്റിയ ഭൂമിയുമില്ല."

✝



malankaralibrary.com

# അന്ത്യയാത്രയുടെ ചിത്രങ്ങൾ

## (തിരുമേനിയെക്കുറിച്ച് ക്രൈസ്തവകാഹളം പ്രസിദ്ധപ്പെടുത്തിയ സ്മരണികയിൽ നിന്ന്)

"ഒരു യുഗപ്രഭാവന്റെ അന്ത്യയാത്രയ്ക്കു സാക്ഷ്യം വഹിച്ച തിരുവനന്തപുരം നഗരിയുടെ നെടുവീർപ്പുകൾ കെട്ടടങ്ങാൻ കാലം ഏറെ വേണ്ടി വന്നേക്കാം. അതൊരു മഹാസംഭവമായി അതിനു സാക്ഷ്യം വഹിച്ചവരുടെ മനസ്സുകളിൽ മങ്ങലേൽക്കാതെ, മാഞ്ഞുപോകാതെ, നിലനിൽക്കും. തലമുറകൾക്കു വേണ്ടി ഇവിടെ കുറിച്ചിടുന്ന ഈ വിവരണം അതിന്റെ എല്ലാ അപൂർണതയിലും ഭാവിയുടെ മനസുകളിൽ അത്ഭുതാദരങ്ങൾ ഉണർത്തിയേക്കാം. അനന്തമായ കാലപ്രവാഹത്തിന്റെ ഒരു മുഹൂർത്തത്തിൽ ഒരപൂർവമനുഷ്യൻ നമുക്കിടയിൽ ജീവിച്ച് മനുഷ്യജീവിതത്തിനു തന്നെ ധന്യമായൊരർത്ഥം നൽകി പരശതം ജീവിതങ്ങളെ ധന്യമാക്കി 78 വർഷത്തെ ഭൗതിക പ്രയാണവും 50 വർഷത്തെ ഇടയപരിപാലനവും പൂർത്തിയാക്കി ലക്ഷങ്ങളെ അനാഥത്വത്തിന്റെ വേദനയറിയിച്ചുംകൊണ്ട് യാത്രയായ കഥയുടെ അവസാനരംഗത്തിന്റെ തിരശ്ശീല ഇവിടെ ഉയരുന്നു."

1994 ഒക്ടോബർ 10, തിങ്കൾ വൈകുന്നേരം സമയം 3.55. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിയുടെ ഇന്റൻസീവ് കെയർ യൂണിറ്റിന്റെ ഒരു മുറിക്കു ഒരു ഭദ്രാസനപള്ളിയുടെ രൂപവും ഭാവവും പരിശുദ്ധിയും കൈവന്നിട്ട് ഏതാനും മിനിട്ടുകൾ പിന്നിട്ടിരിക്കുന്നു. എല്ലാ അധരങ്ങളിൽ നിന്നും പ്രാർത്ഥനാമന്ത്രങ്ങൾ ഉതിർന്നു. തിരുവനന്തപുരം അതിരൂപതയുടെ സഹായമെത്രാൻ ലോറൻസ് മാർഅപ്രേം തിരുമേനിയുടെ കരങ്ങളിൽ വിശ്രമിക്കുന്ന ആർച്ച്ബിഷപ്പ് തിരുമേനിയുടെ ശിരസ്സ് സാവധാനം, വളരെ സാവധാനം നിശ്ച



malankaralibrary.com

ലമായി. അതിമൃദുലമായി അധരങ്ങളിൽ നിന്നും പുറപ്പെട്ട 'ജീസസ്' എന്ന മന്ത്രാക്ഷരി ആ പുണ്യാത്മാവിനോടൊപ്പം ആ ദൈവനാമത്തിന്റെ ഉറവിടം തേടിപ്പോയി.

പ്രാർത്ഥനകളുരുവിട്ടിരുന്ന എല്ലാ അധരങ്ങളും വിറപൂണ്ടു. എല്ലാ കണ്ണുകളും നിറഞ്ഞൊഴുകി. ദൈവസന്നിധിയിൽ നന്ദിപൂർവം ഓർക്കാനുള്ളതുമാത്രം. സർവമനുഷ്യർക്കുവേണ്ടിയും ജീവിതകാലം മുഴുവൻ നൽകിയ ആ പുണ്യമനസ്സിന്റെ വേർപാടിന്റെ നിമിഷങ്ങളിൽ ആ യുഗസന്ധിക്കു സാക്ഷികളാകുവാൻ ഏറ്റവും അടുത്ത എല്ലാപേരുമുണ്ടായിരുന്നു. അഭിവന്ദ്യ സിറിൽ മാർബസേലിയോസ് തിരുമേനി അഭിവന്ദ്യ ഗീവർഗീസ് മാർതിമോത്തിയോസ് തിരുമേനി, അഭിവന്ദ്യ പൗലോസ് മാർ പിലക്സീനോസ് തിരുമേനി, അഭിവന്ദ്യ ലോറൻസ് മാർഅപ്രേം തിരുമേനി, മോൺ. തോമസ് കുമ്പുക്കാട്ട്, ബത്തേരി രൂപതാ വികാരി ജനറലും തിരുമേനിയുടെ ബന്ധുവുമായ മോൺ. തോമസ് താന്നിക്കാക്കുഴി, മോൺ. തോമസ് കൊടിനാട്ടുകുന്നേൽ, തിരുമേനിയുടെ ഏറ്റവും ഇളയ സഹോദരൻ ഫാ. ഇഗ്നേഷ്യസ്, തിരുമേനിയുടെ സഹോദരി സിസ്റ്റർ മക്രീനാ, തിരുമേനിയുടെ മാതൃസഹോദരി മറിയാമ്മ സൈമൺ എന്നിവർ ആ അന്ത്യനിമിഷങ്ങൾക്കു സാക്ഷികളായിരുന്നു. അവർക്കു പുറമേ രോഗബാധയുടെ ആദ്യഘട്ടം മുതൽ തിരുമേനിയെ ശുശ്രൂഷിച്ചിരുന്ന ആന്റണി പൗവത്തിൽ, തിരുമേനിയുടെ സെക്രട്ടറി ഫാ. ക്രിസ്റ്റി, ഫാ. ജോർജ് ജോൺ, ഫാ. ജോസഫ് ചാമക്കാലായിൽ, ഡൽഹിയിൽ നിന്നെത്തിയ ഫാ. സ്റ്റീഫൻ തോട്ടം, മാർഈവാനിയോസ് കോളജ് പ്രിൻസിപ്പൽ ആന്റണി ഈപ്പൻ, തിരുമേനിയുടെ സഹോദരങ്ങളായ ടി.ഇ. മത്തായി, ടി.ഇ. കുര്യാക്കോസ്, അന്നമ്മ ചെറിയാൻ, അമേരിക്കയിലെ ചികിത്സാകാലത്തു തിരുമേനി താമസിച്ചിരുന്ന വീട്ടിലെ ബാബുരാജ്, സ്റ്റീഫൻ എന്നിവരും ആ കർമയോഗിയുടെ വിടവാങ്ങിനു സാക്ഷ്യം വഹിച്ചു.

താൻ ചികിത്സിച്ചുകൊണ്ടിരുന്ന രോഗി മരിച്ചാൽ കരയുന്ന ഡോക്ടർമാർ ഒരപൂർവകാഴ്ചയാണ് ആർച്ച്ബിഷപ്പിനെ പിതൃതുല്യനായിക്കണ്ട മെഡിക്കൽ കോളജ് സൂപ്രണ്ട് എസ്.കെ. രാമചന്ദ്രൻ നായർ പൊട്ടിക്കരഞ്ഞതു അദ്ദേഹം രാപ്പകൽ ഉറക്കമിളച്ച് അരമനയിലും ആശുപത്രിയിലും ഓടിയെത്തി ചികിത്സിച്ചുവന്ന ഒരുന്നതനായ രോഗി മരിച്ചതു കൊണ്ടായിരുന്നില്ലല്ലോ. ആ സ്നേഹത്തോ



malankaralibrary.com

ടൊപ്പം ശുശ്രൂഷയ്ക്കും കരുതലിനോടുമൊപ്പം ചേർത്ത് സ്നേഹാദരങ്ങളോടെ ഓർക്കുവാൻ അതിപ്രശസ്തരായ ഭിഷഗ്വരന്മാരുടെ ഒരു നിരതന്നെയുണ്ട്. ഹെൽത്ത് സർവീസസ് ഡയറക്ടർ ഡോ. ബലരാമൻ നായർ, ആർ.സി.സി. ഡയറക്ടർ ഡോ. എം. കൃഷ്ണൻനായർ, ഡോ. മധു, ഡോ. കെ.പി. പൗലോസ്, ഡോ. നരേന്ദ്രപ്രസാദ്, ഡോ. ഇടിക്കുള, ഡോ. പി.പി. ജോസഫ്, ഡോ. പി.ഏ. തോമസ്, ഡോ. ജോയി ഫിലിപ്പ്, ഡോ. എം.എ. ഏലിക്കുട്ടി, പിന്നെ നേഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ സീഹായും എത്രയോ നേഴ്സ്മാരും ഇവരിലേറെപ്പേരും ചരമശയ്യക്കരികിലുണ്ടായിരുന്നു.

അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ നേതൃത്വത്തിൽ അനന്തരശുശ്രൂഷകളാരംഭിച്ചു. മൃതദേഹം സ്ഥാനവസ്ത്രങ്ങളണിയിച്ച്, സുവർണ്ണ അംശവടി പിടിപ്പിച്ച് സിംഹാസനത്തിലിരുന്ന വിധത്തിൽ ആംബുലൻസിലേക്കുമാറ്റുവാൻ ഏകദേശം മൂന്നുമണിക്കൂർ പവിത്രമായ ആത്മാവ് വിടപറഞ്ഞുപോയ ആ ഭൗതികശരീരം ഒരുനാൾ മരണത്തെ അതിജീവിച്ച് മഹത്വശരീരമായി മാറും എന്നു കാണികളിൽ ഉറപ്പുതോന്നുമാറ് വിശുദ്ധിയുടെ, സൗമ്യതയുടെ ഒരു പരിവേഷം ആ മുഖത്തെ വലയം ചെയ്തിരുന്നു.

അതിവേഗത്തിലാണ് ചരമവാർത്ത പട്ടണം മുഴുവൻ പരന്നത്. ആശുപത്രിയും പരിസരവും ഭക്തജനങ്ങളെക്കൊണ്ട് നിറഞ്ഞു. പോലീസ് സേന ആശുപത്രിവളപ്പിലും പട്ടം അരമനയുടെ പരിസരങ്ങളിലും ഭൗതികശരീരം കൊണ്ടുവരുന്ന രാജപാതയിലും അണിനിരന്നു കഴിഞ്ഞു. മുൻമന്ത്രിമാരായ കെ.പി. നൂറുദ്ദീനും പി.ജെ. ജോസഫും, എം.എൽ.ഏ മാരായ സി.എഫ്. തോമസ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവരും ആശുപത്രിയിലെത്തി ആദരാഞ്ജലികളർപ്പിച്ചു.

ആകാശവാണിയുടെ 6.15 ന്റെ വാർത്താബുള്ളറ്റിനും ദൂരദർശന്റെ 7.30 ന്റെ വാർത്തയും അഭിവന്ദ്യതിരുമേനിയുടെ ദേഹവിയോഗവാർത്ത നാട്ടിലും മറുനാട്ടിലുമെത്തിച്ചു. വാർത്താ സമയത്തിന്റെ നല്ലൊരുഭാഗം ഈ പുണ്യശ്ലോകന്റെ ജീവിതാവലോകനത്തിനായി അവർ മാറ്റിവച്ച് വന്ദ്യതിരുമേനിയെ ആദരിച്ചു. 6.50 ന് ഭൗതികശരീരം വഹിച്ചുകൊണ്ടുള്ള ആംബുലൻസ് ഉള്ളൂർ കേശവദാസപുരം


malankaralibrary.com

വഴി പട്ടം അരമനയിലേക്കു വന്നു. അപ്പോഴേക്കും അരമനവളപ്പ് മനുഷ്യസമുദ്രമായി മാറിക്കഴിഞ്ഞു. മൃതദേഹം ഏറ്റുവാങ്ങാനും അരമന ചാപ്പലിൽ അന്ത്യശുശ്രൂഷകളാരംഭിക്കുവാനും ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടന്നുകഴിഞ്ഞിരുന്നു. അഞ്ച് ദിവസം മുമ്പ് അരമനയുടെ പടിയിറങ്ങിപ്പോയ മാർഗ്രിഗോറിയോസ് തിരുമേനി ആത്മാവിനെ ദൈവകരങ്ങളിൽ സമർപ്പിച്ചശേഷം ഭൗതികശരീരം മാത്രമായി 7.30 ന് അരമനയിൽ വന്നുചേർന്നു. പൊട്ടിക്കരച്ചിലുകൾ ഉയരുകയും കണ്ണുകൾ നിറഞ്ഞു കവിയുകയും ചെയ്ത, വേദനയുടെ നിമിഷങ്ങളിൽ അഭിവന്ദ്യ തിരുമേനിയുടെ ശരീരം ആംബുലൻസിൽ നിന്ന് ചാപ്പലിന്റെ അൾത്താരയുടെ മുമ്പിലേക്ക് മാറ്റി. അതിനുമുമ്പു തന്നെ അരമനയിൽ എത്തിച്ചേർന്ന അഭിവന്ദ്യ മാർബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനി ചരമശുശ്രൂഷയ്ക്കു ആരംഭം കുറിച്ചു. പ്രാർത്ഥനാഗാനങ്ങൾ ചാപ്പലിൽ നിന്ന് ഉയരവേ കാത്തുനിന്ന ജനങ്ങൾക്കു ചാപ്പലിനുള്ളിൽ പ്രവേശിച്ചു മൃതദേഹം ദർശിക്കുവാൻ അവസരം നല്കി. മോൺ. തോമസ് കുമ്പുക്കാട്ട് ആവശ്യമായ നിർദേശങ്ങൾ കൊടുത്തുകൊണ്ടിരുന്നു. തിരുവനന്തപുരം രൂപതാ മെത്രാൻ അഭിവന്ദ്യ സൂസപാക്യം തിരുമേനി, അഭിവന്ദ്യ ഗീവർഗീസ് മാർ ദിയസ്കോറോസ് തിരുമേനി എന്നിവരും ശുശ്രൂഷയിൽ പങ്കുചേർന്നു. സി.എസ്.ഐ. ദക്ഷിണ കേരളാ മഹായിടവക ബിഷപ്പ് അഭിവന്ദ്യ സാമുവൽ അമൃതം തിരുമേനിയും പ്രത്യേക പ്രാർത്ഥന നടത്തി. ചാപ്പലിൽ ശുശ്രൂഷ തുടരവേ മുഖ്യമന്ത്രി കരുണാകരൻ എത്തി. നിമിഷങ്ങളോളം നീണ്ടുനിന്ന ഓർമകൾ നിറഞ്ഞ നിശ്ശബ്ദതയ്ക്കുശേഷം അദ്ദേഹം റീത്തു സമർപ്പിച്ചു വണങ്ങി. ഏറെനേരം ശോഭമാറാത്ത ആ മുഖത്തേക്കു അദ്ദേഹം നിർനിമേഷനായി നോക്കി നിന്നു. കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ, കേരള ഭക്ഷ്യമന്ത്രി ടി.എച്ച്. മുസ്തഫ, കെ.പി.സി.സി. പ്രസിഡന്റ് വയലാർ രവി, വൈസ് പ്രസിഡന്റ് ജി. കാർത്തികേയൻ, എ. സുജനപാൽ, കെ. മുരളീധരൻ എം.പി. എന്നിവരും മുഖ്യമന്ത്രിയോടൊപ്പം എത്തിയിരുന്നു.

ശുശ്രൂഷ തുടർന്നുകൊണ്ടിരുന്നു. കേരള ഗവർണർ ബി. രാച്ചയ്യ എത്തി പുഷ്പചക്രം സമർപ്പിച്ചു മടങ്ങി. ഉപരാഷ്ട്രപതി കെ.ആർ. നാരായണനുവേണ്ടി ഗവർണറുടെ എ.ഡി.സി. ഗൗതംനന്ദ പുഷ്പചക്രം സമർപ്പിച്ചു. വി.എം. സുധീരൻ എം.എൽ.എ., കെ.എസ്.യു.



malankaralibrary.com

പ്രസിഡന്റ് ജെ. ജോസഫ്, പാലോടുരവി എം.എൽ.എ., ഡോ. ജെ.വി. വിളനിലം, ഡോ. കെ.എം. ജോർജ്, ചെറിയാൻ ഫിലിപ്പ്, യൂത്ത് കോൺഗ്രസ് പ്രസിഡന്റ് കെ.സി. വേണുഗോപാൽ, റിട്ട. ഡി.ജി.പി. ഡോ. പി.ജെ. അലക്സാണ്ടർ, കെ.പി.സി.സി. ജോയിന്റ് സെക്രട്ടറി ഹിദൂർ മുഹമ്മദ്, പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദൻ, സി.പി.എം. സംസ്ഥാന സെക്രട്ടറി ഇ.കെ. നായനാർ, ബി.ജെ.പി. സംസ്ഥാന സെക്രട്ടറി കെ.ജി. മാരാർ, ജനതാദൾ നേതാവ് നീലലോഹിതദാസ് തുടങ്ങി നിരവധി പ്രശസ്ത വ്യക്തികൾ മൃതദേഹത്തിനു മുന്നിൽ ആദരാഞ്ജലികളർപ്പിക്കാനെത്തി.

രാത്രി ഒൻപതു മണിയോടുകൂടി അഭിവന്ദ്യ തിരുമേനിയുടെ മൃതദേഹം പട്ടത്തുള്ള ഭദ്രാസന ദൈവാലയത്തിലേക്കു കൊണ്ടുപോയി. മദ്ബഹായുടെ മുന്നിൽ പ്രത്യേകമായി സജ്ജീകരിച്ചിരുന്ന ശീതീകരിച്ച ചില്ലുപേടകത്തിൽ ശരീരം പൊതുദർശനത്തിനായി വച്ചു. പള്ളിയും പരിസരങ്ങളും സന്ദർശകരുടെ സൗകര്യാർത്ഥം ഉച്ചഭാഷിണി ഘടിപ്പിച്ചും വൈദ്യുതദീപങ്ങളാലും സജ്ജീകരിച്ചിരുന്നു. നൂറുകണക്കിനു ഭക്തജനങ്ങൾ രാത്രിയിൽ തന്നെ ദൈവാലത്തിലേക്കു പ്രവഹിച്ചുകൊണ്ടിരുന്നു. പ്രാർത്ഥനാഗാനങ്ങളുടെ സാന്ദ്രതയിൽ ബഹുമാനപ്പെട്ട അച്ചന്മാരുടെയും കന്യാസ്ത്രീകളുടെയും സാന്നിധ്യത്തിൽ തിങ്കളാഴ്ച രാത്രി ചൊവ്വാഴ്ചയുടെ പ്രഭാതത്തിനു വഴിമാറി.

ഒക്ടോബർ 11-നു പുറത്തിറങ്ങിയ എല്ലാ ദിനപ്പത്രങ്ങളുടെയും മുഖ്യവാർത്ത ആർച്ച്ബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസിന്റെ ദേഹവിയോഗമായിരുന്നു. മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി, ദീപിക തുടങ്ങിയവയെല്ലാം ആദ്യപേജിലെ പത്തുകോളവും ഈ മഹത്ചരമത്തിന്റെ വാർത്തയ്ക്കായി മാറ്റിവച്ചു. അത്യപൂർവമായ ------പ്രകടനമായി ഇതു ചരിത്രത്തിൽ സ്ഥലം പിടിക്കും. ഉള്ളിലെ നിരവധി പുറങ്ങൾ തിരുമേനിയുടെ ജീവിതത്തിലെ ധന്യമുഹൂർത്തങ്ങളുടെ ചിത്രങ്ങൾക്കായും ജീവിതവിവരണത്തിനായും അന്ത്യനിമിഷങ്ങളുടെ ചിത്രീകരണത്തിനായും ജീവിതത്തിലെ എല്ലാ രംഗങ്ങളിൽ നിന്നുള്ള പ്രശസ്ത വ്യക്തികളുടെ അനുസ്മരണ - അനുശോചന സന്ദേശങ്ങൾക്കായും മാറ്റിവച്ചു. ദേശീയ പ്രാധാന്യമോ, രാജ്യാന്തര പ്രശസ്തിയോ ഉള്ളവരുടെ ചരമവാർത്തകൾക്കു മാത്രം നൽകപ്പെടുന്ന പ്രാധാന്യം ഈ വലിയ ഇടയന്റെ ചരമവാർത്തകൾക്കു



malankaralibrary.com

നൽകിയതിലൂടെ ആർച്ച്ബിഷപ്പ് തിരുമേനിയുടെ അതിധന്യമായ ജീവിതത്തിൽ കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തിനുള്ളിൽ കേരളത്തിലെയും ഭാരതത്തിലെയും ജനതയ്ക്കു വേണ്ടി എന്തുചെയ്യുവാൻ കഴിഞ്ഞു എന്നും തിരുമേനി അവർക്കു ആരായിരുന്നുവെന്നും വിളംബരം ചെയ്യുന്ന ചരിത്രരേഖ സൃഷ്ടിക്കുകയായിരുന്നു. മഹാമനസ്സുകളായ മാധ്യമങ്ങളെല്ലാം മതത്തിനും ജാതിക്കും മുകളിലുയർന്നു നിൽക്കുന്ന മനുഷ്യമഹത്വം ഒരു മതിൽക്കെട്ടിനുള്ളിലും ഒതുങ്ങാത്തതാണെന്നു നാം ഒരിക്കൽകൂടി പഠിച്ചു.

ഉപരാഷ്ട്രപതി കെ.ആർ. നാരായണൻ തന്റെ ആത്മസുഹൃത്തിനെക്കുറിച്ചു പറഞ്ഞു: "ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനി ജാതിമത പരിഗണനകൾക്കുപരിയായി വളർന്ന് മതേതരത്വത്തിൽ അധിഷ്ഠിതമായ മാനവികതയുടെ മാതൃക ഉയർത്തിക്കാട്ടിയ മഹാനായിരുന്നു."

റോമിൽ സിനഡിൽ പങ്കെടുക്കുകയായിരുന്ന മേജർ ആർച്ച്ബിഷപ്പ് കർദിനാൾ ആന്റണി പടിയറയും പൊന്തിഫിക്കൽ ഡലഗേറ്റ് മാർഏബ്രഹാം കാട്ടുമനയും തിരുമേനിയുടെ ദേഹവിയോഗത്തിൽ അവർക്കുള്ള ദുഃഖം അറിയിച്ചു. മെത്രാന്മാരുടെ നേതാവും നേതാക്കന്മാരുടെ മെത്രാനുമായിരുന്നു കാലംചെയ്ത തിരുമേനിയെന്നു കർദിനാൾ പ്രസ്താവിച്ചു. ഈ ദേഹവിയോഗത്തിലൂടെ സഭയ്ക്കും സമൂഹത്തിനും ഒരു സമുന്നത നേതാവാണ് നഷ്ടപ്പെട്ടതെന്ന് സി.ബി.സി.ഐ അധ്യക്ഷനായ ചങ്ങനാശേരി ആർച്ച്ബിഷപ്പ് മാർജോസഫ് പൗവ്വത്തിൽ പ്രസ്താവിച്ചു. മതസൗഹാർദത്തിന്റെ നല്ല മാതൃകയായി ആർച്ച്ബിഷപ്പിനെ കേന്ദ്രമന്ത്രി എ.കെ. ആന്റണി വിശേഷിപ്പിച്ചു. ഒരു ദിവ്യപുരുഷന്റെ വിയോഗമാണ് ഉണ്ടായിരിക്കുന്നതെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാബാവാ പ്രസ്താവിച്ചുകൊണ്ട് ഓർത്തഡോക്സ് സഭയുടെ മുഴുവൻ അനുശോചനമറിയിച്ചു.

തികഞ്ഞ മനുഷ്യസ്നേഹിയും അതുല്യ പ്രതിഭയുമായിരുന്നു തിരുമേനി എന്ന് എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ഗോപിനാഥൻ പ്രസ്താവിച്ചു.

സി.എസ്.ഐ. ദക്ഷിണ കേരള മഹായിടവക ബിഷപ്പ് ഡോക്ടർ സാമുവൽ അമൃതം മഹായിടവകയുടെ ദുഃഖം അറിയിച്ചുകൊണ്ട്



malankaralibrary.com

മഹായിടവകയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങൾക്കും ആഫീസുകൾക്കും അവധി പ്രഖ്യാപിച്ചു. തിരുവനന്തപുരം അതിരൂപതയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും ചൊവ്വാഴ്ചയും ബുധനാഴ്ചയും അവധി പ്രഖ്യാപിച്ചിരുന്നു. ചൊവ്വാഴ്ച തിരുവനന്തപുരം ജില്ലയ്ക്കും കബറടക്കം നടന്ന ബുധനാഴ്ച സംസ്ഥാനത്തിനും സർക്കാർ അവധി നൽകി. നിരവധി പൊതുയോഗങ്ങളും കോൺഫ്രൻസുകളും ആഘോഷപരിപാടികളും കാലംചെയ്ത ആധ്യാത്മിക പിതാവിനോടുള്ള ആദരസൂചകമായി സംഘാടകർ രണ്ടുദിവസത്തേക്കു മാറ്റിവച്ചു. ഒരു ദേശീയ ദുഃഖാചരണത്തിന്റെ പ്രതീതി ഉളവാക്കുന്നതായിരുന്നു ആ ദിനങ്ങൾ.

അനുശോചന സന്ദേശങ്ങളുടെ പ്രവാഹം തുടർന്നുകൊണ്ടിരുന്നു. എല്ലാ സമുദായങ്ങളിലുമുള്ള ജനലക്ഷങ്ങളാൽ ആദരിക്കപ്പെട്ടിരുന്ന മഹാനായിരുന്നു ആർച്ച്ബിഷപ്പെന്ന് ഇ.എം.എസ് നമ്പൂതിരിപ്പാടു പ്രസ്താവിച്ചു. ശ്രീ. ഇ.കെ. നായനാർ തിരുമേനിയെ വിശേഷിപ്പിച്ചത് മനുഷ്യസ്നേഹിയായ പുരോഹിതശ്രേഷ്ഠൻ എന്നായിരുന്നു. അസാധാരണനായ ഒരു സാമൂഹികസേവകൻ എന്ന് ശ്രീ.വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദൂതനായിരുന്നു പാണക്കാട് ശിഹാബ് തങ്ങൾക്ക്. കേരളത്തിനു നികത്താനാവാത്ത നഷ്ടമാണെന്ന് എൻ.എസ്.എസ്. ജനറൽ സെക്രട്ടറി ശ്രീ.പി.കെ. നാരായണപ്പണിക്കർ പ്രസ്താവിച്ചു. സാമൂഹിക രംഗത്തു നിറഞ്ഞുനിന്ന ആധ്യാത്മിക നേതാവായിരുന്നു തിരുമേനിയെന്ന് ശ്രീ. ബേബി ജോൺ പറഞ്ഞു. സമൂഹത്തിന്റെ നന്മയായിരുന്നു ഈ മതമേലധ്യക്ഷന്റെ ലക്ഷ്യമെന്ന് വയലാർ രവി പ്രസ്താവിച്ചു.

അനുശോചനം അറിയിച്ച പ്രശസ്തരുടെ പട്ടിക ദീർഘമാണ്. ഏബ്രഹാം മാർ ക്ലീമീസ് തിരുമേനി, മാർകുര്യാക്കോസ് കുന്നശേരി തിരുമേനി, തോമസ് മാർഅത്തനാസിയോസ് തിരുമേനി, ഡോ. പീറ്റർ തുരുത്തിക്കോണം തിരുമേനി, പാലാ കെ.എം. മാത്യു എം.പി., സി.എസ്.ഐ. മധ്യകേരളാ ഇടവക ബിഷപ്പ് സാം മാത്യു തിരുമേനി, മന്ത്രി പി.പി. ജോർജ്, മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി, ശ്രീ. എം.എം. ജേക്കബ്, ശ്രീ. പി.ജെ. കുര്യൻ എം.പി., ഗീവർഗീസ് മാർദിയസ്കോറോസ് തിരുമേനി, കേന്ദ്രമന്ത്രി എസ്. കൃഷ്ണകുമാർ, മന്ത്രിമാരായ ശ്രീ. പത്മരാജൻ, ആർ. ബാലകൃഷ്ണപിള്ള, ടി.എച്ച്. മുസ്തഫ, എം.വി. രാഘവൻ, കെ.പി. വിശ്വനാഥൻ, ശ്രീ. പി.കെ.കെ. ബാവ,



malankaralibrary.com

ഇ.ടി. മുഹമ്മദ് ബഷീർ, സി.ടി. അഹമ്മദാലി, എം.ആർ. രഘുചന്ദ്ര ബാൽ, എം.ടി. പദ്മ തുടങ്ങി അനേകംപേരുടെ പേരുകൾ, സ്ഥല പരിമിതിമൂലം ഗ്രന്ഥകാരൻ വിടുകയാണ്.

ചൊവ്വാഴ്ച പുലർച്ചയ്ക്കു മുമ്പേ ആയിരക്കണക്കിനു ഭക്തജന ങ്ങൾ വാഹനങ്ങളിലും കാൽനടയായും പട്ടം ഭദ്രാസന ദൈവാലയ ത്തിലേക്കു പ്രവഹിച്ചു. ആകാശം ആകെ ദുഃഖം പേറിയ പ്രകൃതി യുടെ മുഖംപോലെ മൂടിക്കെട്ടി നിന്നു. പിന്നീടതു ഒരു പൊട്ടിക്കരച്ചി ലായി. മണിക്കൂറുകൾ നീണ്ടുനിന്ന മഴ, പ്രകൃതി അതിന്റെ ദുഃഖം മുഴുവൻ പെയ്തു തീർത്തു. തോരാത്ത മഴയിലും അവസാനിക്കാത്ത ഭക്തജനപ്രവാഹം. ചടങ്ങുകളാരംഭിച്ചു. നിരവധി ബിഷപ്പുമാർ, നൂറു കണക്കിനു വൈദികർ, പള്ളിയും പരിസരവും ജനസാന്ദ്രമായിരുന്നു. അപ്പോഴും ജനം നിശബ്ദരായി വരിയായി ദൈവാലത്തിനുള്ളിൽ കടന്ന് വന്ദ്യതിരുമേനിയുടെ ഭൗതികശരീരം കണ്ടുവണങ്ങി പൊയ്ക്കൊണ്ടിരുന്നു.

അതൊടൊപ്പം അടുത്തദിവസം നടക്കേണ്ട നഗരികാണിക്കൽ ശുശ്രൂഷയ്ക്കുള്ള ഒരുക്കങ്ങൾ നടന്നു. ഓരോ ഗവണ്മെന്റ് ഡിപ്പാർട്ടു മെന്റും സേവനസന്നദ്ധമായി മുന്നോട്ടുവന്നു. ആരും അങ്ങോട്ട് എന്തെ ങ്കിലും അപേക്ഷിക്കാതെ തന്നെ ആർച്ച്ബിഷപ്പ് ബനഡിക്ട് മാർഗ്രി ഗോറിയോസ് തിരുമേനിക്കുവേണ്ടി എന്തുസേവനം ചെയ്യുന്നതും ഒരു പദവിപോലെ കരുതിയ ഉന്നത ഗവണ്മെന്റ് ഉദ്യോഗസ്ഥർ, അവ രുടെ പ്രവർത്തനങ്ങൾക്കു ഒരു കോണിൽ നിന്നും വിമർശനമുണ്ടാ വുകയുമില്ല - കാരണം അതൊക്കെ എല്ലാവരും ഒരുപോലെ ആദരി ക്കുന്ന ഒരു മഹാത്മാവിനുവേണ്ടിയാണ്.

നഗരികാണിക്കൽ ശുശ്രൂഷയ്ക്കുവേണ്ടി ഒരു വാഹനം ഒരുക്കണം. ചെങ്ങന്നൂരിൽ നിന്നും അറിയിപ്പുവന്നു. ഞങ്ങൾ രഥം ഒരുക്കുന്നു, അതുമായി ഞങ്ങൾ അവിടെയെത്തും. അതിനുമുമ്പെതന്നെ കെ.എസ്.ആർ.ടി.സി യുടെ പാപ്പനംകോട്ടുള്ളവർക്ക് ഷോപ്പിൽ ഒരു പുതിയ ബസ് - പ്ലാറ്റ്ഫോമും - തയാറാക്കിക്കഴിഞ്ഞു. എല്ലാ ജന ങ്ങൾക്കും ഭൗതികശരീരം ഭംഗിയായി കാണത്തക്കവിധം നാലുവ ശവും തുറന്ന് മുൻവശം ഒരു ദൈവാലയത്തിന്റെ രൂപത്തിൽ നിർമിച്ച ആ വലിയ രഥത്തിൽ പതിനെട്ടു ബിഷപ്പന്മാർക്കു ഇരിക്കാനുള്ള ഇരി പ്പിടം ഒരുക്കിയിരുന്നു. ഒത്തമധ്യത്തിൽ അല്പംകൂടി ഉയർന്ന പ്ലാറ്റ്ഫോം. അതിലേക്കു കേന്ദ്രീകരിച്ച നാലു വൈദ്യുത ദീപങ്ങൾ.



malankaralibrary.com

പിൻവശത്തു നിന്നും ഉള്ളിലേക്കു കയറാനുള്ള പടവുകൾ. രഥത്തിന്റെ പണികാണാനെത്തിയ മോൺ. കുമ്പുകാട്ടച്ചനോടൊപ്പം ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിന്റെ ഉന്നതാധികാരികളും പാപ്പനംകോട് എത്തി. അൻപതിൽപ്പരം തൊഴിലാളികൾ കയ്യും മെയ്യും മറന്ന് രഥത്തിന്റെ പണിയിലേർപ്പെട്ടിരുന്ന കാഴ്ച ആരെയും കോരിത്തരിപ്പിക്കുവാൻ പോന്നതായിരുന്നു. വേഗത്തിൽ ചലിച്ചുകൊണ്ടിരുന്ന ആ കൈകൾക്കു പിന്നിലെ മനസ്സുകളിൽ നിറഞ്ഞുനിന്നിരുന്ന സ്നേഹം ആകർഷകമായിരുന്നു. എല്ലാ ഉദ്യോഗസ്ഥപ്രമുഖരും സേവനസന്നദ്ധരായി ഒരുങ്ങിനിന്നു.

തിരുവനന്തപുരം പട്ടണം ഭക്തജനങ്ങളെത്തിയ വാഹനങ്ങളെക്കൊണ്ടു നിറഞ്ഞു. പ്രകൃതിയുടെ ദുഃഖം നീണ്ടുനിന്നു. അണിമുറിയാതെ ഭക്തജനങ്ങൾ ഭദ്രാസന ദൈവാലയത്തിനുള്ളിൽ കടന്ന് പുറത്തേക്കൊഴുകി.

മാർപ്പാപ്പായുടെ ഇന്ത്യയിലെ പ്രതിനിധി പ്രൊനുൺഷ്യോ ജോർജ്ജ് സൂർ തിരുമേനി അരമനയിലും പിന്നീട് ദൈവാലത്തിലുമെത്തി. നഗരത്തിലെ സ്ഥാപനങ്ങൾക്കെല്ലാം അവധി പ്രഖ്യാപിച്ചിരുന്നതിനാൽ ജാതിമതഭേദമില്ലാതെ, പ്രായഭേദമില്ലാതെ, സഭാ തിരുവുകളില്ലാതെ, നേതാക്കളും ജനങ്ങളും അന്ത്യപ്രണാമം അർപ്പിക്കുവാൻ എത്തിച്ചേർന്നുകൊണ്ടിരുന്നു. അവിടെ അന്ത്യവിശ്രമം കൊള്ളുന്ന പിതാവിന്റെ കരങ്ങളിൽനിന്നും കരുണയുടെയും കൃപയുടെയും ദാനങ്ങൾ ഏറ്റുവാങ്ങി ജീവിതം തിരികെപ്പിടിച്ചവർ, തെരുവുകളിൽ നഷ്ടപ്പെട്ടു പോകുമായിരുന്ന ജീവിതങ്ങളെ തേടിച്ചെന്ന നല്ല ഇടയന്റെ സ്നേഹമനുഭവിച്ചവർ, സ്നേഹം ഇറ്റു നിൽക്കുന്ന കരസ്പർശം ലഭിച്ചവർ, അദ്ദേഹം സ്ഥാപിച്ച നൂറുകണക്കിനു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം ഏറ്റുവാങ്ങുന്നവർ, അവർക്കു വിദ്യപകർന്നു കൊടുക്കുന്നവർ, മംഗല്യഭാഗ്യം എന്ന സ്വപ്നത്തിനു തിരുമേനിയിലൂടെ സാഫല്യം കണ്ട നൂറുകണക്കിനു ദമ്പതികൾ, മനുഷ്യസ്നേഹത്തിന്റെ ഈ മഹാമാതൃകയെ അടുത്തും അകലെയും നോക്കിക്കണ്ട് അദ്ദേഹത്തെ അറിയാതെ സ്നേഹിച്ചു പോയവർ, ആദരിച്ചവർ, ആരാധിച്ചവർ, അദ്ദേഹത്തിന്റെ സുവിശേഷശബ്ദം ശ്രവിച്ച് ജീവിതം ധന്യമാക്കിയവർ - ആ ഭദ്രാസന ദൈവാലയത്തിൽ വന്നുപോയവർ ആരൊക്കെയായിരുന്നു? അത്ഭുതാദരങ്ങളോടെ മാത്രമേ അവരുടെയെല്ലാം ആദരപ്രകടനങ്ങളെ കണ്ടുനിൽക്കാനാവൂ.



malankaralibrary.com

ആ ഭൗതികശരീരത്തിനു മുമ്പിൽ സാഷ്ടാംഗം വീണു തേങ്ങിക്കരഞ്ഞ ചന്ദനക്കുറിക്കാരനായ മധ്യവയസ്കൻ ആരാണ്? ഞാൻ വാർത്തയറിഞ്ഞ് ബാംഗ്ലൂരിൽ നിന്നു വിമാനത്തിൽ വന്നെത്തിയതാണ്. എന്നെ അകത്തേക്കു കടത്തിവിടൂ എന്നപേക്ഷിക്കുന്ന താടിവച്ച, തൊപ്പിവച്ച ആ നന്നേ വെളുത്ത മനുഷ്യൻ ആരാണ്? ഇവിടെ കാലംചെയ്തിരിക്കുന്ന മഹാപുരുഷന്റെ സുഹൃത്തുക്കൾ ആരൊക്കെയായിരുന്നു? ആ വലിയ മനസ്സിൽ എത്ര ലക്ഷം പേർക്കുള്ള ഇടംകൊടുത്തിരുന്നു? ഒരാൾ ജീവിച്ചതെങ്ങനെയെന്ന് ആ വ്യക്തി മരിക്കുമ്പോഴാണു അറിയാൻ കഴിയുകയെന്ന് പറഞ്ഞതാരാണ്?

✝



malankaralibrary.com

## മൂന്നാം ദിവസത്തിന്റെ പ്രഭാതം

# 1994 ഒക്ടോബർ 12 ബുധൻ

നഗരം അക്ഷരാർത്ഥത്തിൽ ഭക്തജനങ്ങളെക്കൊണ്ട് നിറഞ്ഞു കഴിഞ്ഞു. ഇന്ന് ദിവംഗതനായ അഭിവന്ദ്യ ഗ്രിഗോറിയോസ് തിരുമേനി അന്ത്യയാത്രയ്ക്കൊരുങ്ങുന്ന ദിവസമാണ്, കബറടങ്ങുന്ന ദിവസമാണ്.

നഗരികാണിക്കലിനുവേണ്ടി ഒരുക്കപ്പെട്ട രഥം പാളയം സെന്റ് മേരീസ് ദൈവാലയ വാതുക്കൽ കാത്തുനിന്നു. അവിടെ നിന്നാണ് നഗരികാണിക്കൽ ശുശ്രൂഷ ആരംഭിക്കുന്നത്. ജനങ്ങളെല്ലാം ആശാൻ സ്ക്വയറിൽ കേന്ദ്രീകരിക്കണമെന്ന് നിർദേശിക്കപ്പെട്ടു. പട്ടം പള്ളിയങ്കണത്തിൽ വാഹനങ്ങൾക്കു പ്രവേശനം നിരോധിച്ചു. ജനങ്ങൾക്കു തന്നെ നിന്നു തിരിയുവാനാവാത്ത തിരക്ക്. ഭദ്രാസനപ്പള്ളിയിൽ രാവിലെ ഒൻപതിനു തന്നെ ചരമശുശ്രൂഷകളാരംഭിച്ചു. മലങ്കര മെത്രാന്മാരായ മാർ ബസേലിയോസ് തിരുമേനി, ലോറൻസ് മാർ അപ്രേം തിരുമേനി, ഗീവർഗീസ് മാർ തിമോത്തിയോസ് തിരുമേനി, ചായൽ ബിഷപ്പ് പൗലൂസ് മാർ പീലക്സീനോസ് തിരുമേനി എന്നിവർ ശുശ്രൂഷയ്ക്കു കാർമികത്വം വഹിച്ചു. ഭക്തജനങ്ങൾക്കു ശുശ്രൂഷകൾ കാണാനുള്ള സൗകര്യം പ്രമാണിച്ച് പല സ്ഥലത്തായി ക്ലോസ്ഡ് സർക്യൂട്ട് ടെലിവിഷൻ സ്ഥാപിച്ചിരുന്നു. അപ്പോഴും ആയിരക്കണക്കിനാളുകൾ അന്ത്യപ്രണാമമർപ്പിക്കുവാൻ ദൈവാലയത്തിനുള്ളിൽ പ്രവേശനത്തിനായി കാത്തുനിന്നു.

പ്രകൃതി ഈ ദിവസത്തെക്കുറിച്ചറിഞ്ഞിട്ടെന്നോണം ശാന്തയായി, മ്ലാനവദനയായി, തെളിവോടെ നിലകൊണ്ടു. ദൈവാലയത്തിനുള്ളിൽ വന്നു നിറഞ്ഞുകൊണ്ടിരുന്ന ഭക്തജനങ്ങളും വാഹനങ്ങളും പാളയത്തേക്കുപോകുവാൻ നിർദേശിച്ചുകൊണ്ട് ഉച്ചഭാഷിണി ഘടിപ്പിച്ച വാഹനങ്ങൾ പലവശത്തേക്കും നീങ്ങി. പോലീസ് സേന സേവനസ



malankaralibrary.com

ന്നദ്ധരായി പട്ടണത്തിലുടനീളം സ്വയം വിന്യസിച്ചു. ഏറ്റവും ഉയർന്ന പോലീസ് മേധാവികളും രംഗത്തെത്തി. ഉയർന്ന സൈനികോദ്യോഗസ്ഥർ റീത്തു സമർപ്പിക്കുവാനെത്തി. ഒൻപതു മണിക്ക് പട്ടം മുതൽ പാളയം വരെയുള്ള വാഹനഗതാഗതം നിറുത്തിവച്ചു. ഒരു ചരിത്രസംഭവത്തിനു സാക്ഷ്യം വഹിക്കാനെന്നവിധം നഗരം വീർപ്പടക്കി നിന്നു. 10.20 ന് ഭൗതിക ശരീരം ആംബുലൻസിൽ കയറ്റി പാളയത്തേക്കു കൊണ്ടുപോയി. നഗരികാണിക്കൽ ശുശ്രൂഷയാണിനി. പാളയം സെന്റ് മേരീസ് ദൈവാലയവും പരിസരവും ജനസമുദ്രമായി മാറി. ദൈവാലയത്തിനു മുമ്പിൽ തയാറായി നിന്ന രഥത്തിലേക്കു മൃതശരീരത്തെ മാറ്റി ഉയർന്നപീഠത്തിൽ സജ്ജമാക്കിയിരുന്ന പ്രത്യേക സംവിധാനത്തിൽ സിംഹാസനം ഉറപ്പിച്ചു പതിനെട്ട് ഇടയശ്രേഷ്ഠന്മാർ രഥത്തിൽ സജ്ജീകരിച്ചിരുന്ന ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരായി. അഭിവന്ദ്യ ആർച്ച്ബിഷപ്പ് തിരുമേനിയുടെ സഹോദരൻ ഫാദർ ഇഗ്നേഷ്യസ് സെക്രട്ടറി, ഫാ. ക്രിസ്റ്റി, ഫാ. ജോർജ് ജോൺ എന്നീ വൈദികരും രഥത്തിൽ കയറി.

രഥം പുറപ്പെടുന്നതിനു മുമ്പ് സി.പി.എം. സെക്രട്ടറി ഇ.കെ. നായനാർ രഥത്തിൽ കയറി. താനെന്നും ആദരിച്ചിരുന്ന വിശിഷ്ട വൈദികശ്രേഷ്ഠനു ആദരാഞ്ജലികളർപ്പിച്ചു. മന്ത്രി എൻ. രാമകൃഷ്ണൻ, പ്രൊഫ. കെ.വി. തോമസ് എം.പി. എന്നിവരും അന്ത്യപ്രണാമമർപ്പിച്ചു.

നഗരികാണിക്കൽ ശുശ്രൂഷ ആരംഭിച്ചു. ദിവംഗതനായ ആർച്ച്ബിഷപ്പ് തിരുമേനിയുടെ ചിത്രവും കറുത്തറിബ്ബണും ധരിച്ച നൂറുകണക്കിനു വോളന്റീയർമാർ സേവനസന്നദ്ധരായി നിന്നു. മോൺ. തോമസ് കുമ്പുക്കാട്ട്, ഫാ. സാമുവൽ കാട്ടുകല്ലിൽ, ഫാ. ജോസ് ചാമക്കാലായിൽ, പ്രൊഫ. ആന്റണി ഈപ്പൻ, പാലോടു രവി എന്നിവരോടൊപ്പം നിരവധി സുഹൃത്തുക്കൾ അവിടെ കൂടിയിരുന്ന ജനസമൂഹത്തെ ചിട്ടയോടെ അണിനിരത്താൻ കഠിനാധ്വാനം ചെയ്തു. ഏറ്റവും മുൻപിലായി പതിനഞ്ചോളം സ്വർണക്കുരിശുകളും കിരീടവും ധരിച്ച പ്രസിദേന്തിമാർ, നടന്നുനീങ്ങിയപ്പോൾ സെന്റ് മേരീസ് ദൈവാലയത്തിൽ നിന്നും വന്ദ്യസൂസൈപാക്യം തിരുമേനിയുടെ വിടനൽകൽ പ്രസംഗം ആരംഭിച്ചു. ഗദ്ഗദത്തോളം എത്തിയ തീവ്രവികാരം നിറഞ്ഞ പ്രസംഗം ശ്രോതാക്കളുടെ ഹൃദയങ്ങളെ പിടിച്ചുലച്ചു. തന്നോടൊപ്പം ആഴ്ചകൾക്കുമുമ്പ് കുരിശിന്റെ വഴി നടന്ന ശ്രേഷ്ഠനായ തന്റെ സഹപ്രവർത്തകന്, അജപാലഗുരുവിന് സൂസൈപാക്യം തിരുമേനി വിട



malankaralibrary.com

ചൊല്ലി. അപ്പോൾ വിലാപയാത്ര നീങ്ങിക്കൊണ്ടിരുന്നു. ഏകദേശം അര മണിക്കൂർ മുന്നൂറോളം മുത്തുക്കുടകളുടെ ഘോഷയാത്രയായിരുന്നു. ജീവിതത്തിൽ വിജയം കണ്ടെത്തിയ, അന്ത്യനാളിൽ മരണത്തെയും ജയിക്കുമെന്നുറപ്പുള്ള ഒരു ധീരനേതാവിന്റെ ജൈത്രയാത്രയാണോ എന്നു തോന്നുമാറ് മുത്തുക്കുടകളുടെ നിരനീണ്ടുപോയി. മനസ്സുകളെ ഇളക്കിമറിക്കുന്ന ഒരു കാഴ്ചയായിരുന്നു അത്. കന്യാസ്ത്രീ അമ്മമാരുടെ നിര, വെളിപാടു പുസ്തകത്തിലെ സ്വർഗീയദൃശ്യങ്ങൾ കാണികളിലുയർത്തി. വെള്ളങ്കി ധരിച്ച ഇവർ ആർ? വെളിപാടു പുസ്തകകർത്താവിന്റെ ചോദ്യം നമ്മുടെ നാവിന്മേലുയരുന്നു. അഞ്ചു വരികളായാണ് എല്ലാവരും നീങ്ങുന്നത് വൈദികർ നൂറുകണക്കിന് ഭക്തജനങ്ങൾ ആയിരക്കണക്കിന്. രഥം ദൈവാലയത്തിനു മുന്നിൽനിന്നു നീങ്ങിയപ്പോൾ വിലാപയാത്രയുടെ മുൻനിര പട്ടം ഭദ്രാസന ദൈവാലയത്തിലെത്തിയിരുന്നു. ചെങ്ങന്നൂരിൽ നിന്നെത്തിയ കറുപ്പും സ്വർണനൂലുകളും കൊണ്ടു പൊതിഞ്ഞ രഥത്തിൽ സിസ്റ്റർ ക്രിസ്റ്റിയും സിസ്റ്റർ ആനിയമ്മയും ശുഭ്രവസ്ത്രധാരികളായ ബാലികമാരും ഉപവിഷ്ടരായിരുന്നു. തൊട്ടുപിന്നാലെ വന്നുകൊണ്ടിരുന്ന രഥത്തിനു മുന്നിൽ പുഷ്പം വാരിവിതറി. കന്യാസ്ത്രീകളുടെ ഗായകസംഘത്തെ വഹിച്ച വാഹനങ്ങൾ അതിനുമുന്നിലായി നീങ്ങിയിരുന്നു. രഥത്തിനു തൊട്ടുപിന്നിലായി പ്രൊനുൺഷ്യോ ജോർജ് സൂർ തിരുമേനി സഞ്ചരിച്ചു. നിരവധി പ്രശസ്ത വ്യക്തികൾ രഥത്തിനു പിന്നിൽ നടന്നുനീങ്ങി. ............. വന്ദ്യതിരുമേനിയുടെ ബന്ധുക്കൾ അക്കൂട്ടത്തിലുണ്ടായിരുന്നു. തുടർന്നു ഭക്തജനങ്ങളുടെ പ്രവാഹമായിരുന്നു. റോഡു നിറഞ്ഞൊഴുകിയ ജനപ്രവാഹം, കാണികളായി വശങ്ങളിൽ കാത്തുനിന്നവർ ജനക്കൂട്ടത്തിൽ ലയിച്ചു.

അപ്പോഴും സെന്റ് മേരീസ് ദൈവാലയത്തിൽ നിന്ന് ഒരു തേങ്ങൽപോലെ ആ ശബ്ദം പുറപ്പെട്ടുകൊണ്ടിരുന്നു. "ഇടയശ്രേഷ്ഠാ സമാധാനത്തോടെ പോകുക, സമാധാനത്തോടെ പോകുക." തന്റെ സ്നേഹമന്ത്രമൊന്നുകൊണ്ടു മാത്രം സമാധാനവും ശാന്തിയും പകർന്നേകിയ തിരുവനന്തപുരം നഗരത്തിന്റെ ഹൃദ്യമായ പ്രതിഫലമെന്നോണം നഗരം ഒന്നടങ്കം അദ്ദേഹത്തിനു ശാന്തി നേർന്നു. ഇനി ഒരിക്കലും ഈ താപസൻ ഈ വഴി വരുകയില്ലെന്ന അറിവോടെ, വേദനയോടെ, നഷ്ടബോധത്തോടെ.

പാളയത്തുനിന്നാരംഭിച്ച വിലാപയാത്ര പാളയം മാർക്കറ്റിനു മുമ്പി



malankaralibrary.com

ലുള്ള അമ്പലനടയിലൂടെ, മോസ്കിനുമുന്നിലൂടെ, പാളയം സെന്റ് ജോസ്ഫ്സ് കത്തീഡ്രലിനു മുന്നിലൂടെ, ക്രൈസ്റ്റ് ചർച്ചിനു മുന്നിലൂടെ, എൽ.എം.എസ്. ജംഗ്ഷനിലെ മെറ്റിയർ മെമ്മോറിയൽ ചർച്ചിനു മുന്നിലൂടെ, മസ്കറ്റ് ജംഗ്ഷൻ വഴി പി.ജി.എം. ജംഗ്ഷനിലെത്തി, ലൂർദ് ചർച്ചിനു മുന്നിലൂടെ, പ്ലാമൂട് കടന്നു മുന്നോട്ടു നീങ്ങി. എല്ലാ ദൈവാലയങ്ങളിലും മണികൾ മുഴങ്ങി. ഇതാ, ഇടയൻ യാത്രയായി എന്ന് അവ നഗരത്തെ വിളിച്ചറിയിച്ചുകൊണ്ടിരുന്നു. രഥം ഒരു മിനിട്ടുനേരം പട്ടം അരമനയുടെ മുന്നിൽ നിന്നു. ആ അരമനയുടെ ഉടമ രഥത്തിലിരുന്നു. ഈ ഭൗമഭവനം വിട്ട് കൈപ്പണിയില്ലാത്ത നിത്യഭവനത്തിലേക്കു യാത്രയായ പിതാവിന്റെ ഭൗതികശരീരം അവസാനമായി ആ പടികടന്ന് നിത്യവിശ്രമസ്ഥലത്തേക്കു നീങ്ങി.

ആർക്കും മുന്നോട്ടു നീങ്ങാൻ കഴിയാത്ത ജനസഞ്ചയം. അരമന മുതൽ ജനങ്ങൾ മുന്നോട്ടു നീങ്ങുന്നില്ല. നീങ്ങാൻ സ്ഥലമില്ല. രഥം 12 മണിക്കു ഭദ്രാസന ദൈവാലയ വളപ്പിലെത്തി. കബറടക്കത്തിന്റെ എട്ടാമത്തേതും അവസാനത്തേതുമായ ശുശ്രൂഷ ആരംഭിച്ചു. മലങ്കര കത്തോലിക്കാസഭയുടെ നാലു മെത്രാപ്പോലീത്താമാരും ശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

ഹൃദയത്തെ മഥിക്കുന്ന രംഗങ്ങളായിരുന്നു പിന്നീട്. തന്റെ നേതൃത്വത്തിൽ പണിത, താൻ അനേകതവണ ദിവ്യബലി അർപ്പിച്ച വിശുദ്ധ ദൈവാലയത്തോടും ദൈവജനത്തോടും സഹവൈദികരോടും യാത്രപറയുന്ന കരയിപ്പിക്കുന്ന രംഗങ്ങൾ. ദൈവാലയത്തിന്റെ ഓരോ കോണിലേക്കും വി. ബലിപീഠത്തിലേക്കും വൈദികർ കരങ്ങളിലേന്തിയ ഭൗതികശരീരം വഹിച്ചുകൊണ്ടുപോകപ്പെട്ടു. എല്ലാവരോടും പേരെടുത്തു ചൊല്ലി യാത്ര ചോദിച്ചു. ഒഴുകുന്ന കണ്ണീരോടെ, നിരുദ്ധകണ്ഠരായി എല്ലാവരും യാത്രാനുമതി നൽകി: "ദൈവത്തിന്റെ പുരോഹിതാ സമാധാനത്തോടെ പോവുക." അങ്ങനെ ആ സമാധാനത്തിന്റെ പുത്രൻ യാത്രയായി.

ഒരു മതപുരോഹിതനും ഇന്നുവരെ നൽകപ്പെട്ടിട്ടില്ലാത്ത സംസ്കാരബഹുമതികൾ സർക്കാർ ഒരുക്കിയിരുന്നു. അതൊരു അപൂർവ ബഹുമതിയായി ഓർമിക്കപ്പെടും. കാരണം, ഇവിടെ ദിവംഗതനായതു കേരളജനതയുടെ ബിഷപ്പായിരുന്നു. എല്ലാ ശരീരങ്ങളും മഹത്വത്തോടെ ഉയിർത്തെഴുന്നേൽക്കുന്ന നാളിലെ കാഹളധ്വനിയെ അനുസ്മരിപ്പിച്ചുകൊണ്ട് പോലീസ് സേന ലാസ്റ്റ് പോസ്റ്റ് വായിച്ചു. തോക്കുകൾ



malankaralibrary.com

തലകീഴായി പിടിച്ച് മനുഷ്യമനസ്സുകളെ പിടിച്ചടക്കിയ ആ അപൂർവ ജേതാവിന് അവർ വണക്കം അറിയിച്ചു.

ഭദ്രാസനപ്പള്ളിയുടെ അടിയിലെ അറകളിൽ തന്റെ മുൻഗാമിയും മലങ്കരകത്തോലിക്കാസഭയുടെ സ്ഥാപകനേതാവും പുണ്യശ്ലോകനുമായ മാർഈവാനിയോസ് പിതാവിന്റെ കബറിന്റെ ഇടതുവശത്തായി അഭിവന്ദ്യ മാർഗ്രിഗോറിയോസ് തിരുമേനിയുടെ ഭൗതികശരീരം അടക്കം ചെയ്തു. ശരീരം ചരമാവരണം കൊണ്ട് മൂടി. സുവർണ അംശവടി മാറ്റി മരത്തിലുള്ളതു പകരം വച്ചു. സുവർണമോതിരവും മാറ്റി. അവ രണ്ടും അനന്തരാവകാശിക്കുള്ളതാണല്ലോ. മുന്നൂറുകിലോ കുന്തിരിക്കം കബറിൽ നിറച്ചു. അന്ത്യശുശ്രൂഷയ്ക്കായി വരാപ്പുഴ ആർച്ച്ബിഷപ്പ് ഡോക്ടർ കോർണേലിയസ് ഇലഞ്ഞിക്കൽ, ബിഷപ്പുമാരായ മാർ ജോസഫ് കുണ്ടുകുളം, ഡോ. മാക്സ്‌വെൽ നൊറോന, മാർ ജോർജ് വലിയമറ്റം, മാർ ജയിംസ് പഴയാറ്റിൽ, മാർ ജേക്കബ് മനത്തോടത്ത്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോർജ് പുന്നക്കോട്ടിൽ, ഡോ. പീറ്റർ ചേനപ്പറമ്പിൽ, ഡോ. മത്യാസ് കാപ്പിൽ, ഡോ. സൂസൈപാക്യം, ജോസഫ് മാർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മാർ കൂറിലോസ്, ബിഷപ്പ് എം.സി. മാണി എന്നീ തിരുമേനിമാർ പങ്കെടുത്തു.

നേരത്തെ ചരമശുശ്രൂഷാ മധ്യേ കർദിനാൾ ഡോ. സൈമൺ പിമന്റോ, പ്രോനുൺഷ്യോ ഡോ. ജോർജ സൂർ, മാർ കുര്യാക്കോസ് കുന്നശ്ശേരി, മാർ ബസേലിയോസ് എന്നീ തിരുമേനിമാർ പ്രസംഗിച്ചു.

കബറടക്ക ശുശ്രൂഷ അവസാനിച്ചയുടനെ മുഖ്യമന്ത്രി കെ. കരുണാകരൻ ദൈവാലയത്തിലെത്തി. തുടർന്നു ദൈവാലയത്തിനുള്ളിൽ നടന്ന അനുശോചനയോഗത്തിനു ഫാ. ജേക്കബ് കിഴക്കേടത്ത്, ഫാ. ജോസഫ് കോന്നാത്ത്, പ്രൊഫ. ആന്റണി ഈപ്പൻ എന്നിവർ സജ്ജീകരണങ്ങൾ തയാറാക്കി. ബോംബേ ആർച്ച്ബിഷപ്പ് കാർഡിനൽ സൈമൺ പിമന്റോ അധ്യക്ഷനായിരുന്നു. മുഖ്യമന്ത്രി കെ. കരുണാകരൻ, മന്ത്രിമാരായ പി.പി. ജോർജ്, കെ.എം. മാണി, ആർ. ബാലകൃഷ്ണപിള്ള, ടി.എം. ജേക്കബ്, പാളയം ഇമാം അബ്ദുൾ ഗഫാർ മൗലവി, മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ. എസ്.കെ. രാമചന്ദ്രൻ നായർ എന്നിവർ പ്രസംഗിച്ചു. തിരുവനന്തപുരം പൗരാവലിക്കുവേണ്ടി പാലോട് രവി എം.എൽ.എ. അനുശോചന പ്രമേയം അവതരിപ്പിച്ചു.



malankaralibrary.com

**1994 ഒക്ടോബർ 12. സമയം 3.45. ഒരു ചരിത്ര സംഭവത്തിനു തിരശ്ശീല വീഴുകയായി.**

തിരശ്ശീലയ്ക്കപ്പുറം നമുക്കു കാണാൻ കഴിയാത്ത, നാം കാണാൻ കാത്തിരിക്കുന്ന വെളിച്ചത്തിന്റെ നിത്യത. ആ വെളിച്ചത്തിന്റെ നാട്ടിൽ എത്തിയവരും എത്തുന്നവരും ഭാഗ്യവാന്മാർ. അവർക്കു ഇനി വിശക്കുകയില്ല, ദാഹിക്കുകയുമില്ല. വെയിലും യാതൊരു ചൂടും അവർക്കു തട്ടുകയുമില്ല. ദൈവം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണീരെല്ലാം തുടച്ചുകളയും. മനുഷ്യജന്മത്തിന്റെ അർത്ഥമെന്തെന്നു ചോദിക്കുന്നവർക്കുള്ള, സ്നേഹത്തിന്റെ വിലയെന്തെന്നു ചോദിക്കുന്നവർക്കുള്ള, സമാധാനത്തിനു പ്രസക്തിയെന്തെന്നു ചോദിക്കുന്നവർക്കുള്ള, കാരുണ്യത്തിനെന്തു ശക്തി എന്നു ചോദിക്കുന്നവർക്കുള്ള മറുപടിയായിരുന്നു ആർച്ച്ബിഷപ്പ് ബനഡിക്ട് മാർഗ്രിഗോറിയോസ് തിരുമേനിയുടെ ജീവിതം - മരണവും.

✝



malankaralibrary.com

MALANKARA
LIBRARY

malankaralibrary.com